# സഹ്യനാദം

ലക്കം 07 | ജൂലൈ 2024 | വാല്യം 21
ഇടുക്കി രൂപതാ ബുള്ളറ്റിൻ




## വി. തോമാശ്ലീഹായുടെ തിരുനാൾ | ജൂലൈ 03



2022 - 23 പ്രവർത്തനവർഷത്തിലെ കെ.സി.എസ്.എൽ സംസ്ഥാനതല
മികച്ച രൂപതയ്ക്കുള്ള ട്രോഫി ഏറ്റുവാങ്ങുന്നു.



മൈനർ സെമിനാരിയിലെ ഒന്നാം വർഷ വൈദിക
വിദ്യാർഥികൾ അഭിവന്ദ്യ പിതാവിനോടൊപ്പം




ഇടുക്കി രൂപതാ അൾത്താര ബാലസംഗമം

# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ


Volume : 21
Issue No. : 07
Month : July 2024



*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. Ponpanal Martin**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: +919061230151

*Cover designed by:*

Media commission, Idukki

*Website & e-mail*

www.idukkidiocese.org
curiaidukki@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| ദുക്റാന തിരുനാൾ – സഭാദിനം 2024 | 05 |
| യുവജനദിനം 2024 | 11 |
| നാളാഗമം | 17 |
| BISHOP'S ENGAGEMENTS | 20 |
| കച്ചേരി വാർത്തകൾ | 21 |
| സാന്താ മരിയ അരുണാചൽ മിഷൻ | 24 |
| മൈനർ സെമിനാരി | 27 |
| സന്ന്യസ്തർ | 28 |
| ക്രിസ്തുജ്യോതി | 33 |
| വിദ്യാഭ്യാസം | 38 |
| പാവനാത്മാ കോളേജ് | 39 |
| മാർ സ്ലീവാ കോളേജ് | 41 |
| സാമൂഹ്യസേവനം | 43 |
| കെ.സി.എസ്.എൽ. | 46 |
| തിരുബാലസഖ്യം | 47 |
| ചെറുപുഷ്പ മിഷൻലീഗ് | 49 |
| കെ.സി.വൈ.എം. | 53 |
| ജീസസ് യൂത്ത് | 55 |
| മാതൃവേദി | 56 |
| പ്രാർത്ഥനാ ഗ്രൂപ്പ് | 62 |
| കത്തോലിക്കാ കോൺഗ്രസ് | 64 |
| ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ് | 67 |
| ആത്മജ്യോതി | 68 |
| കരുണ ആനിമേഷൻ സെന്റർ | 68 |
| പ്രവാസി അപ്പോസ്തലേറ്റ് | 69 |
| വാർത്തകളും വിശേഷങ്ങളും | 70 |


"Let us continue to pray for peace. May the Holy Spirit enlighten the minds of leaders and instill in them wisdom and a sense of responsibility, so they may avoid any action or word that fuels conflict. May they instead work decisively for a peaceful resolution of conflicts."

*Pope Francis, Tweet, 23-06-2024*

# ഓർമ്മിക്കാൻ

## ജൂലൈ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 03 | : | മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാന തിരുനാൾ |
| | : | സഭാദിനം |
| 07 | : | കൈത്താക്കാലം ആരംഭിക്കുന്നു, |
| | : | പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ |
| 07-12 | : | വൈദികരുടെ വാർഷിക ധ്യാനം (1-ാം ബാച്ച്) |
| 11 | : | വി. ബെനഡിക്ട്. |
| 13 | : | CML രൂപതാ വാർഷികം, കൗൺസിൽ (രാജാക്കാട്) |
| | : | AKCC രൂപതാ വാർഷികം (വാഴത്തോപ്പ്) |
| 14-19 | : | വൈദികരുടെ വാർഷിക ധ്യാനം (2-ാം ബാച്ച്) |
| 15 | : | വി. കുര്യാക്കോസും വി. ജൂലിറ്റായും |
| 16 | : | കർമ്മലമാതാവ് |
| 16 | : | എയ്ഞ്ചൽസ് മീറ്റ് (വാഴത്തോപ്പ്) |
| 22 | : | വി. മഗ്ദലേന മറിയം |
| 25 | : | വി. യാക്കോബ് ശ്ലീഹ |
| 26 | : | വി. യോവാക്കിമും വി. അന്നായും |
| 28 | : | മുത്തശ്ശീമുത്തച്ഛന്മാരുടെയും വയോധികരുടെയും ദിനം |
| | : | വി. അൽഫോൻസ |
| 29 | : | വി. മർത്താ |
| 31 | : | വി. ഇഗ്നേഷ്യസ് ലൊയോള |

## ഇടയലേഖനം

# ദുക്റാന തിരുനാൾ – സഭാദിനം 2024

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!**

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ നിറഞ്ഞു നില്ക്കുന്ന ദുക്റാന തിരുനാളിനോടനുബന്ധിച്ചു നിങ്ങളെല്ലാവരെയും ഈ ഇടയലേഖനത്തിലൂടെ അഭിസംബോധന ചെയ്യാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. വർഷങ്ങളായി നമ്മൾ ഈ ദിവസം സീറോ മലബാർ സഭാദിനമായി ആചരിച്ചുവരികയാണ്. ഉത്ഥിതനായ നമ്മുടെ കർത്താവിന്റെ തിരുവിലാവിലെ മുറിവിന്റെ ദർശനത്തിൽ നിന്നു മാർ തോമാശ്ലീഹാ നടത്തിയ 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്ന വിശ്വാസ പ്രഖ്യാപനം അപ്പസ്തോലന്റെ സുവിശേഷ പ്രഘോഷണമായി മാറിയതിലൂടെ രൂപം കൊണ്ടതാണ് നമ്മുടെ സഭ. ദുക്റാന തിരുനാൾ ദിവസം വിശ്വാസത്തിൽ നമ്മുടെ പിതാവായ തോമാശ്ലീഹായെ അനുസ്മരിക്കുക മാത്രമല്ല, അപ്പസ്തോലന്റെ ചുടുനിണത്തിൽ ഹൃദയം കൊണ്ടു തൊട്ട് ഈശോയിലുള്ള നമ്മുടെ വിശ്വാസം ഏറ്റുപറഞ്ഞ് അരക്കിട്ടുറപ്പിക്കുന്ന വൈകാരികമായ വിശ്വാസാനുഭവങ്ങളുടെ ദിവസം കൂടിയാണിത്. തോമാശ്ലീഹായിലൂടെ സുവിശേഷത്തിന്റെ വെളിച്ചവും സന്തോഷവും ധൈര്യവും നമുക്കു നല്കിയ ദൈവപരിപാലനയ്ക്ക് ഈ തിരുനാൾ ദിവസം നമുക്കു പ്രത്യേകം നന്ദിപറയാം.

സീറോ മലബാർ സഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി ഉത്തരവാദിത്വമേറ്റെടുത്തതിനുശേഷം എന്റെ മുൻഗാമികൾ ചെയ്തതുപോലെ സാർവത്രിക സഭയുടെ തലവനായ പരിശുദ്ധ മാർപാപ്പയോട് ആദരവും വിധേയത്വവും പ്രകടിപ്പിക്കാൻ 2024 മെയ്

മാസം ഞാൻ റോമിൽ പോയിരുന്നു. പെർമനന്റ് സിനഡ് അംഗങ്ങളോടും സഭയുടെ കൂരിയാ ബിഷപ്പിനോടും റോമിലെ പ്രൊക്യുറേറ്ററിനോടും കൂടെ മെയ് 13-ാം തീയതിയാണ് ഫ്രാൻസീസ് മാർപാപ്പയെ സന്ദർശിച്ചത്. വലിയ സന്തോഷത്തോടും സ്നേഹത്തോടും കൂടെ ഞങ്ങളെ സ്വീകരിച്ച പരിശുദ്ധ പിതാവ് ഞങ്ങളെ കണ്ടപ്പോഴും തുടർന്നു റോമിലെ സീറോ മലബാർ സഭാംഗങ്ങളുടെ പ്രതിനിധികളെ അഭിസംബോധന ചെയ്തു നടത്തിയ പ്രസംഗത്തിലും സീറോ മലബാർ സഭയെക്കുറിച്ചു പറഞ്ഞ നല്ല കാര്യങ്ങൾ നമുക്കുള്ള അംഗീകാരവും പ്രോത്സാഹനവുമായിരുന്നു. നമ്മുടെ സഭയോടുള്ള പരിശുദ്ധ പിതാവിന്റെ കരുതലിനും വാത്സല്യത്തിനും നന്ദി പറയുന്നതോടൊപ്പം പരിശുദ്ധ പിതാവിന്റെ ആരോഗ്യത്തിനു വേണ്ടിയും എല്ലാ നിയോഗങ്ങൾക്കു വേണ്ടിയും പ്രാർഥിക്കാനും എല്ലാവരോടും ആഹ്വാനം ചെയ്യുന്നു.

പ്രിയപ്പെട്ടവരേ, പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ വത്തിക്കാൻ പാലസിലെ കൺസിസ്റ്ററി ഹാളിൽ മെയ് 13-ാം തീയതി നടത്തിയ പ്രസംഗത്തിലെ ചില കാര്യങ്ങൾ ദുക്റാന തിരുനാളിന്റെയും സഭാദിനാഘോഷങ്ങളുടെയും പശ്ചാത്തലത്തിൽ വിചിന്തന വിഷയമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്നാമതായി, നമ്മുടെ സഭയുടെ അപ്പസ്തോലിക പാരമ്പര്യത്തെക്കുറിച്ചു നാം അവബോധമുള്ളവരും അതിൽ അഭിമാനിക്കുന്നവരുമാകണം. മാർപാപ്പ ഇപ്രകാരം പറഞ്ഞു: “ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വ സാക്ഷ്യത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ അതിപുരാതനമാണു നിങ്ങളുടെ വിശ്വാസത്തിന്റെ ഉത്ഭവം. നിങ്ങളെല്ലാവരും അദ്ദേഹത്തിന്റെ അപ്പസ്തോലിക പ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമാണ്’’. നമ്മുടെ സഭയുടെ ദീർഘവും ദുഷ്കരവുമായ ചരിത്രത്തിൽ നേരിടേണ്ടിവന്ന എല്ലാ പ്രതികൂല സാഹചര്യങ്ങളിലും പത്രോസിന്റെ പിൻഗാമിയോടു നമ്മൾ ഏറ്റവും അചഞ്ചലമായ കൂറുപുലർത്തിയിട്ടുണ്ട് എന്നു ഫ്രാൻസിസ് മാർപാപ്പ പറഞ്ഞതു കത്തോലിക്കാ സഭയുടെ കൂട്ടായ്മയിൽ എന്നും നിലനിന്ന നമ്മുടെ ത്യാഗപൂർണമായ വിശ്വസ്തതയ്ക്കുള്ള അംഗീകാരമായി കണക്കാക്കാം.

നമ്മുടെ പൂർവപിതാക്കന്മാർ കടന്നു പോയ എല്ലാ സഹന ങ്ങളിലും സഭാസംവിധാനങ്ങളോടു ചേർന്നുനിന്ന് അനുസരിച്ചതു കൊണ്ടാണ് പൗരസ്ത്യ സഭകളുടെയിടയിൽ സീറോ മലബാർ സഭ ഇന്ന് എണ്ണത്തിലും വിശ്വാസ തീഷ്ണതയിലും പ്രേഷിത പ്രവർത്ത നത്തിലും പ്രശംസിക്കപ്പെടുന്ന വിധത്തിൽ വളർച്ച പ്രാപിച്ചത്. അനൈക്യവും അനുസരണക്കേടും വിതച്ച വലിയ വിപത്തുകളെ നേരിട്ടവരും അതിന്റെ തിക്തഫലങ്ങൾ കണ്ടുകൊണ്ടിരിക്കുന്നവരു മാണു നമ്മൾ. സഭാധികാരികളോടുള്ള അനുസരണം കത്തോലി ക്കർ ജീവിക്കേണ്ട ഒരു പുണ്യമാണ്. അതോടൊപ്പം, നൈയാമികമാ യി പറഞ്ഞാൽ ഒരു സഭയെന്ന വിധത്തിൽ അനുസരിക്കാൻ നമ്മൾ കടപ്പെട്ടവരുമാണ്. കഴിഞ്ഞ രണ്ടായിരത്തിലധികം വർഷങ്ങളിലൂടെ പ്രതിസന്ധികൾക്കിടയിലും ഇടമുറിയാത്ത അപ്പസ്തോലിക പാരമ്പ ര്യത്തിൽ നമ്മെ നയിച്ച ദൈവത്തിനു നന്ദി പറയാം. ഈ അപ്പസ്തോ ലിക പാരമ്പര്യം ഒരു വലിയ നിധിപോലെ സൂക്ഷിക്കുകയും തലമു റകൾക്കു കൈമാറുകയും ചെയ്യേണ്ടതാണെന്ന ഉത്തരവാദിത്വം നമുക്കു മറക്കാതിരിക്കാം.

രണ്ടാമതായി, നമ്മുടെ സഭയുടെ ആഗോളസാന്നിധ്യവും പ്രേഷിത പ്രവർത്തനങ്ങളുമാണു നമ്മൾ ചിന്തിക്കുന്നത്. പരിശുദ്ധ പിതാവ് ഇങ്ങനെ പറഞ്ഞു: "നിങ്ങളുടെ പ്രിയ സഭയുടെ വിശ്വാസി കൾ ഇന്ത്യയിൽ മാത്രമല്ല, ലോകത്താകമാനം വിശ്വാസത്തിന്റെയും ഭക്തിയുടെയും തീക്ഷ്ണതയാൽ അറിയപ്പെടുന്നവരാണ്". ഇരുപതാം നൂറ്റാണ്ടുവരെ പ്രധാനമായും കേരളത്തിൽ ഒതുങ്ങിയ നമ്മുടെ സഭ ഇന്ന് ആഗോളസാന്നിധ്യമുള്ള ഒരു സഭയായി വളർന്നുവെന്നത് അഭി മാനകരം തന്നെ. കഴിഞ്ഞ കാലങ്ങളിൽ വിവിധ ദേശങ്ങളിലേക്കു കടന്നുചെന്ന സഭാമക്കൾ നമ്മുടെ കർത്താവിലുള്ള വിശ്വാസം അഭം ഗുരം കാത്തുസൂക്ഷിക്കാനും അവരായിരിക്കുന്ന ദേശങ്ങളിൽ തീക്ഷ്ണതയോടെ ജീവിക്കാനും കലർപ്പില്ലാതെ തലമുറകൾക്കു കൈ മാറാനും കാണിക്കുന്ന പ്രതിബദ്ധത പ്രശംസനീയമാണ്. ആഗോള കുടിയേറ്റത്തിന്റെ ഈ കാലഘട്ടത്തിൽ ഈ പ്രേഷിതവേല തുടരാൻ പ്രവാസികൾ തുടർന്നും പ്രതിബദ്ധരാകണം.

ഭാരതം മുഴുവനിലും ലോകത്തിന്റെ പല ഭൂഖണ്ഡങ്ങളിലും സീറോ മലബാർ സഭയ്ക്ക് ആവശ്യമായ സഭാസംവിധാനങ്ങൾ രൂപപ്പെടുത്താൻ ചരിത്രപരമായ തീരുമാനങ്ങളെടുത്ത ഫ്രാൻസിസ്

മാർപാപ്പ ഗൾഫ് രാജ്യങ്ങളിൽ നമ്മുടെ സഭയ്ക്ക് അജപാലന ശുശ്രൂഷ ചെയ്യുന്നതിനുള്ള അനുവാദം വാക്കാൽ നല്കിയത് ഇത്തരുണത്തിൽ നന്ദിയോടെ അനുസ്മരിക്കുന്നു. ഗൾഫ് രാജ്യങ്ങളിലെ അഞ്ചു ലക്ഷത്തിലധികം വരുന്ന വിശ്വാസികൾക്ക് ആവശ്യമായ സഭാ സംവിധാനങ്ങൾ കാലതാമസം കൂടാതെ രൂപപ്പെടുമെന്നു നമുക്കു പ്രത്യാശിക്കാം.

ആഗോള കുടിയേറ്റത്തിന്റെ പശ്ചാത്തലത്തിൽ പഠനത്തിനും ജോലിക്കും മെച്ചമായ ജീവിത സൗകര്യങ്ങൾക്കും വേണ്ടി നമ്മുടെ മക്കളും കുടുംബങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു കടന്നു ചെല്ലുമ്പോൾ നമ്മുടെ സഭയുടെ തനതായ പൈതൃകം കാത്തു സൂക്ഷിക്കാൻ ആഗോളസഭയുടെ തലവൻ ആഹ്വാനം ചെയ്യുന്നത് ഇപ്രകാരമാണ്: "മഹത്തായ ആരാധനാപരവും ആത്മീയവും സാംസ്കാരികവുമായ നിങ്ങളുടെ പൈതൃകം എന്നും ഏറെ തിളക്കത്തോടെ പ്രകാശിതമാകുന്നതിനുവേണ്ടി, നിങ്ങൾ എവിടെയായാലും നിങ്ങളുടെ സ്വയം ഭരണാവകാശമുള്ള സഭയോടു ചേർന്നു നില്ക്കാൻ സീറോ മലബാർ കത്തോലിക്കാ സഭാംഗങ്ങളായ നിങ്ങളെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു''. ഈ ആഹ്വാനം സ്വീകരിച്ചുകൊണ്ടു നമ്മുടെ സഭയുടെ ആരാധനാക്രമവും വിശ്വാസ പാരമ്പര്യങ്ങളും മുറുകെപ്പിടിക്കാനും അഭിമാനത്തോടെ അതു ജീവിക്കാനും എല്ലാവരും പരിശ്രമിക്കണമെന്നും സഭാമക്കളെ സഭാ സംവിധാനത്തോടു ചേർത്തു നിറുത്താൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ സീറോ മലബാർ സഭാമക്കളെന്ന നിലയിലുള്ള സ്വത്വബോധത്തിൽ ആഴപ്പെട്ടു വളരാൻ ചില സങ്കുചിതചിന്തകൾ വെടിയേണ്ടിവരും. സഭ വളരുന്നതു പ്രാദേശികമായിട്ടാണെന്നത് യാഥാർഥ്യമാണ്. എന്നാൽ, ആഗോള തലത്തിൽ ഒരു കരുത്തുറ്റ സഭയായി സീറോ മലബാർ സഭ ഇനിയും വളരാൻ വിശാലമായി ചിന്തിക്കുകയും നിലപാടുകൾ എടുക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

മൂന്നാമതായി, നമ്മുടെ കുടുംബങ്ങളുടെ കെട്ടുറപ്പിനെയും വിശ്വാസ പരിശീലനത്തിലെ പ്രതിബദ്ധതയെയും കുറിച്ച് എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ സഭയുടെ ഏറ്റവും വലിയ സമ്പത്ത് നമ്മുടെ കുടുംബങ്ങളാണ്. ആത്മീയതയിലും അദ്ധ്വാനത്തിലും അടിസ്ഥാനമിട്ട് നമ്മുടെ കുടുംബങ്ങൾ കൂടിചേരുന്നതാണ്

സഭയാകുന്ന വലിയ കുടുംബം. കുടുംബങ്ങളിലാരംഭിക്കുന്ന വിശ്വാസപരിശീലനം ഇടവകകളിലെ മതബോധന ക്ലാസ്സുകളിലൂടെയും കുടുംബ കൂട്ടായ്മകളിലൂടെയും സംഘടനാ പ്രവർത്തനങ്ങളിലൂടെയും ശക്തിപ്പെടേണ്ടതുണ്ട്. കാലത്തിന്റെയും സംസ്കാരത്തിന്റെയും പ്രലോഭനങ്ങളിൽ വീണു പോകാത്ത വിധത്തിൽ വിശ്വാസമാകുന്ന പാറമേൽ അടിസ്ഥാനമിടാൻ പുതിയ തലമുറയിലെ കുടുംബങ്ങളെ ശക്തിപ്പെടുത്തണം. ഈശോ നാഥനും ഏക രക്ഷകനുമാണെന്നു ജീവിതത്തിലൂടെ പ്രഘോഷിക്കാൻ വ്യക്തികൾക്കും കുടുംബങ്ങൾക്കും അതുവഴി സഭ മുഴുവനും ഏതു സാഹചര്യത്തിലും സാധിക്കേണ്ടതുണ്ട്.

ദൈവം നമ്മുടെ സഭയിൽ ധാരാളം വൈദിക സമർപ്പിത ദൈവവിളികൾ നല്കി അനുഗ്രഹിച്ചിട്ടുണ്ട്. നമ്മുടെ വൈദികരും സമർപ്പിതരും ലോകമെമ്പാടും ഫലപ്രദമായ ശുശ്രൂഷ ചെയ്യുന്നുമുണ്ട്. സുവിശേഷ പ്രഘോഷണദൗത്യം പ്രത്യേകമായ വിധത്തിൽ സ്വീകരിച്ചു വിവിധ മേഖലകളിൽ ശുശ്രൂഷ ചെയ്യുന്ന അല്മായ സഹോദരങ്ങളെയും ഈയവസരത്തിൽ പ്രത്യേകം ഓർക്കുന്നു. ഈ ദൈവവിളികളെയെല്ലാം പ്രോത്സാഹിപ്പിക്കാനും കഴിയുന്ന വിധത്തിലെല്ലാം സഹായിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും നമുക്കു പ്രത്യേകമായി പരിശ്രമിക്കാം. അതുപോലെ യുവജനങ്ങളെ പ്രത്യേകം ശ്രവിക്കാനും അവരുടെ കൂടെ നടക്കാനും ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാനും ആവശ്യമായ മാർഗനിർദേശങ്ങൾ നല്കാനും അജപാലകർ പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കണം. യുവജനങ്ങളുടെ വിശ്വാസ ജീവിതത്തിന്റെ ആഴപ്പെടലും സാക്ഷ്യത്തിന്റെ ശക്തിയുമാണു സഭയുടെ ഭാവിയെന്നതു യുവജനങ്ങളും സഭാശുശ്രൂഷകരും ഒരു പോലെ ഓർമിക്കേണ്ടതാണ്.

ഈശോയിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ സ്നേഹമാർന്ന പരിപാലന എന്നും നമ്മോടൊപ്പമുണ്ട്. പരിശുദ്ധ പിതാവിന്റെ വാക്കുകൾ ഞാൻ ആവർത്തിക്കട്ടെ: "ബുദ്ധിമുട്ടുകളുടെയും പ്രതിസന്ധികളുടെയും സമയങ്ങളിൽ നിരുത്സാഹമോ നിസഹായതാബോധമോ നിങ്ങളെ കീഴ്പ്പെടുത്താൻ അനുവദിക്കരുതെന്ന് എല്ലാവരോടും പറയാൻ ഞാൻ ആഗ്രഹിക്കുന്നു''. അതിനാൽ, കത്തോലിക്കാ സഭയുടെ കൂട്ടായ്മയിൽ അഭിമാനത്തോടെ വ്യാപരിച്ചുകൊണ്ട്, അപ്പസ്തോലിക പ്രബോധനങ്ങളുടെ

സൂക്ഷിപ്പുകാരും അവകാശികളുമായ നമുക്കു നമ്മുടെ സഭയുടെ മഹത്തായ പൈതൃകം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏറെ തിളക്കത്തോടെ പ്രകാശിപ്പിക്കുന്നതിനു വേണ്ടി പ്രത്യേകം പരിശ്രമിക്കാം. നമ്മുടെ കുടുംബങ്ങളെ ശക്തിപ്പെടുത്തിയും വിശ്വാസ പരിശീലന സംരംഭങ്ങൾ ഹൃദയത്തിൽ ഏറ്റെടുത്തും ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും യുവജനങ്ങളെ ചേർത്തു പിടിച്ചും ഈ കാലഘട്ടത്തിന്റെ ദുർഘടമായ വഴികളിലൂടെ സ്വർഗോന്മുഖരായി നമുക്കു യാത്ര തുടരാം.

ദുക്റാന തിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യാകാമറിയത്തിന്റെയും മാർ യൗസേപ്പു പിതാവിന്റെയും മാർതോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ട് ജൂൺ മാസം 22-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**

NB: ഈ ഇടയലേഖനം 2024 ജൂൺ 30-ാം തീയതി ഞായറാഴ്ച സീറോ മലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും, സ്ഥാപനങ്ങളിലും, സമർപ്പിത ഭവനങ്ങളിലും, പരിശീലന കേന്ദ്രങ്ങളിലും, മേജർ സെമിനാരികളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

# യുവജനദിനം 2024

## ജൂലൈ 7, ഞായർ

### കെ.സി.ബി.സി. യുവജന കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയ സഹോദരളെ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിന്ന് നിങ്ങൾക്ക് കൃപയും സമാധാനവും!

കേരളസഭ2024 യുവജനവർഷമായി ആചരിക്കുമ്പോൾ എല്ലാവർക്കും ഈ വർഷത്തെ യുവജനദിനത്തിന്റെ പ്രാർത്ഥനാശംസകൾ ഏറ്റവും സ്നേഹത്തോടെ നേരുന്നു. 'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' എന്ന ആപ്തവാക്യത്തെ അടിസ്ഥാനപ്പെടുത്തി ജനുവരി 7 ന് തുടക്കം കുറിച്ച യുവജനവർഷത്തിൽ കേരളത്തിലെ 32 രൂപതകളും സജീവമായി പങ്കുചേരുന്നതിൽ ഏവരെയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

കേരള സഭയിലെ യുവജന പ്രസ്ഥാനങ്ങളായ കെ.സി.വൈ.എം, ജീസസ് യൂത്ത്, സി.എൽ.സി, ഐക്കഫ്, ബോസ്കോ യൂത്ത്, യൂക്കരിസ്ത്യ, ഇദെന്തെ തുടങ്ങിയവയുടെ നേതാക്കൾക്കും എല്ലാ പ്രവർത്തകർക്കും അവരെ സഹഗമിക്കുന്നഎല്ലാ ഡയറക്ടർമാർക്കും ആനിമേറ്റർമാർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. പിതാവായ ദൈവത്തിന്റെകരുണയും പുത്രനായ യേശുക്രിസ്തുവിന്റെ തീക്ഷ്ണതയും പരിശുദ്ധാത്മാവിന്റെ അഭിഷേകവും നിറഞ്ഞു നിൽക്കുന്ന പ്രവർത്തനങ്ങൾ സഭയിൽ നിരന്തരം ചെയ്തുകൊണ്ടിരിക്കുന്നയുവജനസഭയ്ക്ക് പുത്തനുണർവ് പ്രദാനം ചെയ്യാൻ യുവജനവർഷ പ്രഖ്യാപനത്തിന് സാധിച്ചു എന്നതിൽ കേരള മെത്രാൻ സമിതിക്കു ചാരിതാർത്ഥ്യം ഉണ്ട്.

### ക്രിസ്തുവുമായുള്ള സൗഹൃദം

'നമ്മുടെ രക്ഷകനായ ക്രിസ്തു' എന്ന യുവാവായ ദൈവവുമായുള്ളസൗഹൃദമാണ് യുവജന ആത്മീയത എന്നു കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻഫ്രാൻസിസ് പാപ്പ 'ക്രിസ്തു ജീവിക്കുന്നു' എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നു. സഭയ്ക്കുള്ളിലെ നമ്മുടെ യുവാക്കളുടെ ഇടപഴകലും ആത്മീയ പോഷണവും ദൈവമനുഷ്യ സൗഹൃദം നിറഞ്ഞതാവണം. നമ്മുടെ യുവജനങ്ങൾ കേവലം സഭയുടെ ഭാവി മാത്രമല്ല; അവർ അതിന്റെ വർത്തമാനകാലത്തിന്റെ ഒരു സുപ്രധാന ഭാഗമാണ്. അതിനാൽ അവരുടെ ആവശ്യങ്ങൾ, അഭിലാഷങ്ങൾ, അതുല്യമായ ആത്മീയ യാത്രകൾ എന്നിവയുമായി പ്രതിധ്വനിക്കുന്നതും പരിപാലിക്കുന്നതും ഇത്തരുണത്തിൽ അനിവാര്യമാണ്. ധനികനായ യുവാവ് യേശുവിനെ സമീപിച്ച് നിത്യരക്ഷക്കുള്ള മാർഗമന്വേഷിച്ചപ്പോൾ അവനുമായുള്ള സൗഹൃദം സ്ഥാപിക്കാൻ യേശു ശ്രമിക്കുന്നുണ്ട് (മത്താ 19, 16). എന്നാൽ അവനാകട്ടെ ക്രിസ്തുവെന്ന സ്വത്തിനേക്കാൾ മറ്റു പലതിനും വേണ്ടി ഏറ്റവും അമൂല്യമായ സൗഹൃദം തന്നെ വേണ്ടെന്നു വച്ചു. അവസാനം വിഷാദവാനായി തിരികെ പോയി (19, 22) ഇത് യുവജനതയ്ക്ക് ഒരു പാഠമാണ്. യേശു ക്രിസ്തുവെന്ന ഏറ്റവും മൂല്യമേറിയ സുഹൃത്തിനെ കണ്ടെത്താൻ യൗവനത്തിലെ സാധിച്ചാൽ ജീവിതം ആനന്ദപ്രദമാക്കും. അതിന് സഭയിൽ നടക്കുന്ന രക്ഷാകരമായ ആത്മീയ കൂദാശകളിലുള്ള സജീവ പങ്കാളിത്തവും കാരുണ്യ പ്രവർത്തികളും സാമൂഹിക സാംസ്കാരിക ഇടപെടലുകളും വിപ്ലവകരമായ മാറ്റങ്ങൾക്കായുള്ള തീക്ഷ്ണത നിറഞ്ഞ നിലപാടുകളും യുവജനങ്ങൾക്ക് ഉൾപ്രേരകങ്ങൾ ആകണമെന്ന് സഭ ആഗ്രഹിക്കുന്നു. അത് ഈ യുവജന വർഷത്തിൽ കൂടുതൽ തെളിവായി വരട്ടെ എന്നു ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

### യുവജന സൗഹൃദ സഭ

ഈ യുവജനവർഷത്തിൽ നാം ആത്മവിമർശനത്തോടെ ചോദിക്കേണ്ടത് നമ്മുടെ സഭ, ദൈവാലയങ്ങൾ, സഭാസ്ഥാപനങ്ങൾ ഇവയൊക്കെയും യുവജന സൗഹൃദപരമാണോ എന്നാണ്. സഭയേയും സഭസംവിധാനങ്ങളെയും യുവജന സൗഹൃദപരമാക്കാൻ സാധിച്ചാൽ ഈ യുവജനവർഷാചരണം സഭാ നവീകരണത്തിന്

പുതിയ മാനം നല്കും എന്നതിൽ ഒരു സംശയവുമില്ല. നമ്മുടെ ദൈവാലയങ്ങൾ യുവാക്കളെ സ്വാഗതം ചെയ്യുകയും പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഒരു യുവജനസൗഹൃദ സഭാ പ്രോട്ടോകോൾ (Youth Friendly Church Protocole - YFCP) ഉണ്ടാവുന്നത് അഭികാമ്യം ആണെന്നു തോന്നുന്നു. അതിനായുള്ള ചില പ്രായോഗിക മാർഗനിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

### സഭയുടെ ആരാധനാ ജീവിതത്തിൽ യുവജന പങ്കാളിത്തം

യുവാക്കളുടെ വിശാലമായ ശ്രേണിയെ ആകർഷിക്കാൻ പരമ്പരാഗത ആരാധനക്രമങ്ങൾക്കൊപ്പം സമകാലീന ആരാധന രീതികൾ ഉൾപ്പെടുത്തുക. വായനകൾ, സംഗീതം, മറ്റ് ആരാധനാപരമായ റോളുകൾ എന്നിവയിലൂടെ സേവനങ്ങളിൽ യുവജന പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.

### യുവജന നേതൃത്വവും പങ്കാളിത്തവും

സഭാ തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ യുവജനങ്ങൾക്ക് ശബ്ദം നൽകുന്നതിന് യുവജന കൗൺസിലുകളോ ഉപദേശ സമിതികളോ സ്ഥാപിക്കുക. സഭയിലും സമൂഹത്തിലും വിവിധ റോളുകൾക്കായി യുവാക്കളെ സജ്ജരാക്കുന്നതിന് നേതൃത്വ പരിശീലന പരിപാടികൾ വാഗ്ദാനം ചെയ്യുക. പള്ളികളിലെ പാസ്റ്ററൽ കൗൺസിൽ, പ്ലാനിംഗ് കമ്മിറ്റി, ഫിനാൻസ് കമ്മിറ്റി തുടങ്ങിയവയിൽ യുവജന പ്രാതിനിധ്യം ഉറപ്പാക്കുക.

### യുവജന വിശ്വാസ പരിശീലനം

യുവജന കാറ്റിക്കിസം ആകർഷകവും നിർബന്ധവും ആക്കുക, മൾട്ടിമീഡിയയും ഇന്ററാക്ടീവ് സമീപനങ്ങളും ഉപയോഗിച്ച് പ്രസക്തവും ആകർഷകവുമായ കാറ്റക്കെറ്റിക്കൽ പ്രോഗ്രാമുകൾ വികസിപ്പിക്കുക. വിശ്വാസത്തിന്റെ ആഴത്തിലുള്ള പര്യവേക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് ചെറിയ ഗ്രൂപ്പ് ചർച്ചകളും സമപ്രായക്കാരുടെ നേതൃത്വത്തിൽ ബൈബിൾ, യൂക്യാറ്റ്, ഡോക്യാറ്റ് പഠന ശിബിരങ്ങൾ സംഘടിപ്പിക്കുക.

### സുരക്ഷിതവും സ്വാഗതാർഹവുമായ അന്തരീക്ഷം

എല്ലാ യുവാക്കളുടെയും ക്ഷേമം സംരക്ഷിക്കുന്നതിന് സമഗ്രമായ സുരക്ഷാ നയങ്ങൾ നടപ്പിലാക്കുക. സാമുഹികവൽക്കരണത്തിനും അനൗപചാരിക ഒത്തുചേരലുകൾക്കുള്ള മേഖലകൾ ഉൾപ്പെടെ, യുവജന സൗഹൃദമായ, സ്വാഗതാർഹമായ ഭൗതിക ഇട

ങ്ങൾ (സംഘടനാ കാര്യാലയങ്ങൾ) സൃഷ്ടിക്കുക. രൂപതകളിലും ദൈവാലയങ്ങളിലും യുവജനങ്ങൾക്ക് കൂടിവരാനായി യൂത്ത് സെന്ററുകൾ ഉണ്ടാവുക.

## സമുദായ സേവനവും സാമൂഹിക നീതിയും

ഗവൺമെന്റുകളുടെയും സഭയുടെയും സാമൂഹിക സേവനപദ്ധതികളിലും സാമൂഹിക നീതി സംരംഭങ്ങളിലും പങ്കെടുക്കാൻ യുവാക്കളെ പ്രോത്സാഹിപ്പിക്കുക. ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെയും ഉപവി പ്രവൃത്തികളിലൂടെയും സുവിശേഷം ജീവിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തു കാണിക്കുക.

## മുതിർന്നവരുടെ മെന്റർഷിപ്പും വൈദികരുടെ അജപാലന സഹഗമനവും ഉറപ്പാക്കൽ

മാർഗനിർദേശത്തിനും പിന്തുണയ്ക്കുമായി യുവാക്കളെ സഭയിലെ മുതിർന്ന അംഗങ്ങളുമായി സംവദിക്കുന്ന മെന്റർഷിപ്പ് പ്രോഗ്രാമുകൾ നടത്തുക. യുവാക്കളുടെ കാലികമായ വെല്ലുവിളികൾക്കും ആശങ്കകൾക്കും അനുസൃതമായി അവർക്കു തുറന്ന മനസ്സോടെയുള്ള അജപാലന പരിചരണം നൽകുക. യുവജന അജപാലന ശുശ്രൂഷ നിർബന്ധമാക്കുകയും അതിനായി സെമിനാരികളിൽ കാര്യക്ഷമമായ പരിശീലനപരിപാടികൾ നടത്തുകയും ചെയ്യുക.

## സാങ്കേതിക വിദ്യയുടെയും സോഷ്യൽ മീഡിയയുടെയും ഉപയോഗം

മീഡിയ അസിസ്റ്റഡ് മിനിസ്ട്രി (MAM) യുവാക്കൾ ഏറ്റവും സജീവമായ ഇടങ്ങളിൽ അവരുമായി ഇടപഴകുന്നതിന് സോഷ്യൽ മീഡിയയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും കൃത്യമായി ഉപയോഗിക്കുക. വ്യക്തിഗത പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഓൺലൈൻ ഉറവിടങ്ങളും വെർച്വൽ കമ്മ്യൂണിറ്റികളും വാഗ്ദാനം ചെയ്യുക.

## യുവജന സൗഹൃദ കുടുംബങ്ങൾ

വീടിനുള്ളിൽ യുവാക്കളുടെ വിശ്വാസ വികസനത്തെ പിന്തുണയ്ക്കുന്നതിന് മാതാപിതാക്കളുമായും രക്ഷിതാക്കളുമായും പങ്കാളിത്തം വളർത്തുക. സഭയും കുടുംബജീവിതവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്ന കുടുംബാധിഷ്ഠിത പരിപാടികൾ സംഘടിപ്പിക്കുക.

**യുവജന സൗഹൃദ സഭാസ്ഥാപനങ്ങൾ**

ഇടവകാതിർത്തിയിലെ സഭാസ്ഥാപനങ്ങൾ യുവജനശുശ്രൂഷാ മേഖലകളായി മാറാനും അവരുടെ കലാകായിക പരിശീലന വേദികളാക്കി മാറ്റാനുള്ള പദ്ധതികൾ അതതു സ്ഥലത്തെ സന്യസ്ത ഭവനങ്ങളുടെ വിഭവശേഷികൾ യുവജന ശുശ്രൂഷയിൽ പങ്കുചേർക്കുക.

**രൂപതയിൽ യുവജന ഡേറ്റ ബാങ്ക്**

രൂപതയിലെ യുവജനങ്ങളുടെ സമഗ്രമായ വിവരശേഖരണം, ആ വിവരങ്ങളുടെ ശാസ്ത്രീയമായ വിശകലനം, അതിന്റെ അടിസ്ഥാനത്തിൽ ക്രിയാത്മകപദ്ധതികൾ എന്നിവ **യുവജന സൗഹൃദ സഭ** എന്ന ദർശനത്തിലേക്കു കേരള സഭയെ നയിക്കും.

**യുവജനശുശ്രൂഷക്കായി നീതിപൂർവകമായ സാമ്പത്തിക ഓഹരി ബജറ്റിൽ ഉൾപ്പെടുത്തൽ നിർവഹണവും വിലയിരുത്തലും**

ഈ പ്രോട്ടോക്കോളുകളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കാൻ ഓരോ രൂപതയുടെയും യുവജന മന്ത്രാലയ കോ-ഓർഡിനേറ്ററെ നിയമിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. യുവാക്കളെ ഫലപ്രദമായി പിന്തുണയ്ക്കാൻ അവർ സജ്ജരാണെന്ന് ഉറപ്പാക്കാൻ വൈദികർക്കും സാധാരണ നേതാക്കൾക്കും നിരന്തരമായ പരിശീലനവും ശിൽപശാലകളും നൽകണം. കൂടാതെ, നമ്മുടെ സമീപനങ്ങൾ തുടർച്ചയായി പരിഷ്കരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും യുവാക്കളിൽ നിന്നും അവരുടെ കുടുംബങ്ങളിൽ നിന്നുമുള്ള ആനുകാലിക വിലയിരുത്തലുകളും ഫീഡ്ബാക്കും അത്യന്താപേക്ഷിതമാണ്.

ഉപസംഹാരമായി, യുവജന സൗഹൃദസഭകൾ സൃഷ്ടിക്കുന്നത് കേവലം ഘടനാപരമായ ഒരു സംരംഭമല്ല; അത് യുവജന അജപാലനത്തിന്റെ അനിവാര്യതയാണ്. ഈ പ്രോട്ടോക്കോളുകളും മാർഗനിർദേശങ്ങളും സ്വീകരിക്കുന്നതിലൂടെ, നമ്മുടെ യുവജനങ്ങളുടെ വിശ്വാസം പരിപോഷിപ്പിക്കുന്നതിനുള്ള സഭയുടെ പ്രതിബദ്ധത ഉറപ്പിക്കുന്നു. ക്രിസ്തു നായിനിലെ വിധവയുടെ മകനോട് പറഞ്ഞതു പോലെ (ലൂക്കാ 7, 11-17) ജായ്റോസിന്റെ മകളോട് പറഞ്ഞതുപോലെ, (ലൂക്കാ 8, 40-56) കേരളസഭ തന്റെ യുവതയോടു 'യുവാവേ, യുവതീ എഴുന്നേൽക്കൂ' എന്നു പറയുന്നു. ഏശയ്യ പ്രവാ

ചകനിലൂടെ ഇസ്രായേൽ ജനത്തോട് പറഞ്ഞതുപോലെ പറയുന്നു, 'ഉണർന്നു പ്രശോഭിക്കൂ' (ഏശയ്യ 60, 1). അങ്ങനെ അവർ നമ്മുടെ സഭാസമൂഹത്തിന്റെ അവിഭാജ്യവും തേജസ്സുറ്റതുമായ ഘടകമാണെന്ന് ഉറപ്പാക്കുന്നു. ഈ സുപ്രധാന ദൗത്യം ഏറ്റെടുക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ മാർഗനിർദേശത്തിനായി നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ യുവജനങ്ങളെ, ക്രിസ്തുവിനോടും അവിടുത്തെ സഭയോടും അടുപ്പിക്കുന്ന സഭയുടെ പ്രയത്നങ്ങൾ അവരുടെ ജീവിതത്തിൽ ഫലം കായ്ക്കട്ടെ. ഒരു യുവജന സൗഹൃദസഭയായി കേരള സഭ മാറട്ടെ. അതിനായി നമ്മെ ഏവരെയും സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**

(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോസഫ് പണ്ടാരശ്ശേരിൽ**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാത്യൂസ് മാർ പോളികാർപ്പോസ്**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി – 682 025

**N.B.** 2024 ജൂലൈ 7-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

| | | |
|---|---|---|
| | | മെയ് 2024 |
| 23/05/2024 | 06.30 am | രാജാക്കാട് സെന്റ് ജോസഫ് ഫോർമേഷൻ സെന്ററിൽ വച്ച് ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ഹെവ്പ്പദ്യാക്ക്ന പട്ടവും കാറോയ പട്ടവും നൽകി. |
| | 07.30 pm | കഴിഞ്ഞ വർഷം റീജൻസി പൂർത്തിയാക്കി വൈദിക വസ്ത്രം സ്വീകരിച്ച വൈദിക വിദ്യാർത്ഥികൾക്ക് ബിഷപ്സ് ഹൗസിൽ വച്ച് നൽകിയ യാത്രയയപ്പിൽ പങ്കെടുക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. |
| 25/05/2024 | 01.30 pm | ഹൈറേഞ്ചിലെ ആദ്യ ബസിലിക്ക ദൈവാലയമായി ഉയർത്തപ്പെട്ട വിജയപുരം രൂപതയുടെ മൂന്നാർ മൗണ്ട് കാർമ്മൽ ദൈവാലയത്തിന്റെ പ്രഖ്യാപന തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു. |
| | 07.30 pm | മാർ എഫ്രേം മൈനർ സെമിനാരിയിൽ നിന്നും സ്ഥലം മാറി പോകുന്ന റെക്ടർ ബഹു. സെബാസ്റ്റ്യൻ വടക്കേൽ അച്ചന്റെയും വൈസ് റെക്ടർ ബഹു. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ അച്ചന്റെയും യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു. |
| 29/05/2024 | 11.00 am | ഉപ്പുതോട് സെന്റ് ജോസഫ് ഇടവകാംഗമായ തടത്തിൽ ഷിന്റോയുടെ മകൻ ജോസഫിന് പ്രാരംഭ കൂദാശകൾ നൽകി. |

| | | |
|---|---|---|
| 30/05/2024 | 06.30 am | പരിശുദ്ധ കുർബാനയുടെ തിരുനാൾ ദിനത്തിൽ കുതിരക്കല്ല് SABS പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ചു. |
| | 09.30 am | ഭൂമിയാംകുളം ഇടവകയിൽ നിന്നു നിർമ്മിച്ചു നൽകിയ വീടുകളുടെ വെഞ്ചിരിപ്പു കർമ്മം നിർവഹിച്ചു |
| | 04.30 pm | തൊടുപുഴ സെൻ്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വച്ച് പള്ളിക്കാമുറി ലിറ്റിൽ ഫ്ളവർ ഇടവകാംഗമായ കിഴക്കേടത്ത് ഓഷിന്റെയും ആനക്കല്ല് സെന്റ് ആന്റണീസ് ഇടവകാംഗമായ പീലിയാനിക്കൽ മരിയയുടെയും മനസമ്മതം നടത്തി. |
| | | **ജൂൺ 2024** |
| 01/06/2024 | 10.30 am | മരിയാപുരം സെന്റ് മേരിസ് ഇടവകാംഗമായ പൈകയിൽ ജിസ്മോന്റെയും രണ്ടാർ സെന്റ് മൈക്കിൾസ് ഇടവകാംഗമായ കച്ചിറയിൽ അനക്സിയുടെയും വിവാഹം ആശീർവദിച്ചു. |
| 04/06/2024 | 02.30 pm | തൊടുപുഴ സെന്റ് സെബാസ്റ്റ്യൻ ഇടവകാംഗമായ തേക്കുംകാട്ടിൽ ഡോ. എബ്രഹാമിന്റെ നിര്യാണത്തിൽ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലുകയും അനുശോചനം അറിയിക്കുകയും ചെയ്തു. |
| | 04.30 pm | പാലാരിവട്ടം പി.ഓ.സി യിൽ വച്ച് നടന്ന കെ.സി.ബി.സി സമ്മേളനത്തിൽപങ്കെടുത്തു. |
| 06/06/2024 | 04.30 pm | പാലാ ബിഷപ്സ് ഹൗസിൽ വച്ച് നടന്ന അഭിവന്ദ്യ പിതാക്കന്മാരുടെ റീജിയണൽ ധ്യാനത്തിൽ പങ്കെടുത്തു. |
| 08/06/2024 | 04.30 pm | പൈങ്ങോട്ടൂർ സെന്റ് ആന്റണീസ് ഫൊറോന ദൈവാലയത്തിൽ സംഘടിപ്പിച്ച കോതമംഗലം രൂപതയുടെ രൂപതാ ദിനാചരണത്തിൽ സംബന്ധിച്ച് സന്ദേശം നൽകി. |

| | | |
|---|---|---|
| 09/06/2024 | 06.30 am | വി. എഫ്രേമിന്റെ തിരുനാളിനോട് അനുബന്ധിച്ച് മാർ എഫ്രേം മൈനർ സെമിനാരിയിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 14/06/2024 | 09.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 10.30 am | രൂപതാ കേന്ദ്രത്തിൽ വച്ച് നടന്ന രൂപതയിലെ വിവിധ സ്ഥാപനങ്ങളുടെ ഡയറക്ടർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. |
| 15/06/2024 | 10.30 am | കദളിക്കാട് വിമലമാതാ ദൈവാലയത്തിൽ വച്ച് ബഹു. വികാരി ജനറൽ അബ്രഹാം പുറയാറ്റച്ചന്റെ സഹോദരി സി. പ്രീമ എസ്.എച്ച് ന്റെ സന്യാസ വ്രതവാഗ്ദാന സുവർണ്ണ ജൂബിലി സമ്മേളനത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് ആശംസകൾ നേർന്നു. |
| 15/06/2024 - 23/06/2024 | | അരുണാചൽ മിഷൻ സന്ദർശിച്ചു. |
| 17/06/2024 | 10.30 am | അരുണാചൽ പ്രദേശിലെ സാന്താമരിയ മിഷനിൽ രാഗാ സാന്താ മരിയ പബ്ലിക് സ്കൂളിലെ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മംനിർവ്വഹിച്ചു. |

## ജൂലൈ 2024

03 കുരിശുപാറ

05 തിരുവനന്തപുരം

07 കാൽവരിമൗണ്ട്

13 രാജാക്കാട്, CML രൂപതാ വാർഷികം

വാഴത്തോപ്പ്, AKCC രൂപതാ വാർഷികം

14 പൊട്ടൻകാട്

16 വാഴത്തോപ്പ്, എയ്ഞ്ചൽസ് മീറ്റ്,

കരിമ്പൻ, തിയോളജി കോഴ്സ് മീറ്റ്

20 കോട്ടയം

21 പാലാ

## C. 47/24 New Appointments

1. Fr. Jose Ottalamkal MST - Spiritual Father, Karuna Animation Centre
2. Fr. Sebastian Manackalettu - Asst. Professor, Mar Sleeva College, Rajamudy
3. Fr. Thomas Vadakkeeanthottathil - Guest Lecturer, Pavanathma College, Murickassery

## C. 48/24 സീറോ മലബാർ സഭാദിനം

മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളായ ജൂലൈ 3 സീറോ മലബാർ സഭാദിനമായി ആചരിക്കുകയാണ്. സീറോ മലബാർ സഭാകാര്യാലയത്തിന്റെ പ്രവർത്തന ചെലവുകളിലേക്കായി അന്നേദിവസം പ്രത്യേകപിരിവ് പള്ളികളിൽ നടത്തേണ്ടതാണ്.

Bishop

## C. 49/24 വൈദികരുടെ വാർഷികധ്യാനം

നമ്മുടെ രൂപതയിൽ സേവനം അനുഷ്ഠിക്കുന്ന വൈദികരുടെ വാർഷിക ധ്യാനം ജൂലൈ 7-12, 14-19 തീയതികളിൽ രണ്ടു ബാച്ചുകളിലായി അദീലാബാദ് രൂപതാധ്യക്ഷൻ അഭിവന്ദ്യ പ്രിൻസ് പാണേങ്ങാടൻ പിതാവിന്റെ നേതൃത്വത്തിൽ അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുകയാണ്. ധ്യാനത്തിൽ സംബന്ധിക്കേണ്ടവരുടെ ലിസ്റ്റ് ജൂൺ മാസത്തിലെ സഹ്യനാദത്തിൽ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ. വൈദികരുടെ വാർഷിക ധ്യാനത്തിന്റെ വിജയത്തിന് വേണ്ടി പ്രാർത്ഥിക്കുന്നതിന് ഇടവക ജനങ്ങളെ ഓർമ്മിപ്പിക്കേണ്ടതാണ്.

Bishop

## C. 50/24 ലോക വയോജന ദിനം

മുത്തശ്ശീമുത്തച്ഛന്മാർക്കും വയോധികർക്കും വേണ്ടിയുള്ള നാലാം ലോക വയോജന ദിനാചരണം 2024 ജൂലൈ 28 ഞായറാഴ്ച പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. 'വാർദ്ധക്യത്തിൽ എന്നെ തള്ളിക്കളയരുതേ! ബലം ക്ഷയിക്കുമ്പോൾ എന്നെ ഉപേക്ഷിക്കരുതേ!'(സങ്കീ 71, 9) എന്ന സങ്കീർത്തന വാക്യത്തിൽ നിന്നെടുത്ത 'വാർദ്ധക്യത്തിൽ ഉണ്ടാകുന്ന ഏകാന്തത' ആണ് ഈ വർഷത്തെ വിചിന്തന വിഷയമായി മാർപാപ്പ തിരഞ്ഞെടുത്തിരിക്കുന്നത്. ഈശോയുടെ മുത്തശ്ശീമുത്തച്ഛന്മാരായ വി. യോവാക്കീമിന്റെയും വി. അന്നയുടെയും തിരുനാളിനോട് അനുബന്ധിച്ച് എല്ലാ വർഷവും ജൂലൈ മാസത്തിലെ നാലാമത്തെ ഞായറാഴ്ചയാണ് ഈ ദിനം സഭ ആചരിക്കുന്നത്. 2021 ലാണ് ഫ്രാൻസീസ് മാർപാപ്പ ഈ ദിനാചരണം ഏർപ്പെടുത്തിയത്. പരാശ്രയത്വത്തിന്റെ പാതയിലൂടെ നീങ്ങുന്ന മുതിർന്നവരോട് പുലർത്തേണ്ട ആദരവും അംഗീകാരവും പുതുതലമുറയെ അറിയിക്കുവാനും തങ്ങൾ സ്നേഹിക്കപ്പെടുന്നവരാണ് എന്ന അനുഭവം പ്രായമായവർക്കായി പങ്കുവയ്ക്കാനും സാധിക്കണമെന്നതാണ് ഈ ദിനാചരണത്തിന്റെ അന്തസത്ത.

മാർപാപ്പ ആഹ്വാനം ചെയ്തിരിക്കുന്ന ലോക വയോജന ദിനാചരണം നമ്മുടെ രൂപതയിലെ വൃദ്ധർക്കും പ്രായമായ മാതാപിതാക്കൾക്കും ഹൃദ്യമായ അനുഭവമാകുന്ന വിധത്തിൽ 2024 ജൂലൈ 28 ഞായറാഴ്ചയോ മറ്റേതെങ്കിലും സൗകര്യപ്രദമായ ദിവസമോ ഉചിതമായ വിധത്തിൽ ആചരിക്കുവാൻ എല്ലാ ഇടവകകളും ഭക്തസംഘടനകളും ശ്രദ്ധിക്കേണ്ടതാണ്.

Bishop

## C. 51/24 തിരുനാൾ ആശംസകൾ

| | |
|---|---|
| റവ. ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ | ജൂലൈ 3 |
| റവ. ഫാ. തോമസ് മണിയാട്ട് | ” |
| റവ. ഫാ. തോമസ് നെച്ചുകാട്ട് | ” |
| റവ. ഫാ. തോമസ് പഞ്ഞിക്കുന്നേൽ | ” |
| റവ. ഫാ. തോമസ് വട്ടമല | ” |
| റവ. ഫാ. തോമസ് തൈച്ചേരിൽ | |

| | |
|---|---|
| റവ. ഫാ. തോമസ് പുത്തൻപുരയിൽ | ” |
| റവ. ഫാ. തോമസ് പാറയ്ക്കൽ | ” |
| റവ. ഫാ. തോമസ് തൂമ്പുങ്കൽ | ” |
| റവ. ഫാ. തോമസ് വലിയമംഗലം | ” |
| റവ. ഫാ. തോമസ് കാട്ടുപാലത്ത് | ” |
| റവ. ഫാ. തോമസ് കുളമാക്കൽ | ” |
| റവ. ഫാ. തോമസ് രാമച്ചനാട്ട് | ” |
| റവ. ഫാ. തോമസ് പുത്തൂർ | ” |
| റവ. ഫാ. തോമസ് തുണ്ടത്തിൽ | ” |
| റവ. ഫാ. തോമസ് ശൗര്യാംകുഴി | ” |
| റവ. ഫാ. തോമസ് കുഴിയംപ്ലാവിൽ | ” |
| റവ. ഫാ. തോമസ് മംഗലത്ത് | ” |
| റവ. ഫാ. തോമസ് കാഞ്ഞിരംകുന്നേൽ | ” |
| റവ. ഫാ. തോമസ് മാറാട്ടുകുളം | ” |
| റവ. ഫാ. തോമസ് വടക്കേഈന്തോട്ടത്തിൽ | ” |
| റവ. ഫാ. തോമസ് വാഴയിൽ | ” |
| റവ. ഫാ. തോമസ് മേനാംതുണ്ടത്തിൽ | ” |
| റവ. ഫാ. തോമസ് കണ്ണംപ്ലാക്കൽ | ” |
| റവ. ഫാ. തോമസ് ഉറുമ്പിൽ | ” |
| റവ. ഫാ. തോമസ് വരകുകാലായിൽ | ” |
| റവ. ഫാ. തോമസ് മടിയ്ക്കാങ്കൽ | ” |
| റവ. ഫാ. തോമസ് ചിറപ്പുറത്ത് | ” |
| റവ. ഫാ. തോമസ് മണലേൽ CRM | ” |
| റവ. ഫാ. കുര്യാക്കോസ് മറ്റം | ജൂലൈ 15 |
| റവ. ഫാ. കുര്യാക്കോസ് ആറക്കാട്ട് | ” |
| റവ. ഫാ. കുര്യൻ പൊടിപാറയ്ക്കൽ | ” |
| റവ. ഫാ. കുര്യൻ കമുകുംമറ്റത്തിൽ | ” |
| റവ. ഫാ. കുര്യൻ നരിക്കുഴി | ” |
| റവ. ഫാ. സിറിയക് മാത്തൂർ | ” |
| റവ. ഫാ. അലക്സ് വേലാച്ചേരിൽ | ജൂലൈ 17 |
| റവ. ഫാ. ജയിംസ് മംഗലശ്ശേരിൽ | ജൂലൈ 25 |
| റവ. ഫാ. ജയിംസ് പാലക്കാമറ്റത്തിൽ | ” |
| റവ. ഫാ. ജയിംസ് പാറക്കടവിൽ | ” |
| റവ. ഫാ. ജയിംസ് പുന്നപ്ലാക്കൽ | ” |

റവ. ഫാ. ജയിംസ് ചക്കാങ്കൽ ”
റവ. ഫാ. ജയിംസ് ശൗര്യാംകുഴി ”
റവ. ഫാ. ജയിംസ് മാക്കിയിൽ ”
റവ. ഫാ. ജയിംസ് പുത്തേട്ട് ”
റവ. ഫാ. ജയിംസ് തെള്ളിയാങ്കൽ ”
റവ. ഫാ. ജയിംസ് വലിയവീട്ടിൽ ”
റവ. ഫാ. ജയിംസ് അമ്പഴത്തിങ്കൽ ”
റവ. ഫാ. ജയിംസ് കാവുങ്കൽ ”
റവ. ഫാ. ജയിംസ് പൊന്നമ്പേൽ ”
റവ. ഫാ. ജേക്കബ് മങ്ങാടംപള്ളിൽ ”
റവ. ഫാ. ജയിംസ് വട്ടക്കുന്നേൽ ”
റവ. ഫാ. ജേക്കബ് വെള്ളക്കൊളമ്പേൽ ”
റവ. ഫാ. ചാക്കോ ആയിലുമാലിൽ ”
റവ. ഫാ. ജേക്കബ് കളത്തിക്കാട്ടിൽ ”

Bishop

## സാന്താ മരിയ സീറോ മലബാർ കാത്തലിക് മിഷൻ, അരുണാചൽ വെസ്റ്റ്

### SA. 14/24 നന്ദി

അവധിക്കാലത്ത് മിഷൻ പ്രവർത്തനങ്ങൾക്കും അനുഭവത്തിനുമായി അരുണാചൽ പ്രദേശിലെ ലോങ്ങ്ഡിംഗ്, ഖാസ എന്ന ഇടവകകളിൽ ഏറ്റവും സ്തുത്യർഹമായി ശുശ്രൂഷ ചെയ്തു, തിയോളജി പഠനം തുടരുന്നതായി യാത്രയായ ബ്രദർ പനച്ചിക്കൽ ബ്രദർ നടയ്ക്കൽ എന്നിവർക്ക് നന്ദിയും പഠനത്തിന് എല്ലാ ആശംസകളും നേരുന്നു.

### SA. 15/24 അധ്യാപക പരിശീലന പരിപാടികൾ

ഗുംതോയിലെ സാന്താ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ, ഡോൺബോസ്കോ സ്കൂൾ സീറോ, അൽഫോൻസാ സ്കൂൾ ഇറ്റാനഗർ, ഹോളി ഫാമിലി സ്കൂൾ സെപ്പ, സെന്റ് ജോസഫ് സ്കൂൾ സെപ്പ, എന്നീ വിദ്യാലയങ്ങളിലെ അധ്യാപകർക്കായി ട്രെയിനിങ്ങ് പ്രോഗ്രാം സംഘടിപ്പിച്ചു. വിവിധ ദിനങ്ങളിലായി നടന്ന ടീച്ചർ ട്രെയിനിങ്ങ് പ്രോഗ്രാമിൽ നൂറോളം അധ്യാപകർ പങ്കെടുത്തു.

## SA. 16/24 Enjoy: കുട്ടികളുടെ ക്യാമ്പ്

ഗുംതോയിലെ സാന്താ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ, ഇറ്റാനഗറിലെ സെന്റ് തോമസ് സ്കൂളിലെ കുട്ടികൾക്കായി ഏഴു ദിവസം നീണ്ടുനിന്ന വ്യക്തിത്വ വികസന ക്യാമ്പ് നടത്തപ്പെട്ടു. ക്യാമ്പിൽ 65 കുട്ടികൾ പങ്കെടുത്തു. ക്ലാസുകളും ആക്ടിവിറ്റികളും ഔട്ടിംഗും ഔട്ട്റീച്ച് പ്രോഗ്രാമുകളും ചേർത്ത് മനോഹരമായി അവതരിപ്പിച്ച ക്യാമ്പ് കുട്ടികൾക്ക് ഏറെ പ്രയോജനപ്രദമായിരുന്നു.

## SA. 17/24 പാടിയത്ത് പിതാവിന്റെ സന്ദർശനം

ഷംഷാബാദ് രൂപതയുടെ സഹായമെത്രാനായ അഭിവന്ദ്യ മാർ തോമസ് പാടിയത്ത് പിതാവ് സാന്താ മരിയാ മിഷൻ സന്ദർശിച്ചു. ജൂൺ 9-ാം തീയതി മുതൽ 15-ാം തീയതി വരെ നീണ്ടുനിന്ന മിഷൻ സന്ദർശനത്തിന്റെ ഭാഗമായി മിഷനിലെ 4 സെന്ററുകളിലും പിതാവ് വരികയും പ്രവർത്തനങ്ങൾ കാണുകയും നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുകയും ചെയ്തു.

## SA. 18/24 വിശുദ്ധ കുർബാനയുടെ കൂട്ടായ്മ

അരുണാചൽ പ്രദേശിലെ ഇറ്റാനഗർ ഭാഗത്ത് ആയിരിക്കുന്ന സീറോ മലബാർ വിശ്വാസികളുടെ കൂട്ടായ്മയും ഒരുമിച്ചുള്ള വിശുദ്ധ കുർബാന അർപ്പണവും ആരംഭിച്ചു. രണ്ടാം ഞായറാഴ്ച നടത്തപ്പെട്ട വിശുദ്ധ കുർബാനയിൽ ഗുംതോയിലെ സീറോ മലബാർ മിഷൻ സെന്ററിൽ അഭിവന്ദ്യ തോമസ് പാടിയത്ത് പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു. വിവിധ ഭാഗങ്ങളിൽ നിന്നായി 50 ഓളം വിശ്വാസികൾ വിശുദ്ധ കുർബാനയിൽ പങ്കെടുത്തു. എല്ലാ മൂന്നാം ഞായറാഴ്ചകളിലും ഒരുമിച്ചുള്ള വിശുദ്ധ കുർബാന അർപ്പണം നടത്താമെന്ന് തീരുമാനിക്കുകയും ചെയ്തു.

## SA. 19/24 സ്വാഗതം

അടുത്ത ഒരു വർഷക്കാലം മിഷൻ പ്രദേശത്തെ റീജൻസിക്കായി അരുണാചലിൽ എത്തിയ ബഹുമാനപ്പെട്ട ബ്രദേഴ്സ് ലിൻസ് തകിടിയേൽ, ജോസ് ഓലിക്കൽ എന്നിവരെ ഏറെ സ്നേഹത്തോടെ അരുണാചൽ മിഷനിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. ബ്രദർ ലിൻസ്, ഡോൺ ബോസ്കോ സ്കൂൾ ഡൊയിമുക്കിലും ബ്രദർ ജോസ്, സാന്തോം മിഷൻ സെൻറർ, സെപ്പയിലും അവരുടെ ശുശ്രൂഷകൾ ആരംഭിച്ചു. മിഷൻ പ്രദേശത്തെ റീജൻസിക്ക് എല്ലാ ആശംസകളും നേരുന്നു.

## SA. 20/24 ഏകദിന ധ്യാനം

സീറോയിലെ ഇൻഫന്റ് ജീസസ് പ്രയർ സെൻററിൽ 4-ാം ശനിയാഴ്ച പതിവുപോലെ ഏകദിന ധ്യാനം സംഘടിപ്പിച്ചു. അപ്പ ത്താനി പ്രീച്ചറായ ദുലൈ പായി ധ്യാന ചിന്തകൾ പങ്കുവെച്ചു. ഏകദിന ധ്യാനത്തിൽ മുപ്പതോളം പേർ പങ്കെടുത്തു.

## SA. 21/24 കുട്ടികളുടെ പ്രാർത്ഥന കൂട്ടായ്മ

സീറോയിലെ ഇൻഫന്റ് ജീസസ് ഹൗസിൽ ജൂൺ രണ്ട് ഞായറാഴ്ച കുട്ടികൾക്കായി നടത്തപ്പെട്ട പ്രാർത്ഥന കൂട്ടായ്മയിൽ 50 ഓളം കുട്ടികൾ പങ്കെടുത്തു.

## SA. 22/24 പുതിയ അക്കാഡമിക് ഇയറിന്റെ ഉദ്ഘാടനം

സെപ്പയിലെ സാന്തോം മിഷൻ സെന്ററിനോടനുബന്ധിച്ച് നടത്തപ്പെടുന്ന കാമംഗ് പ്രസീഡിയം സ്കൂളിന്റെ 2024-25 പ്രവർത്തന വർഷ ഉദ്ഘാടനം ജൂൺ മാസം 12-ാം തീയതി ബഹുമാനപ്പെട്ട തോമസ് പാടിയത്ത് പിതാവ് നിർവഹിച്ചു. മീറ്റിംഗിൽ ഈ വർഷം പുതിയതായി സ്കൂളിലേക്ക് ചേർന്ന് കുട്ടികളെ സ്വാഗതം ചെയ്യുകയും ചെയ്തു.

## SA. 23/24 ഇടയ സന്ദർശനം

ജൂൺ മാസം 16-ാം തിയതി മുതൽ 22-ാം തിയതി വരെ, അഭിവന്ദ്യ ജോൺ നെല്ലിക്കുന്നേൽ പിതാവ് സാന്താ മരിയ മിഷൻ സന്ദർശിച്ചു. മിഷനിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രോ ത്സാഹിപ്പിക്കുകയും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകു കയും ചെയ്തു.

## SA. 24/24 സാന്താ മരിയ സ്കൂൾ, രാഗ

രാഗയിലെ സെ. ജോസഫ് മിഷൻ സെന്ററിനോടനുബന്ധിച്ച് ആരംഭിച്ച പുതിയ സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചിരിപ്പും ഉദ്ഘാട നവും ജൂൺ 17-ന് നടത്തപ്പെട്ടു. മാർ ജോൺ നെല്ലിക്കുന്നേൽ ഇല്ലിയിൽ പണിതീർത്ത പുതിയ കെട്ടിടം വെഞ്ചിരിച്ചു. അരുണാചൽ ലോ കോളേജ് പ്രിൻസിപ്പാൾ ഡോ. ജി. ജോർജ് ഉദ്ഘാടന കർമ്മം നിർവഹിച്ചു. മീറ്റിംഗിൽ കുട്ടികളും മാതാപിതാക്കളും മറ്റ് വിശിഷ്ടാ തിഥികളും പങ്കെടുത്തു. 112 കുട്ടികളുമായിട്ടാണ് വിദ്യാലയത്തിന്റെ പുതിയ അധ്യയന വർഷം ആരംഭിക്കുന്നത്.

## SA. 25/24 സ്വാഗതം.

സാന്താ മരിയ മിഷനിലേയ്ക്ക് പുതുതായി നിയമിതരായിരിക്കുന്ന ബഹു. ജോബി വാഴയിലച്ചനേയും, ബഹു. എബിൻ ഈന്തോട്ടത്തിലച്ചനേയും ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. ദൈവകൃപയിൽ നിറഞ്ഞ് മിഷനിൽ പ്രവർത്തിക്കുവാൻ പ്രാർത്ഥിക്കുന്നു.

# മൈനർ സെമിനാരി

## MS. 19/24 പുതിയ അധ്യയന വർഷം.

മധ്യവേനൽ അവധിക്കു ശേഷം മെയ് 25 ന് സെമിനാരി തുറന്നു. പുതിയ ബാച്ചിലേക്ക് 14 കുട്ടികളെ ലഭിച്ചു. ഈ കുട്ടികളെ കണ്ടെത്തി പ്രോത്സാഹനം നൽകി സെമിനാരിയിലേക്ക് അയച്ച ബഹുമാനപ്പെട്ട അച്ചന്മാർക്ക് നന്ദി. ഈ അധ്യയന വർഷം 3 ബാച്ചുകളിലായി 25 വൈദിക വിദ്യാർഥികൾ മൈനർ സെമിനാരിയിൽ പരിശീലനം നേടുന്നു.

## MS. 20/24 മാർ അപ്രേമിന്റെ തിരുനാൾ

സെമിനാരിയുടെ സ്വർഗീയ മധ്യസ്ഥനായ മാർ അപ്രേം പിതാവിന്റെ തിരുനാൾ ദിനമായ ജൂൺ 9 ഞായറാഴ്ച രാവിലെ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. വൈകുന്നേരം നടന്ന പൊതുസമ്മേളനത്തിൽ വച്ച് വികാരി ജനറൽ പെരിയ ബഹുമാനപ്പെട്ട അബ്രാഹം പുറയാറ്റ് അച്ചൻ പുതിയ അധ്യയന വർഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് പെരിയ ബഹുമാനപ്പെട്ട ജോസ് പ്ലാച്ചിക്കൽ അച്ചൻ നവാഗതരെ സ്വാഗതം ചെയ്തു.

## 1. തിരുഹൃദയ സന്ന്യാസിനീ സമൂഹം (SH)

❖ നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കുട്ടികളുടെ അവധിക്കാലം ക്രിയാത്മകമാക്കാൻ രാജമുടി, നാരകക്കാനം എന്നീ മഠങ്ങളോടനുബന്ധിച്ച് ഇഗ്നൈറ്റ് എന്ന പേരിൽ പെയിന്റിംഗ്, ഹാൻഡ് എംബ്രോയ്ഡറി, കർണാടിക് മ്യൂസിക് എന്നിവയിൽ പരിശീലനങ്ങൾ നല്കി.

❖ നവജ്യോതി എജ്യൂക്കേഷൻ സ്പോൺസർഷിപ്പ് പ്രോഗ്രാമിലെ കുട്ടികൾക്കായി ത്രിദിന റസിഡൻഷ്യൽ ക്യാമ്പ് ആശാഭവൻ സ്പെഷ്യൽ സ്കൂളിൽ വച്ച് നടത്തി. 55 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. നവജ്യോതി ചാരിറ്റബിൾ സൊസൈറ്റി എൻ.ജി.ഒ. കോൺഫെഡറേഷനുമായി സഹകരിച്ചുകൊണ്ട് നടപ്പാക്കിയ മൂന്നാം ഘട്ട തയ്യൽ മെഷിൻ  വിതരണം രാജമുടിയിൽ വച്ച് നടപ്പിലാക്കി.

❖ വുമൺ ഓൺ വീൽ പദ്ധതിയുടെ ഗുണഭോക്താക്കൾക്കായി സേവാനികേതനും സഹൃദയ സോഷ്യൽ സർവ്വീസ് സൊസൈറ്റിയും നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയും ചേർന്ന് രണ്ട് ദിവസത്തെ ഫിനാൻഷ്യൽ മാനേജ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ് പരിശീലന പരിപാടി നെടുങ്കണ്ടം വിമലാ ബാലഭവനിൽ വച്ച് നടത്തി. 50 പേർ പരിശീലനത്തിൽ പങ്കെടുത്തു.

❖ നവജ്യോതി ചാരിറ്റബിൾ സൊസൈറ്റി എൻ.ജി.ഒ. കോൺഫെഡറേഷനുമായി സഹകരിച്ചുകൊണ്ട് 300 കുട്ടികൾക്ക് സ്കൂൾ കിറ്റുകൾ വിതരണം ചെയ്യുകയും, 15 വനിതകൾക്ക് ഇരുചക്രവാഹനം വിതരണം ചെയ്യുകയും ചെയ്തു.

❖ നവജ്യോതി ചാരിറ്റബിൾ സൊസൈറ്റി എൻ.ജി.ഒ. കോൺഫെഡറേഷനുമായി സഹകരിച്ചു കൊണ്ട് നടപ്പിലാക്കിയ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പദ്ധതിയുടെ ഭാഗമായി 17 കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം നടത്തി.

❖ മെയ് 17, 18, 19, 30 തീയതികളിൽ രാജമുടി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ജീവകാരുണ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലും പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിന്റെ  മീറ്റിംഗുകൾ നടത്തി.

ജൂൺ 8-ാം തീയതി രാവിലെ 11 മണിക്ക് ഇടുക്കി രൂപതാ സിഞ്ചെ ലൂസ് മോൺ. ജോസ് പ്ലാച്ചിക്കൽ മുഖ്യകാർമ്മികത്വം വഹിച്ച വി. കുർബാനയെ തുടർന്ന് നവീകരിച്ച തടിയമ്പാട് മഠം വെ ഞ്ചിരിച്ചു.

**2. അഗതികളുടെ സഹോദരിമാരുടെ സന്ന്യാസിനീ സമൂഹം (SD)**

❖ ജൂൺ 10 മുതൽ 13 വരെ റവ. ഫാ. അലോഷ്യസ് കുളങ്ങര പ്രൊവി ൻഷ്യൽ ഹൗസിൽ ധ്യാനം നടത്തി.

❖ ബൽത്തങ്ങാടി രൂപതയിൽ കുട്ടികൾക്കായി 3 ദിവസത്തെ ധ്യാനം സി. അമന്റയുടെ നേതൃത്വത്തിൽ നടത്തി.

❖ സുപ്പിരിയേഴ്സ് കോൺഫറൻസ് ജൂൺ 20 മുതൽ പ്രൊവിൻ ഷ്യൽ ഹൗസിൽ മദർ കൊച്ചുറാണിയുടെ നേതൃത്വത്തിൽ നടത്തി.

❖ പ്രൊവിൻഷ്യൽ സെക്രട്ടറിയായി സി. തെരേസ ചാർജ് എടുത്തു.

❖ പണിക്കൻകുടി ക്യൂൻമേരി പബ്ലിക് സ്കൂളിൽ തുടർച്ചയായ 12-ാം വർഷവും SSLC പരീക്ഷയിൽ 100 % വിജയം നേടി.

❖ Adv. Sr ജോസിയയുടെ നേതൃത്വത്തിൽ SD സഹോദരിമാർ ക്കായി വെബിനാർ നടത്തി.

❖ സി. ദീപാ റോസ് ഭിന്നശേഷി കുട്ടികൾക്കായി കട്ടപ്പനയിൽ ക്ലാസ്എടുത്തു

**3. ആരാധനാ സന്ന്യാസിനീ സമൂഹം (SABS)**

❖ ദിവ്യകാരുണ്യ ആരാധനാ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപ കനായ ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ ചരമ വാർഷിക ദിനമായ ജൂൺ 2-നോട് അനുബന്ധിച്ച് ചങ്ങനാശ്ശേരിയിൽ വച്ചും, സഹസ്ഥാപകയും പ്രഥമ അംഗവുമായ ദൈവദാസി ഷന്താളമ്മയുടെ ചരമവാർഷിക ദിനമായ മെയ് 25-ന് അതിര മ്പുഴയിൽ വച്ചും നടന്ന വിശുദ്ധ കുർബാനയിലും മറ്റു തിരുകർ മ്മങ്ങളിലും ഇടുക്കി ജയ് മാതാ പ്രോവിൻസിൽ നിന്നും ധാരാ ളം സിസ്റ്റേഴ്സും SABS ഭവന സമൂഹങ്ങൾ ഉള്ള ഇടവകയിൽ നിന്നും അല്മായ സഹോദരങ്ങളും അൾത്താര ബാലന്മാരും പങ്കെടുത്തു.

❖ ദിവ്യകാരുണ്യ തിരുനാൾ ദിനമായ മെയ് 30 -ാം തീയതി രാവിലെ കുതിരക്കല്ല് പ്രൊവിൻഷ്യൽ ഹൗസിൽ ഇടുക്കി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നല്കി. ദിവ്യകാരുണ്യ തിരുനാളിനോട്

അനുബന്ധിച്ച് ജൂൺ 5-ാം തീയതി വൈകുന്നേരം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ട ആരാധനയിലും സ്നേഹവിരുന്നിലും ബഹുമാനപ്പെട്ട വൈദികരും സമീപപ്രദേശങ്ങളിലെ ഭവന സമൂഹങ്ങളിൽ നിന്നും വന്ന സിസ്റ്റേഴ്സും സംബന്ധിച്ചു.

❖ ഇടുക്കി രൂപതയിലെ ബഹു.വൈദിക വിദ്യാർഥികളുടെ നേതൃത്വത്തിൽ വാഴത്തോപ്പ് ഷന്താൾ കെയർ ഹോമിലെ അന്തേവാസികൾക്കായി ധ്യാനം നടത്തി.

❖ ജയ്മാതാ സോഷ്യൽ അപ്പസ്റ്റോലേറ്റിന്റെ ഭാഗമായി നിർദ്ധനരായ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ധനസഹായം നൽകി.

❖ മെയ് 27 -ന് വാഴത്തോപ്പിൽ സ്ഥിതിചെയ്യുന്ന ഷന്താൾ കെയർ ഹോമിൽ, ഷന്താൾ കെയർഹോംഡേ ആചരിച്ചു. സമീപ പ്രദേശങ്ങളിലെ വൈദികരും സിസ്റ്റേഴ്സും അൽമായ സഹോദരങ്ങളും ആഘോഷ പരിപാടികളിൽ സംബന്ധിച്ചു..

❖ ജൂൺ 3, 4 തീയതികളിൽ പാലാരിവട്ടം POC യിൽ വച്ച് നടന്ന KCMS ജനറൽ ബോഡി മീറ്റിങ്ങിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയര് സി.ലിറ്റി ഉപ്പുമാക്കൽ സംബന്ധിച്ചു.

❖ നെടുങ്കണ്ടം കരുണ ഡിവൈൻ മേഴ്സി ധ്യാന സെന്ററിൽ വച്ച് നടന്ന നൈറ്റ് വിജിലിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.

4. **ക്ലാരിസ്റ്റ് സന്ന്യാസിനീസമൂഹം (FCC)**

❖ പാർലമെന്റ് ഇലക്ഷന്റെ വിജയത്തിനായി ഏപ്രിൽ 10 മുതൽ ജൂൺ നാലുവരെ എഫ്.സി.സി. കോൺഗ്രിഗേഷൻ നടത്തുന്ന ചെയിൻ റോസറി പ്രാർത്ഥനാ യജ്ഞത്തിൽ ഏപ്രിൽ 24 മെയ് 22 എന്നീ തീയതികളിൽ ഇടുക്കി നിർമൽറാണി പ്രോവിൻസ് പങ്കുചേർന്നു. ഓരോ ഭവനവും ഓരോ മണിക്കൂർ ജപമാല ചൊല്ലി പരിശുദ്ധ അമ്മയുടെ പ്രത്യേക മാധ്യസ്ഥം യാചിച്ചു.

❖ പ്രവാസി സംഗമം നിർമ്മൽറാണി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. 28 അന്യസംസ്ഥാന തൊഴിലാളികൾ ഈ മീറ്റിങ്ങിൽ പങ്കെടുത്തു. വിശുദ്ധ കുർബാന, ഷെയറിങ്ങ്, സ്നേഹവിരുന്ന് എന്നിവ ഈ ദിനത്തെ കൂടുതൽ ധന്യമാക്കി.

❖ വാഴവര സെന്റ് ഡാമിയൻ കോൺവെന്റിന്റെ ഗോൾഡൻ ജൂബിലി ആഘോഷിച്ചു. ഇടവക വികാരി റവ. ഫാ. ജോസ് ചെമ്മരപ്പിള്ളി കൃതജ്ഞതാ ബലിക്ക് നേതൃത്വം വഹിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സുഗുണ, കൗൺസിലേഴ്സ്, വിവിധ ഭവനങ്ങളിലെ സിസ്റ്റേഴ്സ്, ഉപകാരികൾ, സമീപവാസികൾ എന്നിവർ ആഘോഷ പരിപാടികളിൽ പങ്കുചേർന്നു.

❖ ഇൻസ്റ്റിറ്റ്യൂഷൻ ഇവാഞ്ചലൈസേഷന്റെ ഭാഗമായി മച്ചിപ്ലാവ് സെന്റ് ഫ്രാൻസിസ് റീഹാബിലിറ്റേഷൻ സെന്ററിൽ സി. ജൂലി, സി. സിജി ക്ലെയർ, സി. ഡയോണ, സി. അമലു മരിയ, സി. അലീനിയ റോസ് എന്നിവരുടെ നേതൃത്വത്തിൽ മൂന്നു ദിവസത്തെ ധ്യാനം നടത്തി. റവ. ഫാ. ടോണി CSSR അഭിഷേക പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

❖ ആലുവ എഫ്.സി.സി. ജനറലേറ്റിൽ വച്ച് നിർമ്മൽറാണിയുടെ ഏഴ് ജൂനിയർ സിസ്റ്റേഴ്സ് സി. സാഫല്യ, സി. സീന മരിയ, സി. സിസി മരിയ, സി. ആൻസ്, സി. മിന്റു മരിയ, സി. റിയ, സി.നീതു മാത്യു എന്നിവർ നിത്യവ്രത വാഗ്ദാനത്തിലൂടെ നിർമ്മൽ റാണിയിൽ സ്ഥിരാംഗത്വം നേടി.

❖ അൽഫോൻസ ഗാർഡൻ മീറ്റിംഗ് നിർമ്മൽറാണി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. വിവിധ ഇടവകകളിൽ നിന്നുള്ള 35 കുട്ടികൾ ഈ പ്രോഗ്രാമിൽ പങ്കെടുത്തു. സി. ബെന്നോ, സി. ആഷ തെരേസ് എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി.

❖ നിർമ്മൽറാണിയുടെ സോഷ്യൽ സർവീസ് സെന്ററായ NISSO യുടെ ആഭിമുഖ്യത്തിൽ National NGO Confederation ന്റെയും Social Bee Ventures ന്റെയും സഹായത്തോടെ 50 ശതമാനം സാമ്പത്തിക സഹായത്തോടെ അൽഫോൻസ ഹോസ്പിറ്റലിൽ വെച്ച് 50 സ്കൂൾ കിറ്റുകൾ എൽ.കെ.ജി. മുതൽ പ്ലസ് ടു വരെയുള്ള കുട്ടികൾക്ക് വിതരണം ചെയ്തു.

❖ ഇടുക്കി രൂപത ഗുഡ് സമരിറ്റൻ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ആനിമേറ്റേഴ്സ് മീറ്റിംഗ് നിർമ്മൽ റാണി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.

5. **കർമ്മല മാതാവിന്റെ സന്ന്യാസിനീ സമൂഹം (CMC)**

❖ സന്യാസ സമർപ്പണത്തിന്റെ 50 ഉം 25 ഉം വർഷങ്ങൾ പൂർത്തിയാക്കിയ സിസ്റ്റേഴ്സിന്റെ സുവർണ്ണ, രജത ജൂബിലി ആഘോഷങ്ങൾ വാഴത്തോപ്പ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്നു. അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ നടന്ന ആഘോഷമായ വിശുദ്ധ കുർബാനയിലും സ്നേഹവിരുന്നിലും വൈദികർ, സിസ്റ്റേഴ്സ്, കുടുംബാംഗങ്ങൾ തുടങ്ങിയവർ പങ്കുചേരുകയും ആശംസകൾ നേരുകയും ചെയ്തു.

❖ നെടുങ്കണ്ടം കരുണ ഡിവൈൻ മേഴ്സി റിട്രീറ്റ് സെന്ററിൽ വച്ച് CMC ക്രിസ്റ്റീൻ ടീമിന്റെയും എഫ്ഫാത്ത ധ്യാന ടീമിന്റെയും നേതൃത്വത്തിൽ 7 മുതൽ 12 വരെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി 3 ദിവസത്തെ ധ്യാനം നടത്തി. 67 കുട്ടികൾ പങ്കെടുത്തു.

❖ കല്ലാർ, കാമാക്ഷി ഇടവകകളിൽ 6 മുതൽ 12 വരെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി 'ലഹരിക്കെതിരെ' എന്ന വിഷയത്തെക്കുറിച്ചും കല്ലാർ ഇടവകയിലെ സൺഡേ സ്കൂൾ കുട്ടികൾക്കും മാതാപിതാക്കൾക്കുമായി 'വിശ്വാസപരിശീലനത്തിന്റെ ആവശ്യകത ഇന്ന്' എന്ന വിഷയത്തെക്കുറിച്ചും സി. സീജാ മരിയ ക്ലാസ്സുകൾ നയിച്ചു.

❖ സീയോൻ ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന SHG ഗ്രൂപ്പിലെ അംഗങ്ങളുടെ, SSLC, +2 ഫുൾ എ പ്ലസ് വാങ്ങിയ 18 കുട്ടികൾക്ക് സി.എം.സി കാർമൽഗിരി പ്രോവിൻസ് Education കൗൺസിലർ സി. പ്രീതി മെമെന്റോ നൽകി ആദരിച്ചു.

❖ നെടുങ്കണ്ടം സീയോൻ ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന SHG ഗ്രൂപ്പ് ലീഡേഴ്സിന് ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സിയോൺ ചാരിറ്റബിൾ സൊസൈറ്റി ഡയറക്ടർ സിസ്റ്റർ ക്ലാരിസ് വൃക്ഷത്തൈ വിതരണം നടത്തി.

❖ നെടുങ്കണ്ടം സീയോൻ ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന വലിയ കുടുംബങ്ങളിലെ കുട്ടികൾക്ക് 'സ്കൂൾ കിറ്റ്' വിതരണം നടത്തുകയുണ്ടായി. 115 കുട്ടികൾക്കാണ് സ്കൂൾ കിറ്റ് നൽകിയത്. സ്കൂൾ കിറ്റ് വിതരണ ഉദ്ഘാടനം ഇടുക്കി രൂപത മീഡിയ കമ്മീഷൻ ഡയറക്ടർ റവ.ഫാ. ജിൻസ് കാരക്കാട്ട് നിർവഹിച്ചു.

❖ സമന്വയ ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിലുള്ള SHG യുടെ നേതൃത്വത്തിൽ Federation Members ഉം സിസ്റ്റേഴ്സ് ഉം മെയ് 31 ന് നാരകക്കാനം Providence Home സന്ദർശിച്ച് അവർക്കു ആവശ്യമായ സാധനങ്ങൾ നൽകുകയും ഒരു ദിവസം അവരോടൊപ്പം ചിലവഴിക്കുകയും ചെയ്തു. സമന്വയ ടീമിന്റെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിലെ SHG കൾ സന്ദർശിക്കുകയും ക്ലാസുകൾ എടുക്കുകയും സംഘങ്ങളുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുകയും ചെയ്തു.

**6. നസ്രത്ത് സന്ന്യാസിനീ സമൂഹം (CSN)**

- ❖ Motor Vehicle Department സ്കൂൾ ബസ് ഡ്രൈവേഴ്സിനായി നടത്തിയ ഏകദിന സെമിനാറിൽ പ്രഥമ ശുശ്രൂഷയെ കുറിച്ച് Sr. Amal Jose ഉം, Basic life support നെക്കുറിച്ച് Dr. Seeehariയും ക്ലാസുകൾ നയിച്ചു. തിയറിയോടൊപ്പം പ്രവർത്തി പരിചയവും ഉൾപ്പെടുത്തിയായിരുന്നു ക്ലാസുകൾ. ഏകദേശം 150 ഓളം ഡ്രൈവേഴ്സ് അതിൽ പങ്കെടുത്തു.
- ❖ ഇടവകകളോട് ചേർന്നും അല്ലാതെയും സിസ്റ്റേഴ്സ് വീടുകളിൽ പോയി കിടപ്പ് രോഗികൾക്ക് ആവശ്യമായ പരിചരണങ്ങൾ നൽകി വരുന്നു.
- ❖ സീറോ മലബാർ സഭ നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാര മായി എല്ലാ മഠങ്ങളിലും അഖണ്ഡ ആരാധനയും അഖണ്ഡ ജപമാലയും നടത്തി വരുന്നു.
- ❖ എറണാകുളം POC യിൽ വച്ചു നടത്തിയ Legal awareness workshop ൽ രണ്ടു സിസ്റ്റർമാർ പങ്കെടുത്തു.
- ❖ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പ്രകൃതി സംരക്ഷണത്തെ ക്കുറിച്ച് കുട്ടികളിൽ അവബോധം ജനിപ്പിക്കാൻ ഉതകുന്നവിധം വൃക്ഷത്തൈകൾ നടുക, പ്രകൃതി സംരക്ഷണ സന്ദേശ റാലി, തുടങ്ങിയ പരിപാടികൾ നടത്തുകയുണ്ടായി.

# ക്രിസ്തുജ്യോതി

## CJ. 26/24 അഖില കേരള ലോഗോസ് ക്വിസ് - 2024

2024 സെപ്റ്റംബർ 29-ാം തീയതി ഞായറാഴ്ച നടക്കുവാൻ പോകുന്ന അഖില കേരള ലോഗോസ് ക്വിസ് മത്സര പരീക്ഷയുടെ രജിസ്ട്രേഷൻ 2024 ജൂൺ 16-ാം തീയതി മുതൽ ആരംഭിച്ചു. ഓരോ ഇടവകയിൽ നിന്നും എല്ലാ വിശ്വാസ പരിശീലകരും 5-ാം ക്ലാസ്സ് മുതൽ 12 വരെയുള്ള മുഴുവൻ കുട്ടികളും പരീക്ഷ എഴുതേണ്ടതാണ്. ഇടവകയിലെ യുവജനങ്ങളെയും മുതിർന്നവ രെയും ഉൾപ്പെടെ സാധിക്കുന്നത്ര ആളുകളെ ഈ മത്സരത്തിൽ പങ്കെടുപ്പി ക്കാൻ ശ്രദ്ധിക്കണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ സമ്പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

**ഓൺലൈനായാണു രജിസ്ട്രേഷൻ നടത്തേണ്ടത്. രജിസ്ട്രേഷൻ ഫീസ് 20 രൂപ വീതം.**

**പ്രായവിഭാഗം**

A വിഭാഗം : 01/01/2013 നു ശേഷം ജനിച്ചവർ

B വിഭാഗം : 01/01/2008 നും 31/12/2012 നും ഇടയ്ക്ക് ജനിച്ചവർ

C വിഭാഗം : 01/01/1993 നും 31/12/2007 നും ഇടയ്ക്ക് ജനിച്ചവർ

D വിഭാഗം : 01/01/1973 നും 31/12/1992 നും ഇടയ്ക്ക് ജനിച്ചവർ

E വിഭാഗം : 01/01/1960 നും 31/12/1972 നും ഇടയ്ക്ക് ജനിച്ചവർ

F വിഭാഗം : 01/01/1960 നു മുമ്പ് ജനിച്ചവർ

**മത്സരത്തിനുള്ള പാഠഭാഗങ്ങൾ**

| | | | |
|---|---|---|---|
| 1. | ന്യായാധിപന്മാർ | 1 - 10 | അധ്യായങ്ങൾ |
| 2. | പ്രഭാഷകൻ | 34 - 40 | അധ്യായങ്ങൾ |
| 3. | ലൂക്കാ | 9 - 16 | അധ്യായങ്ങൾ |
| 4. | 2 കോറിന്തോസ് | 7 - 13 | അധ്യായങ്ങൾ |

**പരീക്ഷാ വിവരങ്ങൾ**

രൂപതാതല പരീക്ഷാ തീയതി : 2024 സെപ്റ്റംബർ 29 ഞായർ

പരീക്ഷാസമയം : ഉച്ചകഴിഞ്ഞ് 02.00 മുതൽ 03.30 വരെ

സംസ്ഥാനതല പരീക്ഷ : 2024 നവംബർ 10

പഠനത്തിനായി POC ബൈബിളും ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ് ഉപയോഗിക്കേണ്ടത്. മലയാളത്തിലും ഇംഗ്ലീഷിലും തമിഴിലും പരീക്ഷ എഴുതുന്നവർ രജിസ്ട്രേഷൻ സമയത്ത് പ്രത്യേകം സൂചിപ്പിക്കേണ്ടതാണ്.

**രൂപതാതല സമ്മാനങ്ങൾ** (ഓരോ വിഭാഗത്തിനും പ്രത്യേകം)

1 - ാം സമ്മാനം : 2000 രൂപയും KCBC സർട്ടിഫിക്കറ്റും

2 - ാം സമ്മാനം : 1500 രൂപയും KCBC സർട്ടിഫിക്കറ്റും

3 - ാം സമ്മാനം : 1000 രൂപയും KCBC സർട്ടിഫിക്കറ്റും

A വിഭാഗത്തിൽ 60% നു മുകളിൽ മാർക്ക് ലഭിക്കുന്ന കുട്ടികൾക്ക് :

KCBC സർട്ടിഫിക്കറ്റും സമ്മാനവും

മറ്റു വിഭാഗത്തിൽ 70% നു മുകളിൽ മാർക്ക് ലഭിക്കുന്നവർക്ക് :

KCBC സർട്ടിഫിക്കറ്റും സമ്മാനവും

**ലോഗോസ് ഫാമിലി ക്വിസ് :**

ലോഗോസ് ഫാമിലി ക്വിസ് മത്സരങ്ങളിൽ പങ്കെടുക്കുന്നവരിൽ 2 തലമുറകളിലുള്ളവർ ടീമിലുണ്ടായിരിക്കണം. ഒരു ഫാമിലി ടീമിൽ 3 പേർ വേണം. ഈ 3 പേരുടെ എഴുത്തു പരീക്ഷയുടെ ആവ്റേജ് മാർക്കാണ് ടീമിന്റെ മാർക്കായി കണക്കാക്കുന്നത്. രൂപതാ തലത്തിൽ 1, 2, 3 സ്ഥാനങ്ങൾക്കും ഇടവക തലത്തിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന ഫാമിലിക്കും സമ്മാനം ഉണ്ടായിരിക്കും.

♦ 5 -ാം ക്ലാസ്സ് മുതൽ 12 -ാം ക്ലാസ്സ് വരെയുള്ള മുഴുവൻ സൺഡേ സ്കൂൾ കുട്ടികളെയും അധ്യാപകരെയും പരീക്ഷ എഴുതിപ്പിക്കുന്ന ഇടവകയ്ക്ക് (രൂപതയിൽ നൽകിയ ലിസ്റ്റ് പ്രകാരം) സമ്മാനം.

♦ ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന വിശ്വാസ പരിശീലകർക്ക് സമ്മാനം.

♦ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് സമ്മാനം.

♦ ഇടവകാംഗങ്ങളുടെ ആകെ എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് സമ്മാനം.

♦ ഏറ്റവും കൂടുതൽ സിസ്റ്റേഴ്സിനെ പങ്കെടുപ്പിക്കുന്ന കോൺഗ്രിഗേഷനു സമ്മാനം.

**പ്രത്യേക ശ്രദ്ധയ്ക്ക്**

- 20 രൂപ അടച്ച് രജിസ്റ്റർ ചെയ്തവർക്ക് പകരം മറ്റാരെയും പരീക്ഷ എഴുതാൻ അനുവദിക്കില്ല.
- വിശ്വാസ പരിശീലകരുടെ പേരിനു നേരെ 'T' എന്ന് ബ്രായ്ക്കറ്റിൽ ചേർക്കേണ്ടതാണ്.
- സിസ്റ്റേഴ്സിന്റെ പേരിനോടൊപ്പം കോൺഗ്രിഗേഷന്റെ പേരു കൂടി ചേർക്കണം.
- 2024 ജൂലൈ 31-ാം തീയതിയോടെ രജിസ്ട്രേഷൻ അവസാനിക്കും.

ഓൺലൈൻ രജിസ്ട്രേഷൻ സംബന്ധമായ സംശയങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ.

**സ്റ്റെബിൻ ജോൺ - 9496338237**

## CJ. 27/24 +2 സഹ്യജ്യോതി മീറ്റ്

12-ാം ക്ലാസിലെ കുട്ടികൾക്കും അവരുടെ അധ്യാപകർക്കു മായി മൂന്ന് സെന്ററുകളിൽ വച്ച് +2 സഹ്യജ്യോതി മീറ്റ് സംഘ ടിപ്പിക്കുന്നു.

ആഗസ്റ്റ് 11 ഞായർ : ആയിരമേക്കർ
ആഗസ്റ്റ് 18 ഞായർ : രാജമുടി
ആഗസ്റ്റ് 20 ചൊവ്വ : ഇരട്ടയാർ

വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## CJ. 28/24 ജൂലൈ 6 മുതൽ ആഗസ്റ്റ് 15 വരെയുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ

♦ ജൂലൈ 6 ശനി : വി. മരിയ ഗൊരേത്തിയുടെ തിരുനാൾ
♦ 7 ഞായർ : ടീച്ചേഴ്സ് ട്രെയിനിംഗ് - 6, 7 ക്ലാസ്സ് ഇരട്ടയാർ
♦ 12 വെള്ളി : C.M.L രൂപതാ മാനേജിംഗ് കമ്മിറ്റി മീറ്റിംഗ് (ഈവനിംഗ്) രാജാക്കാട്
: C.M.L വി. കൊച്ചുത്രേസ്യായുടെ മാതാ പിതാക്കളുടെ തിരുനാൾ. ശാഖകളിൽ മാതൃകാ കുടുംബങ്ങളെ ആദരിക്കുന്നു.
♦ 13 ശനി : C.M.L രൂപതാ വാർഷികം, കൗൺസിൽ രാജാക്കാട്
♦ 16 ചൊവ്വ : C.M.L 5 മക്കളിൽ കൂടുതലുള്ള കുടുംബ ങ്ങളുടെ ഓൺലൈൻ സംഗമം (സംസ്ഥാ നതലം)
: തിരുബാലസഖ്യം - എയ്ഞ്ചൽസ് മീറ്റ്
♦ 21 ഞായർ : ടീച്ചേഴ്സ് ട്രെയിനിംഗ് - 6, 7 ക്ലാസ്സ് അടിമാലി
: അസംബ്ളി, സെമിനാർ (ക്ലാസ്സ് 1 - 5)
: സ്റ്റഡിഫോറം
♦ 26 വെള്ളി : Grand Parents Day
♦ 28 ഞായർ : വയോജന ദിനാചരണം
: വി. അൽഫോൻസാമ്മയുടെ തിരുനാൾ
: C.M.L വൈസ് ഡയറക്ടേഴ്സ് ദിനം രൂപത,

മേഖല, ശാഖാ ഡയറക്ടേഴ്സിനെ അതാതു തലങ്ങളിൽ ആദരിക്കുന്നു.

| | | |
|---|---|---|
| | : | C.M.L വിശേഷാൽ പൊതുദിവ്യകാരുണ്യ സ്വീകരണം |
| | : | അസംബ്ളി, വി. അൽഫോൻസ അനുസ്മരണ അസാധാരണ സമ്മേളനം, സെമിനാർ (ക്ലാസ്സ് 6 - 12) |
| | : | പ്രോഗ്രസ് കാർഡ് പൂരിപ്പിക്കൽ |
| 31 ബുധൻ | : | ലോഗോസ് ക്വിസ് രജിസ്ട്രേഷൻ സമാപനം. |
| ♦ ആഗസ്റ്റ് 1 വ്യാഴം | : | പതിനഞ്ച് നോമ്പാരംഭം |
| ♦ 3 ശനി | : | C.M.L സാഹിത്യ മത്സരം - രൂപതാതലം |
| ♦ 4 ഞായർ | : | വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ |
| | : | വൈദികരെ ആദരിക്കൽ |
| | : | ടീച്ചേഴ്സ് ട്രെയിനിംഗ് - 8, 9 ക്ലാസ്സ് ഇരട്ടയാർ. |
| ♦ 6 ചൊവ്വ | : | കർത്താവിന്റെ രൂപാന്തരീകരണം |
| ♦ 10 ശനി | : | C.M.L - വിയാനി ക്വിസ്- ശാഖാതലം |
| | : | തിരുബാലസഖ്യം മേഖലാ കലോത്സവം |
| | : | Yes രൂപതാതല work book checking Batch Animators Meet (St. Jacob, St. Philp, St.Simon) |
| | : | കുട്ടികളും മാതാപിതാക്കളും (first batch) |
| | : | ടീച്ചേഴ്സ് ട്രെയിനിംഗ്- 8, 9 ക്ലാസ്സ് അടിമാലി |
| ♦ 11 ഞായർ | : | +2 സഹ്യജ്യോതി മീറ്റ് (1) ആയിരമേക്കർ C.M.L കുഞ്ഞേട്ടൻ അനുസ്മരണ ദിനം |
| | : | അൽമായ നേതൃദിനം ശാഖാ, മേഖല ഭാരവാഹികളെ അതാതു തലങ്ങളിൽ ആദരിക്കുന്നു. |
| | : | C.M.L വിശേഷാൽ പൊതുദിവ്യകാരുണ്യസ്വീകരണം |
| | : | അസംബ്ളി-കുഞ്ഞേട്ടൻ അനുസ്മരണ അസാധാരണസമ്മേളനം, സെമിനാർ (ക്ലാസ്സ് 6 - 12) |
| ♦ 13 ചൊവ്വ | : | വി. ജോൺ ബർക്കുമാൻസ് അൾത്താര ബാലന്മാരുടെ ദിനം |
| ♦ 15 വ്യാഴം | : | മാതാവിന്റെ സ്വർഗാരോപണം. |

## Edn. 20/24 അഭിനന്ദനങ്ങൾ

ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ 2024-25 അദ്ധ്യയന വർഷത്തിൽ നിയമിതരായ പ്രഥമാധ്യാപകർ

| No. | Name | School |
|---|---|---|
| 1 | Joy. K. Jose (Principal) | SXHSS Chemmannar |
| 2 | Jiji Abraham (Principal) | STHSS Erattayar |
| 3 | Jijo George (Principal) | SGHSS Vazhathope |
| 4 | Archana Thomas | SGHSS Vazhathope |
| 5 | Sr. Anie Thomas | SJHS Kanthippara |
| 6 | Mathew Joseph | SMHS Vazhavara |
| 7 | Jomol M.T | SSHS Pottankad |
| 8 | Joychan Joseph | SJHS Upputhode |
| 9 | Binoy Joseph | SGHS Parathode |
| 10 | Nelson C Konoor | SSHS Thokkupara |
| 11 | Biju V.J | SXHSS Chemmannar |
| 12 | Jijimol Mathew | SMHSS Murickassery |
| 13 | Sr. Mini Joseph | SJUPS Josegiri |
| 14 | Anu Augustine | CRUPS Manjappara |
| 15 | Shaji Joseph | STUPS Mankuva |
| 16 | Deepthy Scaria | SJUPS Panamkutty |

| | | |
|---|---|---|
| 17 | Shibu K. Devasia | SMUPS Mankulam |
| 18 | Daisymol Varghese | HFUPS Kiliyarkandam |
| 19 | Sr. Sindhu Paul | SMUPS Kanjikuzhy |
| 20 | Binoy Mathew | SJUPS Vellayamkudy |
| 21 | Jince Jose | SSUPS Nedumkandam |
| 22 | Sr. Biji Mathew | SMUPS Udayagiri |
| 23 | Leena Joseph | SJLPS Thooval |
| 24 | Binitha Varghese | STLPS Thankamany |

## പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

**PCM. 38/24 Faculty Development Programme**

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ IQAC, CPIC & ITPC സംയുക്തമായി സംഘടിപ്പിച്ച FDP (Faculty Development Programme) 2024 ജൂൺ മൂന്നാം തീയതി സെമിനാർ ഹാളിൽ വച്ച് നടന്നു. കോളേജ് പ്രിൻസിപ്പൽ Dr. Fr. ബെന്നിച്ചൻ സ്കറിയ, കോളേജ് ബർസാർ Dr. Fr. ജായസ് മറ്റം, വൈസ് പ്രിൻസിപ്പൽ Mr. സജി K ജോസ്, Mr. സന്തോഷ് ജോർജ് എന്നിവർ സന്നിഹിതർ ആയ സെമി നാറിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയത് Dr. Sr. Jolly K. V (HOD, Dept of English ) ആണ്.

**PCM. 39/24 Students Orientation Programme.**

സ്റ്റുഡന്റ്സ് അക്കാദമിക് സപ്പോർട്ട് സെല്ലിന്റെ ആഭിമുഖ്യത്തിൽ, വിദ്യാർത്ഥികൾക്കുള്ള ഓറിയന്റേഷൻ പ്രോഗ്രാം പാവനാത്മാ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. കോളേജ് മാനേജർ Fr. ജോസ് കരിവേലിക്കൽ ഉദ്ഘാടനം ചെയ്ത പ്രോഗ്രാമിൽ Mr.മോൻസി വർഗീസ് (National Trainer, JCI) ക്ലാസുകൾക്ക് നേതൃത്വം നൽകി.

## PCM. 40/24 പരിസ്ഥിതി ദിനാചരണം

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ നാഷണൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പരിസ്ഥിതി ദിനാചരണം, 'ഒരു തൈ നടാം നല്ല നാളേക്ക് വേണ്ടി' എന്ന ആശയ ത്തോടെ വൃക്ഷത്തൈ നട്ടുകൊണ്ട് കോളേജ് പ്രിൻസിപ്പൽ Dr. ബെന്നിച്ചൻ സ്കറിയ ഉദ്ഘാടനം ചെയ്തു. തുടർന്ന് NSS വോളന്റിയർമാർ മൂന്നാം ബ്ലോക്ക് വെയ്റ്റിംഗ് ഷെഡ് വൃത്തിയാക്കുകയും കഴിഞ്ഞ വർഷം നട്ട ഫലവൃക്ഷത്തൈകൾ പരിപാലിക്കുകയും ചെയ്തു.

## .PCM. 41/24 ബാലവേല വിരുദ്ധ ദിനാചരണം

ലോക ബാലവേല വിരുദ്ധ ദിനത്തോട് അനുബന്ധിച്ച് ജൂൺ 12 ന് മുരിക്കാശ്ശേരി പാവനാത്മാ കോളേജ് ഇക്കണോമിക്സ് വിഭാഗം സംഘടിപ്പിച്ച ഓൺലൈൻ ക്വിസ് മത്സരത്തിൽ ഒന്നാം സമ്മാനം - ഇക്കണോമിക്സ് രണ്ടാം വർഷ വിദ്യാർത്ഥിനി വന്ദന P. V. യും രണ്ടാം സമ്മാനം - ജിൻസ് ബെന്നി (2nd B. A ഹിസ്റ്ററി), ജെഫി മാത്യു (3rd Bsc Mathematics) എന്നിവരും മൂന്നാം സമ്മാനം അലെൻസി ജോയി (2 nd MCM)യും കരസ്ഥമാക്കി.

## PCM. 42/24 ലാംഗ്വേജ് ലാബ്

മുരിക്കാശ്ശേരി പാവനാത്മാ കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നവീകരിച്ച 'ലാംഗേ്വജ് ലാബി'ന്റെ ഉദ്ഘാടനം, കോളേജ് മാനേജർ Very Rev. Fr. ജോസ് കരിവേലിക്കൽ നിർവഹിച്ചു. കോളേജ് പ്രിൻസിപ്പൽ Dr. ബെന്നിച്ചൻ സ്കറിയ, കോളേജ് ബർസാർ Dr. Fr. ഫിലിപ്പ് മറ്റം, ഇംഗ്ലീഷ് വകുപ്പ് മേധാവി Dr. Sr. ജോളി K. V. എന്നിവർ സന്നിഹിതരായിരുന്നു.

## MSC 26/24 സ്റ്റാഫ് മീറ്റിംഗ്

2023-24 അധ്യയന വർഷത്തിലെ പ്രവർത്തന വിലയിരുത്തലിനും 2024-25 അധ്യയന വർഷത്തിലെ പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിനും അധ്യയനവർഷത്തിലെ പ്രഥമ സ്റ്റാഫ് മീറ്റിംഗ് നടത്തപ്പെട്ടു. കോളേജ് മാനേജർ വെരി. റവ. മോൺ. ജോസ് കരിവേലിക്കൽ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു,

കോളേജ് പ്രിൻസിപ്പൽ ഡോ. സി. മോളി എം. എ, കോളേജ് ബർസാർ ഫാ. ജെയിംസ് പാലക്കാമറ്റത്തിൽ, കോളേജ് വൈസ് പ്രിൻസിപ്പൽ ശ്രീ. ആനന്ദ് ജോസഫ്, സീനിയർ അസിസ്റ്റന്റ് ശ്രീ. എബിൻ മാത്യു സെബാസ്റ്റ്യൻ, സ്റ്റാഫ് സെക്രട്ടറി ശ്രീ. അജു ജോളി തുടങ്ങി എല്ലാ സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു. സ്റ്റാഫ് മീറ്റിങ്ങിന് വൈസ് പ്രിൻസിപ്പൽ ശ്രീ. ആനന്ദ് ജോസഫ് സ്വാഗതവും സ്റ്റാഫ് സെക്രട്ടറി ശ്രീ. അജു ജോളി നന്ദിയും അറിയിച്ചു.

## MSC 27/24 അക്കാദമിക്ക് പ്ലാനിങ്ങ് സെഷൻ

2024-മെയ് 31 വെള്ളി 10 മണി മുതൽ മാർ സ്ലീവാ കോളേജ് അക്കാഡമിക് പ്ലാനിങ്ങ് സെഷനുവേണ്ടി അധ്യാപകർ ഒരുമിച്ചുകൂടി. കോളേജ് പ്രിൻസിപ്പൽ ഡോ. സി. മോളി എം.എ. വൈസ് പ്രിൻസിപ്പൽ ശ്രീ. ആനന്ദ് ജോസഫ് എല്ലാ ഡിപ്പാർട്ട്മെന്റ്കളിലെയും മേധാവിമാരും നേതൃത്വം നൽകി എല്ലാ അധ്യാപകരും അക്കാദമിക് പ്ലാനിങ്ങ് സെഷനിൽ പങ്കെടുത്തു.

## MSC 28/24 കോളേജ് റീ ഓപ്പണിംഗ് - 2024

മാർ സ്ലീവ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിലെ 2024-2025 അക്കാദമിക് ഇയർ ഉദ്ഘാടനം ജൂൺ 3 ന് നടന്നു. കോളേജ് പ്രിൻസിപ്പാൾ ഡോ. മോളി SABS അധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജ് വൈസ് പ്രിൻസിപ്പാൾ ആനന്ദ് ജോസഫ് സ്വാഗതം ആശംസിച്ചു. ബർസാർ ഫാ. ജയിംസ് പാലക്കാമറ്റത്തിൽ മുഖ്യ പ്രഭാഷണം നടത്തി. തുടർന്ന് വിദ്യാർത്ഥികൾക്കായി നടത്തിയ ഓറിയന്റേഷൻ ക്ലാസ് ശ്രീ. മാത്യൂസ് ഐക്കര നയിച്ചു.

## MSC 29/24 പരിസ്ഥിതി ദിനാചരണം

മുരിക്കാശ്ശേരി മാർ സ്ലീവാ കോളേജിലെ എൻ. എസ്.എസ്, എൻ.സി.സി, നേച്ചർ ക്ലബ്ബ് എന്നിവയുടെ നേതൃത്വത്തിൽ തങ്കമണി എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് ജൂൺ 5-ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു. കോൺഫറൻസ് ഹാളിൽ വെച്ച് നടന്ന മീറ്റിംഗിൽ. തങ്കമണി എക്സൈസ് ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റന്റ് ഇൻസ്പെക്ടർ ബഹു. സജിമോൻ സാർ വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈ നൽകി ഉദ്ഘാടനം ചെയ്തു. യോഗത്തിൽ കോളേജ് ബർസാർ ബഹു. റവ.ഫാ ജെയിംസ് പാലക്കാമറ്റത്തിൽ അധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. മോളി എം എ, എക്സൈസ് പ്രിവന്റീവ് ഓഫീസർമാരായ വിനോദ്, രാഹുൽ, ബേസിൽ, റെജി എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു. വൈസ് പ്രിൻസിപ്പാൾ ശ്രീ. ആനന്ദ് ജോസഫ് യോഗത്തിന് കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന് ക്യാമ്പസിൽ ഫലവൃക്ഷത്തൈ നടുകയും ചെയ്തു.

## MSC 30/24 വർക്ക്ഷോപ്പ് ഓൺ കരിക്കുലം ഇംപ്ലിമെന്റേഷൻ പ്രോഗ്രാം

2024 ജൂൺ 7-ന് IQAC യുടെ നേതൃത്വത്തിൽ വർക്ക്ഷോപ്പ് ഓൺ കരിക്കുലം ഇംപ്ലിമെന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. IQAC കോ-ഓർഡിനേറ്റേഴ്സ്. ശ്രീമതി. ആശ കെ.എൻ., ശ്രീമതി. റ്റിൻജു കെ. സിറിയക് എന്നിവർ നേതൃത്വം നൽകി. കോളേജ് പ്രിൻസിപ്പൽ ഡോക്ടർ സിസ്റ്റർ മോളി എം.എ, കോളേജ് ബർസാർ ഫാ. ജെയിംസ് പാലക്കാമറ്റത്തിൽ, വൈസ് പ്രിൻസിപ്പൽ ശ്രീ. ആനന്ദ് ജോസഫ്, സീനിയർ അസിസ്റ്റന്റ് എബിൻ മാത്യു സെബാസ്റ്റ്യൻ, സ്റ്റാഫ് സെക്രട്ടറി ശ്രീ. അജു ജോളി തുടങ്ങി എല്ലാ അധ്യാപകരും വർക്ക്ഷോപ്പിൽ പങ്കെടുത്തു.

## SS 28/24 സജീവം-സന്നദ്ധ സേന രൂപീകരണവും പരിശീലനവും

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി കാരിത്താസ് ഇൻഡ്യയുടെ സഹായത്തോടെ നടത്തുന്ന ലഹരി വിരുദ്ധ ബോധ വൽക്കരണ ക്യാമ്പയിൻ ആയ 'സജീവം' പദ്ധതിയുടെ ഭാഗമായി കിളിയാർകണ്ടം യൂണിറ്റിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ ചേർത്ത് സന്നദ്ധ സേന രൂപീകരിക്കുകയും, സേനാംഗങ്ങൾക്ക് വിദഗ്ദ പരിശീലന പരിപാടി സംഘടിപ്പിക്കുകയും ചെയ്തു. കിളിയാർകണ്ടം ഹോളിഫാമിലി പള്ളി പാരീഷ് ഹാളിൽ നടന്ന പരിപാടി ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസഫ് കൊച്ചുകുന്നേൽ ഉദ്ഘാടനം ചെയ്തു. കിളിയാർകണ്ടം യൂണിറ്റ് രക്ഷാധികാരി ഫാ. ജോർജ്ജ് പെരുമാലിൽ, ഫെഡറേഷൻ യൂണിറ്റ് പ്രസിഡന്റ് ശ്രീമതി സാലി ബേബി, സെക്രട്ടറി ശ്രീ. ജോണി മാത്യു എന്നിവർ സംസാരിച്ചു. പരിശീലന പരിപാടിയ്ക്ക് കേരള സോഷ്യൽ സർവ്വീസ് ഫോറം 'സജീവം' സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ശ്രീ. സജോ ജോയ് നേതൃത്വം നല്കി. സൊസൈറ്റി പ്രോജക്ട് കോ-ഓർഡിനേറ്റർമാരായ എബിൻ കുറുന്താനത്ത്, നിതിൻ വരിക്കയിൽ എന്നിവർ സംബന്ധിച്ചു..

## SS 29/24 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് വാർഷികം

### 1. കിളിയാർകണ്ടം

കിളിയാർകണ്ടം യൂണിറ്റിന്റെ വാർഷികാഘോഷം ജൂൺ 6 വ്യാഴാഴ്ച രാവിലെ 10.30 ന് നടത്തപ്പെട്ടു. യൂണിറ്റ് രക്ഷാധികാരി റവ. ഫാ. ജോർജ്ജ് പെരുമാലിൽ അദ്ധ്യക്ഷത വഹിച്ച വാർഷികം ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസഫ് കൊച്ചുകുന്നേൽ ഉദ്ഘാടനം ചെയ്തു യൂണിറ്റ് സെക്രട്ടറി ശ്രീ. ജോണി മാത്യു റിപ്പോർട്ട് അവതരിപ്പിച്ചു. വാർഷികത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും സമ്മാനം നൽകി. ഏറ്റവും കൂടുതൽ നിക്ഷേപം നടത്തിയ വ്യക്തിയെയും, മികച്ച ക്ഷീരകർഷകരെയും മെമന്റോ നല്കി ആദരിച്ചു. നബാർഡിൽ നിന്നുള്ള ലോൺ,

ഫെഡറൽ ബാങ്ക് ലോൺ, മറ്റ് ഹ്രസ്വകാല ലോണുകൾ എന്നിവ യൂണിറ്റുകൾ വഴിയായി എടുത്തു നല്കുകയും കൃത്യമായ തിരിച്ചടവുകൾ നടത്തുകയും ചെയ്തുവരുന്നു. ബാലവേദി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. യൂണിറ്റ് പ്രസിഡന്റ് ശ്രീമതി സാലി ബേബി, സൊസൈറ്റി ബോർഡ് മെമ്പർ ശ്രീ. ടോമി കണ്ടത്തിൽ, ഫെഡറേഷൻ രൂപതാ സെക്രട്ടറി ശ്രീ. എബിൻ കുറുന്താനത്ത്, ശ്രീ. സാബു ജോസഫ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. 125 എസ്.എച്ച്.ജി. അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

2. മാങ്കുളം

മാങ്കുളം എസ്.എച്ച്.ജി. ഫെഡറേഷൻ യൂണിറ്റ് പൊതുയോഗം ജൂൺ 8 ശനിയാഴ്ച ചേർന്നു. മാങ്കുളം സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വച്ച് ഫെഡറേഷൻ രക്ഷാധികാരി റവ. ഫാ. ജോർജ്ജ് കൊല്ലംപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ ജോസഫ് കൊച്ചുകുന്നേൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകാനും പുതിയ സംഘങ്ങൾ തുടങ്ങുവാനും, ജൈവഗ്രാമം പദ്ധതി നടപ്പിലാക്കുവാനും യോഗത്തിൽ തീരുമാനിച്ചു. അസിസ്റ്റന്റ് വികാരി ഫാ. ജോസഫ് പ്ലാത്തോട്ടത്തിൽ, പ്രസിഡന്റ് ശ്രീമതി സിസി ഫ്രാൻസിസ്, സെക്രട്ടറി ശ്രീ. ബിനീഷ് ജോസ്, എസ്.എച്ച്.ജി. രൂപതാ സെക്രട്ടറി ശ്രീ. എബിൻ കുറുന്താനത്ത് എന്നിവർ സംസാരിച്ചു.

## SS 30/24 സെൻട്രൽ കമ്മിറ്റി മീറ്റിംഗ്

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കീഴിലുള്ള എസ്എച്ച്ജി ഫെഡറേഷന്റെ സെൻട്രൽ കമ്മിറ്റി മീറ്റിംഗ് പ്രസിഡന്റ് റവ.മോൺ ജോസ് കരിവേലിക്കൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ജൂൺ 16-ാം തീയതി സൊസൈറ്റി ഓഫീസിൽ കൂടുകയുണ്ടായി. നിലവിൽ പ്രവർത്തിക്കുന്ന എല്ലാ സംഘടനകളുടെയും, യൂണിറ്റുകളുടെയും ഓഡിറ്റ് ജൂലൈ, ആഗസ്റ്റ് മാസങ്ങളിലായി നടത്തുവാനും, ആനിമേറ്റേഴ്സിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാനും, സൊസൈറ്റിയുടെ വിവിധ പദ്ധതികൾ യൂണിറ്റുകൾ വഴി നടപ്പിലാക്കുവാനും, നിർജ്ജീവമായി കിടക്കുന്ന യൂണിറ്റുകൾ ശക്തിപ്പെടുത്തുവാനും തീരുമാനിച്ചു.

ഓഡിറ്റ് നടത്തേണ്ട യൂണിറ്റുകളും തിയതിയും മേഖല അടിസ്ഥാനത്തിൽ താഴെ കൊടുക്കുന്നു.

**ചുരുളി മേഖല ഓഡിറ്റ് – ജൂലൈ 1 – 15**

| | | |
|---|---|---|
| കീരിത്തോട് | തട്ടേക്കണ്ണി | ചുരുളി |
| ആന്റോപുരം | ആൽപ്പാറ | കരിമ്പൻ |
| മുളകുവള്ളി | വെണ്മണി | മുത്തിയുരുണ്ടയാർ |

**മുരിക്കാശ്ശേരി മേഖല ഓഡിറ്റ് – ജൂലൈ 16 – 31**

| | | |
|---|---|---|
| മുരിക്കാശ്ശേരി | രാജമുടി | കനകക്കുന്ന് |
| ഉപ്പുതോട് | മുക്കുടം | പെരിഞ്ചാംകുട്ടി |

**ഇരട്ടയാർ മേഖല ഓഡിറ്റ് – ഓഗസ്റ്റ് 1 – 15**

| | | |
|---|---|---|
| ഇരട്ടയാർ | തങ്കമണി | എഴുകുംവയൽ |
| മഞ്ഞപ്പാറ | മാവടി | നസ്രത്തുവാലി |
| കാൽവരിമൗണ്ട് | കാഞ്ചിയാർ | തൂക്കുപാലം |
| ഈട്ടിത്തോപ്പ് | നെടുംകണ്ടം | പേഴുംകണ്ടം |

**രാജാക്കാട് മേഖല ഓഡിറ്റ് – ഓഗസ്റ്റ് 16 – 31**

| | | |
|---|---|---|
| വെള്ളത്തൂവൽ | രാജാക്കാട് | കുഞ്ചിത്തണ്ണി |
| പൊട്ടൻകാട് | ജോസ്ഗിരി | കാന്തിപ്പാറ |
| ബൈസൺവാലി | സ്ലീവാമല | മാങ്കുളം |
| ആനക്കുളം | | |

ഓഡിറ്റിങ്ങിനുള്ള കൃത്യമായ തീയതികൾ തീരുമാനിക്കാനായി വിളിക്കേണ്ട നമ്പർ : എബിൻ തോമസ് 8289807489

## SS 31/24 ബോർഡ് മീറ്റിംഗ്

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ബോർഡ് മീറ്റിംഗ് പ്രസിഡന്റ് റവ. മോൺ. ജോസ് കരിവേലിക്കൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ജൂൺ 18 ന് സൊസൈറ്റി ഓഫീസിൽ കൂടുകയുണ്ടായി. എൻ.ജി.ഒ. കോൺഫെഡറേഷനുമായി സഹകരിച്ച് 50% സബ്സിഡി നിരക്കിൽ ലാപ്ടോപ്, തയ്യൽ മെഷീൻ, ജൈവവളങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവ കൂടുതൽ ആളുകൾക്ക് ലഭ്യമാക്കുന്നതിനും 3 മാസത്തിലൊരിക്കൽ ബോർഡ് മീറ്റിംഗ് കൂടുന്നതിനും നബാർഡിൽ നിന്ന് ലഭിക്കുന്ന ട്രൈബൽ പ്രോജക്ടുകൾ കോഴിമല, വട്ടവട, അടിമാലി എന്നീ ആദിവാസി മേഖലകളിൽ കൂടി ഉൾപ്പെടുത്തി നടത്തുന്നതിനും, നിലവിലുള്ള പ്രോജക്ടുകളുടെ റിപ്പോർട്ടു

കളും, സൊസൈറ്റിയുടെ സാമ്പത്തിക റിപ്പോർട്ടുകളും വരവ് ചിലവ് കണക്കുകളും എല്ലാ ഡയറക്ടർ ബോർഡ് മീറ്റിംഗുകളിലും അവതരിപ്പിക്കാനും ആനിമേറ്റേഴ്സിനെ നിയമിച്ച് ഈ സാമ്പത്തിക വർഷത്തിൽ 50 എസ് എച്ച് ജി ഫെഡറേഷനുകൾ രൂപീകരിക്കാനും തീരുമാനിച്ചു.

# കെ.സി.എസ്.എൽ.

## KCSL 13/24 സംസ്ഥാന അവാർഡ് ഇടുക്കി രൂപതയ്ക്ക്

കെ.സി.എസ്.എൽ. സംസ്ഥാന തലത്തിൽ ഉജ്വല വിജയം നേടി ഇടുക്കി രൂപത. സംസ്ഥാന തലത്തിൽ 2022-2023 പ്രവർത്തന വർഷത്തിലെ പ്രവർത്തനങ്ങൾക്കാണ് രൂപത ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്.

സംസ്ഥാന തലത്തിൽ മികച്ച യു.പി.സ്കൂളായി നാരകക്കാനം സെന്റ് ജോസഫ് യു.പി. സ്കൂളും മികച്ച ഹൈസ്കൂളായി ഇരട്ടയാർ സെന്റ് തോമസ് ഹൈസ്കൂളും മികച്ച രണ്ടാമത്തെ ഹയർ സെക്കണ്ടറി സ്കൂളായി മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂളും തെരഞ്ഞെടുക്കപ്പെട്ടു. ജൂൺ 15 ന് വരാപ്പുഴയിൽ നടന്ന സമ്മേളനത്തിൽ അവാർഡുകൾ വിതരണം ചെയ്തു.

## KCSL 14/24 സംസ്ഥാനതല ആനിമേറ്റേഴ്സ് മീറ്റ്

2024-25 പ്രവർത്തന വർഷത്തെ കെ.സി.എസ്.എൽ സംസ്ഥാന ആനിമേറ്റേഴ്സ് മീറ്റ് വരാപ്പുഴ അതിരൂപതയുടെ സോഷ്യൽ സർവീസ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. തദവസരത്തിൽ മികച്ച രൂപതക്കുള്ള, അവാർഡും മികച്ച സ്കൂളുകൾക്കുള്ള അവാർഡും വരാപ്പുഴ അതിരൂപത നിയുക്ത സഹായ മെത്രാൻ മോൺ. ആന്റണി വാലുങ്കലിൽ നിന്നും ഇടുക്കി രൂപതാ ഭാരവാഹികൾ ഏറ്റുവാങ്ങി.

## HC 22/24 ജൂൺ 16 ഫാദേഴ്സ് ഡേ

തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾക്ക് വേണ്ടി ഫോട്ടോ ഫ്രെയിം മത്സരം നടത്തപ്പെട്ടു. രൂപതാ തലത്തിൽ വിജയികളായ വർക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

## HC 23/24 ജൂൺ 19 വായനാ ദിനാഘോഷം

വായനാദിനത്തോടനുബന്ധിച്ച് തിരുബാലസഖ്യം കുട്ടികൾക്ക് വേണ്ടി 'ഉണ്ണീശോക്കൊരു കത്ത്' എന്ന മത്സരം നടത്തപ്പെട്ടു. വിജയികൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

## HC 24/24 വിശുദ്ധരെ പരിചയപ്പെടുത്തൽ

ജൂലൈ മാസത്തിൽ കുട്ടികൾക്ക് പരിചയപ്പെടുത്തേണ്ട വിശുദ്ധർ പരിശുദ്ധ അമ്മയുടെ മാതാപിതാക്കളായ വിശുദ്ധ യോവാക്കീമും അന്നയും ആണ്.

## HC 25/24 ജൂലൈ 3

വിശുദ്ധ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ആഘോഷിക്കുവാൻ കുഞ്ഞുങ്ങളെ ആനിമേറ്റേഴ്സ് ഒരുക്കുമല്ലോ.

## HC 26/24 ജൂലൈ 7 'Little Maria'' Fancy Dress Competition'

വിശുദ്ധ മരിയ ഗോരേത്തിയുടെ തിരുനാളിനോട് അനുബന്ധിച്ച് തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾക്ക് വേണ്ടി 'Little Maria' എന്ന പേരിൽ ഒരു ഫാൻസി ഡ്രസ്സ് മത്സരം നടത്തപ്പെടുന്നു.

1) ഉണ്ണീശോ കളരി മുതൽ അഞ്ചാം ക്ലാസ് വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് വേണ്ടി മാത്രം ക്രമീകരിച്ചിരിക്കുന്ന മത്സരമാണിത്.

2) 7-ാം തീയതി ഞായറാഴ്ചയാണ് മത്സരം നമ്മൾ നടത്തേണ്ടത് വി. മരിയ ഗൊരേത്തിയുടെ വേഷം ധരിച്ച് കുട്ടികൾ വി. കുർബാനയ്ക്ക് അണിനിരക്കാൻ ശ്രദ്ധിക്കുക.

3) ഇടവക തലത്തിൽ ഏറ്റവും മനോഹരമായി വി. മരിയയുടെ ഫാൻസി ഡ്രസ്സ് നടത്തുന്ന കുട്ടിയെ നിങ്ങൾ തിരഞ്ഞെടുത്ത് ഫോട്ടോ അന്ന് തന്നെ മേഖലാ വാട്സ് ആപ്പ് ഗ്രൂപ്പിൽ അയച്ചു കൊടുക്കണം.

4) മേഖല തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന കുട്ടിയുടെ ഫോട്ടോ മേഖല ആനിമേറ്റേഴ്സ് രൂപതയിലേക്ക് 9-ാം തീയതി വൈകുന്നേരം 4 മണിക്കു മുമ്പ് അയച്ചുതരേണ്ടതാണ്.

5) ഏറ്റവും കൂടുതൽ മരിയ ഗൊരേത്തിമാരെ അണിനിരത്തുന്ന ഇടവകയ്ക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

## HC 27/24 ജൂലൈ 16 എയ്ഞ്ചൽസ് മീറ്റ്

നമ്മുടെ രൂപതയിൽ ഈ വർഷം ആദ്യ കുർബാന സ്വീകരിച്ചിട്ടുള്ള കുട്ടികൾക്കായി ജൂലൈ 16 ചൊവ്വാഴ്ച വാഴത്തോപ്പിൽ വച്ച് എയ്ഞ്ചൽസ് മീറ്റ് നടത്തപ്പെടുകയാണ്. രണ്ട് സെന്ററിൽ വച്ച് നടത്താനാണ് നമ്മൾ തീരുമാനിച്ചിരുന്നത്. എന്നാൽ ജൂലൈ 27 പ്രവർത്തന ദിനം ആകാൻ സാധ്യതയുള്ളതു കൊണ്ട് നെടുങ്കണ്ടം ഒഴിവാക്കി, ഒറ്റ സ്ഥലത്ത്, വാഴത്തോപ്പിൽ നടത്താൻ തീരുമാനിക്കുകയാണ്. വാഹനങ്ങൾ ക്രമീകരിക്കാൻ ഉള്ള സൗകര്യം അനുസരിച്ച് സാധിക്കുന്നിടത്തോളം കുട്ടികളെ പറഞ്ഞുവിടാൻ അച്ചന്മാർ മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Time Table :

| | | |
|---|---|---|
| 09.30 | : | Registration, Refreshment |
| 10.00 | : | ക്ലാസ് - ശ്രീ.ബേബി ജോൺ കലയന്താനി |
| 10.45 | : | Refreshment |
| 11.00 | : | ആരാധന, ദിവ്യകാരുണ്യപ്രദക്ഷിണം |
| 11.20 | : | അഭിവന്ദ്യ പിതാവിന്റെ വി. കുർബാന |
| 12.30 | : | ഉച്ചഭക്ഷണം |

Registration Fee - Rs . 50/-

## HC 28/24 ജൂലൈ 26 Grand Parents day

'ഗ്രാൻഡ് പേരന്റ്സ് ഡേ' യോടനുബന്ധിച്ച് കുഞ്ഞുങ്ങളോട് ഗ്രാൻഡ് പേരന്റ്സിനെ wish ചെയ്യാനും സമ്മാനങ്ങൾ നൽകി ആദരിക്കുവാനും, അതിന്റെ ഫോട്ടോ എടുത്ത് മേഖല വാട്സ്ആപ്പ് ഗ്രൂപ്പിൽ ഷെയർ ചെയ്യാനും ആനിമേറ്റേഴ്സ് അറിയിക്കുമല്ലോ.

## HC 29/24 ജൂലൈ 28 വി. അൽഫോൻസമ്മ

സഹനത്തിന്റെ പുത്രിയായ വി. അൽഫോൻസാമ്മയുടെ തിരുനാൾ 28-ാം തീയതി ഞായറാഴ്ച ഏറ്റവും സമുചിതമായി ആചരിക്കാൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

# ചെറുപുഷ്പ മിഷൻലീഗ്

## CML 38/24 എക്സിക്യൂട്ടീവ് മീറ്റിംഗ്, റിഷോർട്ട് വാല്യുവേഷൻ, ദിവ്യകാരുണ്യ ആരാധന

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതാ സമിതിയുടെ 2024-2025 പ്രവർത്തന വർഷത്തെ പ്രഥമ എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂൺ മാസം 1-ാം തീയതി ശനിയാഴ്ച അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് പ്രസിഡന്റ് സെസ്സിൽ ജോസിന്റെ അധ്യക്ഷതയിൽ നടത്തി. കഴിഞ്ഞ മാസപ്രവർത്തനങ്ങളെ വിലയിരുത്തിയതോടൊപ്പം തുടർന്നുവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങൾ കൈക്കൊണ്ടു. തുടർന്ന് ശാഖാ, മേഖലാ തല റിപ്പോർട്ടുകളുടെ വാല്യുവേഷൻ നടത്തി മൂല്യനിർണയ സന്ദർശനങ്ങൾക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്തു.

ദൈവ കേന്ദ്രീകൃത സംഘടനാ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി സമിതി അംഗങ്ങൾ ഒരു മണിക്കൂർ സമയം ദിവ്യകാരുണ്യ ആരാധന നടത്തി. മിഷൻലീഗ് സംഘടന പ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടിയും രൂപത ഏറ്റെടുത്തിരിക്കുന്ന മിഷൻ ഗ്രാമങ്ങൾക്കും അവിടെ ശുശ്രൂഷ ചെയ്യുന്ന എല്ലാ മിഷനറിമാർക്കും വേണ്ടിയും പ്രാർത്ഥിച്ചു.

## CML 39/24 പ്രവർത്തന വർഷ ഉദ്ഘാടനം, മാർഗരേഖ പ്രകാശനം

ജൂൺ മാസം 2-ാം തീയതി ഞായറാഴ്ച ചെറുപുഷ്പ മിഷൻ ലീഗ് രൂപത പ്രസിഡന്റ് സെസിൽ ജോസ് അടിമാലി സെന്റ് ജൂഡ് ദൈവാലയങ്കണത്തിൽ മിഷൻ ലീഗ് പതാക ഉയർത്തി. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ വിശ്വാസ പരിശീലനത്തിന്റെയും

ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം തുടങ്ങിയ സംഘടന കളുടെയും പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗരേഖാ പ്രകാശ നവും മോൺ. ജോസ് പ്ലാച്ചിക്കൽ നിർവഹിച്ചു. സെന്റ് ജൂഡ് ഫൊറോനാ പള്ളി വികാരി റവ.ഫാ. ജോർജ് പാട്ടത്തേക്കുഴി, വിശ്വാസ പരിശീലനത്തിന്റെയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയു ടെയും രൂപതാ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് ഐക്കര, തിരുബാല സഖ്യം രൂപതാ ഡയറക്ടറും CML അസി. ഡയറക്ടറുമായ റവ. ഫാ. ജോസഫ് താണോലിൽ, CML രൂപതാ വൈസ് ഡയറക്ടർ റവ. സി. സ്റ്റാർലെറ്റ് CMC, സെക്രട്ടറി മാർട്ടിൻ മാത്യു, ഓർഗനൈസർ ജെയിംസ് തോമസ് എന്നിവരോടൊപ്പം രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളെല്ലാവരും പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി.

## CML 40/24 ശാഖ, മേഖല വിലയിരുത്തൽ, സന്ദർശനങ്ങൾ

2023-2024 പ്രവർത്തന വർഷ റിപ്പോർട്ട് നൽകിയ ശാഖ കളിലും മേഖലകളിലും രൂപത സമിതി അംഗങ്ങൾ ജൂൺ മാസം 2-ാം തിയതി മുതൽ വിലയിരുത്തൽ സന്ദർശനങ്ങൾ ആരംഭിച്ചു. പ്രവർത്തനവർഷത്തിലെ മികച്ച ശാഖകളെയും മേഖലകളെയും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ ജൂൺ 2, 9, 16, 17, 23, 30 തീയതി കളിലായി നടത്തിയ സന്ദർശനങ്ങൾക്ക് അസി. ഡയറക്ടർ റവ. ഫാ. ജോസഫ് താണോലിൽ, വൈസ് ഡയറക്ടർ സി. സ്റ്റാർലെറ്റ് CMC, പ്രസിഡന്റ് സെസിൽ ജോസ്, സെക്രട്ടറി മാർട്ടിൻ മാത്യു, ഓർഗനൈ സർ ജെയിംസ് തോമസ്, എക്സിക്യുട്ടീവിലെ മറ്റംഗങ്ങളായ അനിൽ ജോസ്, ആൻമരിയ ജോർജ്, അയോണ ജോഷി എന്നിവർ നേതൃത്വം നൽകി.

## CML 41/24 'ഉജ്ജ്വലം 2K24' ശാഖ മേഖല രൂപത തല വൈസ് ഡയറക്ടേഴ്സ് & ഓർഗനൈസേഴ്സ് മെഗാ സംഗമം. പ്രവർത്ത നവർഷ മാർഗരേഖ അവതരണം വിതരണം.

'ഉജ്ജ്വലം 2K24' എന്ന പേരിൽ ഇടുക്കി രൂപത ചെറുപുഷ്പ മിഷൻലീഗ് നടത്തിയ ശാഖാ മേഖലാ രൂപതാ തല വൈസ് ഡയറ ക്ടേഴ്സ് & ഓർഗനൈസേഴ്സ് മെഗാ സംഗമം ശ്രദ്ധേയമായി. ജൂൺ 8-ാം തീയതി വാഴത്തോപ്പ് കത്തീഡ്രൽ പള്ളി ഓഡിറ്റോറിയത്തിൽ

വച്ച് നടന്ന മെഗാ സംഗമത്തിൽ 212 പേരാണ് പങ്കെടുത്തത്. അംഗങ്ങളുടെ പൂർണ്ണ പങ്കാളിത്തം സംഗമത്തെ വൻ വിജയമാക്കി തീർത്തു. CML രൂപതാ വൈസ് ഡയറക്ടർ റവ.സി. സ്റ്റാർലെറ്റ് CMC നേതൃത്വം നൽകിയ പ്രേഷിതാഞ്ജലി പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ അസി. ഡയറക്ടർ റവ. ഫാ. ജോസഫ് താണോലിൽ സ്വാഗതം ആശംസിച്ചു. CML രൂപതാ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് ഐക്കര നേതൃത്വം നൽകിയ ക്ലാസുകളിലൂടെയും, സജീവമായ ഗ്രൂപ്പ് ചർച്ചകളിലൂടെയും മിഷൻ ലീഗിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ പ്രബുദ്ധരാകുന്നതിനും പ്രവർത്തന വർഷാരംഭത്തിൽ തന്നെ ജ്വലിക്കുന്ന ഹൃദയത്തോടെ കർമ്മരംഗത്തേക്ക് ഇറങ്ങുന്നതിനും സംഗമം അംഗങ്ങൾക്ക് പ്രചോദനമേകി.

CML രൂപത ഓർഗനൈസർ ജെയിംസ് തോമസ് 2024-2025 പ്രവർത്തനവർഷ മാർഗ്ഗരേഖ അവതരണം നടത്തി. തുടർന്ന് മാർഗരേഖ എല്ലാ ശാഖകൾക്കും നൽകി. പ്രവർത്തന വർഷ റിപ്പോർട്ട് തയ്യാറാക്കൽ, സംഘടനാ പ്രവർത്തനങ്ങളിലെ മറ്റു സംശയങ്ങൾ എന്നിവയ്ക്ക് വൈസ് ഡയറക്ടർ റവ. സി. സ്റ്റാർലെറ്റ് CMC വിശദീകരണം നൽകി. ജനറൽ സെക്രട്ടറി മാർട്ടിൻ മാത്യു കൃതജ്ഞത അർപ്പിച്ചു. പ്രോഗ്രാമുകൾക്ക് CML രൂപതാ സമിതി അംഗങ്ങൾ നേതൃത്വം നൽകി.

## CML 42/24 രൂപതാ മാനേജിംഗ് കമ്മിറ്റിയും വാർഷികവും കൗൺസിലും

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതയുടെ 2024-2025 പ്രവർത്തനവർഷത്തെ പ്രഥമ മാനേജിംഗ് കമ്മിറ്റി മീറ്റിംഗ് ജൂലൈ മാസം 12 വെള്ളിയാഴ്ച രാജാക്കാട് ഫൊറോനപ്പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതാണ്. മേഖലാ സമിതി അംഗങ്ങളെല്ലാവരും മാനേജിംഗ് കമ്മിറ്റിയിൽ പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

ജൂലൈ 13 ശനിയാഴ്ച രൂപതാ വാർഷികവും കൗൺസിലും രാജാക്കാട് വച്ചു തന്നെ നടക്കുകയാണ്. കഴിഞ്ഞ പ്രവർത്തന വർഷത്തിലെ മികച്ച ശാഖകൾക്കും മേഖലകൾക്കും ഉള്ള അവാർഡുകളും, ലോഗോ മത്സരത്തിലും, കയ്യെഴുത്ത് മാസിക നിർമ്മാണ മത്സരത്തിലും വിജയികളായവർക്കുള്ള സമ്മാനങ്ങളും

വാർഷികത്തിൽ വച്ച് നൽകുന്നതാണ്. ഓരോ ശാഖയിൽ നിന്നും ഡയറക്ടർ അച്ചന്റെയും വൈസ് ഡയറക്ടറിന്റെയും നേതൃത്വത്തിൽ ഭാരവാഹികൾ ഉൾപ്പെടെ പരമാവധി 10 പേർക്കാണ് രൂപതാ വാർഷികത്തിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുക. വാർഷികത്തിൽ എല്ലാ ശാഖാ മേഖലാ സമിതി അംഗങ്ങളുടെയും പങ്കാളിത്തം ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു.

## CML 43/24 മേഖലാ വാർത്തകൾ

**പ്രേഷിത ജ്വാലയാൽ ജ്വലിച്ച് ചെറുപുഷ്പ മിഷൻലീഗ് കുഞ്ചിത്തണ്ണി മേഖലയുടെ 2024-2025 പ്രവർത്തന വർഷത്തിന് ആരംഭം.**

ജൂൺ 17-ാം തീയതി ആനച്ചാൽ സെന്റ് ജോർജ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട ചെറുപുഷ്പ മിഷൻലീഗ് കുഞ്ചിത്തണ്ണി മേഖലയുടെ പ്രവർത്തന വർഷ ഉദ്ഘാടനവും, മേഖല വാർഷികവും, കൗൺസിലും ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപത ഡയറക്ടർ റവ. ഫാ. ഫിലിപ്പ് ഐക്കര ഉദ്ഘാടനം ചെയ്തു. മിഷൻ റാലിയോടെ ആരംഭിച്ച ഉദ്ഘാടന സമ്മേളനത്തിന് മേഖല ഡയറക്ടർ റവ.ഫാ. വിൻസന്റ് വാളിപ്ലാക്കൽ സ്വാഗതം ആശംസിക്കുകയും, മേഖലാ പ്രസിഡൻറ് ആഷിൻ ഷാജി അധ്യക്ഷത വഹിക്കുകയും ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ മേഖലാ മാർഗ്ഗരേഖ പ്രകാശനം ചെയ്യുകയും മേഖലാ ബജറ്റ് അവതരിപ്പിക്കുകയും, മേഖലയുടെ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് പ്രവർത്തനങ്ങളുടെ ആരംഭം കുറിച്ച് 8 ശാഖകളിലെ തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായി പഠനോപകരണങ്ങൾ വിതരണം ചെയ്തു. പ്രസ്തുത സമ്മേളനത്തോടനുബന്ധിച്ച് മാനേജിംഗ് കമ്മിറ്റിയും വൈസ് ഡയറക്ടേഴ്സ് മീറ്റുംനടത്തപ്പെട്ടു.

## KCYM 39/24 YES LORD PRAYER മീറ്റിംഗ്

കെ.സി.വൈ.എം ഇടുക്കി രൂപത സ്പിരിചൽ വിംഗിന്റെ നേതൃത്വത്തിൽ YES LORD Monthly Prayer Meeting മെയ് 19 ഞായറാഴ്ച വൈകിട്ട് ഗൂഗിൾ മീറ്റിൽ സംഘടിപ്പിച്ചു.

## KCYM 40/24 കെ.സി.വൈ.എം ഇടുക്കി രൂപതയുടെ പ്രവർത്തന വർഷ ഉദ്ഘാടനം

കെ.സി.വൈ.എം ഇടുക്കി രൂപതയുടെ 2024 പ്രവർത്തന വർഷത്തിന് ആരംഭം കുറിച്ചു കൊണ്ട് ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും ജൂൺ 2 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് മച്ചിപ്ലാവ് കാർമ്മൽ ജ്യോതി സ്പെഷ്യൽ സ്കൂളിൽ വച്ച് നടത്തപ്പെട്ടു. ഇടുക്കി രൂപത വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ ഉദ്ഘാടന കർമ്മം നിർവഹിച്ചു. മച്ചിപ്ലാവ് ഇടവക വികാരി റവ ഫാ. മർക്കോസ് ചിറ്റേമാരിയിൽ കർമ്മപദ്ധതി പ്രകാശനം നിർവഹിച്ചു. 2023–24 പ്രവർത്തന വർഷത്തിലെ മികച്ച യൂണിറ്റുകൾ, യൂത്ത് ഐക്കൺ തുടങ്ങിയ പുരസ്കാരങ്ങൾ നൽകപ്പെട്ടു. കാർമ്മൽ ജ്യോതി സ്കൂൾ കുട്ടികളും നിരവധി വൈദികരും സന്യസ്തരും യൂണിറ്റ് മേഖല തല ഭാരവാഹികളും മറ്റു യുവജനങ്ങളും പങ്കെടുത്തു.

## KCYM 41/24 പരിസ്ഥിതി ദിനാഘോഷം

കെ.സി.വൈ.എം ഇടുക്കി രൂപത പ്രവർത്തന വർഷ ഉദ്ഘാടനത്തോടാനുബന്ധിച്ച് പരിസ്ഥിതിദിനം ആഘോഷിച്ചു. ഇടുക്കി രൂപത വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ വൃക്ഷ തൈത്തെ നട്ടുകൊണ്ട് പരിസ്ഥിതിദിന പരിപാടികൾക്ക് തുടക്കം കുറിച്ചു. ഉദ്ഘാടനത്തിൽ പങ്കെടുത്ത മുഴുവൻ കെ.സി.വൈ.എം യൂണിറ്റുകളിലേക്കും വൃക്ഷത്തൈത്തെ വിതരണം നടത്തുകയും ചെയ്തു.

## KCYM 42/24 എസ്.എം.വൈ.എം സംസ്ഥാന സമിതിക്ക് ഇടുക്കി രൂപതയിൽ നിന്നും പുതിയ നേതൃത്വം

എസ്.എം.വൈ.എം സംസ്ഥാന സമിതിയുടെ പ്രസിഡന്റ് ആയി ഇടുക്കി രൂപത എസ്.എം.വൈ.എം കൗൺസിലറും കെ.സി.വൈ.എം ഇടുക്കി രൂപതാ മുൻ പ്രസിഡന്റുമായ ശ്രീ. അലക്സ് തോമസ് പുളിമൂട്ടിലും സംസ്ഥാന ജോയിന്റ് സെക്രട്ടറി ആയി ഇടുക്കി രൂപത എസ്.എം.വൈ.എം കൗൺസിലറായ അനു മരിയ തോമസും തിരഞ്ഞെടുക്കപ്പെട്ടു. ജൂൺ 9 ഞായറാഴ്ച കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സംസ്ഥാന വാർഷിക കൗൺസിലിലാണ് തിരഞ്ഞെടുപ്പ് നടന്നത്.

## KCYM 43/24 യൂണിറ്റ് വിസിറ്റ്- കെ.സി.വൈ.എം ഈട്ടിത്തോപ്പ് യൂണിറ്റ്

കെ.സി.വൈ.എം ഈട്ടിത്തോപ്പ് യൂണിറ്റിന്റെ 2024-25 പ്രവർത്തന വർഷത്തെ ഉദ്ഘാടനവും തിരഞ്ഞെടുപ്പും കെ.സി.വൈ.എം ഇടുക്കി രൂപത സമിതി അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

## KCYM 44/24 ഉണർവ് - കെ.സി.വൈ.എം നാരകക്കാനം പ്രവർത്തന വർഷ ഉദ്ഘാടനം

KCYM നാരകക്കാനം യൂണിറ്റിന്റെ പ്രവർത്തന വർഷ ഉദ്ഘാടനം ഉണർവ് 2024 ജൂൺ 16 ഞായറാഴ്ച കെ.സി.വൈ.എം ഇടുക്കി രൂപത ആനിമേറ്റർ Sr. Linta SABS ഉദ്ഘാടനം ചെയ്തു. എസ്.എം.വൈ.എം സംസ്ഥാന പ്രസിഡന്റ് അലക്സ് തോമസ് മുഖ്യ അഥിതി ആയിരുന്നു. കെ.സി.വൈ.എം ഇടുക്കി രൂപതാ സമിതി അംഗങ്ങൾ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു.

## KCYM 45/24 കെ.സി.വൈ.എം അംഗത്വ സ്വീകരണം - കിളിയാർകണ്ടം യൂണിറ്റ്

കെ.സി.വൈ.എം കിളിയാർകണ്ടം യൂണിറ്റിൽ +2 കഴിഞ്ഞ കുട്ടികളെ കെ.സി.വൈ.എം ലേക്ക് സ്വാഗതം ചെയ്തു കൊണ്ട് ജൂൺ 16 ഞായറാഴ്ച അംഗത്വ സ്വീകരണവും ബ്ലെസ്സിങ് സെറിമണിയും നടത്തപ്പെട്ടു. കെ.സി.വൈ.എം ഇടുക്കി രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നടുപ്പടവിൽ നേതൃത്വം നൽകി. കെ.സി.വൈ.എം ഇടുക്കി രൂപത സമിതി അംഗങ്ങളും പങ്കെടുത്തു.

## KCYM 46/24 സംയുക്ത മേഖല നേതൃത്വ സംഗമം

കെ.സി.വൈ.എം ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ രൂപതയിലെ മേഖലകളിൽ നിന്നുള്ള ഭാരവാഹികൾക്കായി ജൂൺ 17 തിങ്കളാഴ്ച കരിമ്പൻ രൂപതാ കാര്യാലയത്തിൽ വച്ച് മേഖല നേതൃത്വ സംഗമം സംഘടിപ്പിച്ചു. ഇടുക്കി രൂപതയിലെ 6 മേഖല കളിൽ നിന്നും ഉള്ള ഭാരവാഹികളും ഡയറക്ടർ അച്ചന്മാരും ആനി മേറ്റർ സിസ്റ്റേഴ്സും മീറ്റിംഗിൽ പങ്കെടുത്തു.

## KCYM 47/24 കെ.സി.വൈ.എം സംസ്ഥാന പ്രകൃതി പഠന ക്യാമ്പ് ഇടുക്കി രൂപതയിൽ

കെ.സി.വൈ.എം ഇടുക്കി രൂപത ആതിഥേയത്വം വഹി ക്കുന്ന സംസ്ഥാന പ്രകൃതി പഠന ക്യാമ്പ് CANYON ന്റെ ലോഗോ പ്രകാശനം ജൂൺ 17 തിങ്കളാഴ്ച ഇടുക്കി രൂപതാ കാര്യാലയത്തിൽ വച്ച് ഇടുക്കി രൂപത വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ നിർവഹിച്ചു. സംസ്ഥാന പ്രസിഡന്റ് ഇമ്മാനുവേൽ എം.ജെ, മറ്റു സംസ്ഥാന സമിതി അംഗങ്ങൾ, കെ.സി.വൈ.എം ഇടുക്കി രൂപത സമിതി അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു. ജൂൺ 28, 29, 30 തീയതികളിലായി നെടുങ്കണ്ടം കരുണ ഡിവൈൻ മേഴ്സി ആനിമേഷൻ സെന്ററിൽ വച്ചാണ് ക്യാമ്പ് നടത്തപ്പെടുന്നത്.

# ജീസസ് യൂത്ത് ഇടുക്കി സോൺ

## JY 57/24 കൗൺസിൽ മീറ്റിങ്ങ്

ജീസസ് യൂത്ത് സോണൽ കൗൺസിൽ മീറ്റിങ്ങ് ജൂൺ മാസം 8, 9 തിയതികളിൽ, ചാപ്ലിൻ ഫാദർ ജെയിംസ് മാക്കിയിലിന്റെ യും, ആനിമേറ്റർ സി. ബ്ലസി സി.എം.സി യുടെയും സാന്നിധ്യത്തിൽ നെടുങ്കണ്ടം കരുണാ ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെട്ടു. കൗൺസിൽ അംഗങ്ങൾ മീറ്റിംഗിൽ സജീവമായി പങ്കെടുത്തു. ഒന്നി ച്ചുള്ള പ്രാർത്ഥനയ്ക്കും ചർച്ചകൾക്കും ശേഷം ദൈവതിരുമുമ്പിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ, കൗൺസിൽ മീറ്റിംഗ് അവസാനിച്ചു.

## JY 58/24 സോണൽ ഹൗസ്ഹോൾഡ്

ജീസസ് യൂത്ത് ഇടുക്കി സോണിന്റെ ജൂൺ മാസത്തിലെ ഹൗസ്ഹോൾഡ്, ജൂൺ 16 ന് തെള്ളിത്തോട് സെന്റ് ജോസഫ് ദൈവാലയത്തിൽ നടത്തപ്പെട്ടു. സോണൽ കൗൺസിൽ ടീം ഹൗസ് ഹോൾഡിന് നേതൃത്വം നൽകി. 'എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും' (ഫിലിപ്പി 4, 13) എന്ന വചനഭാഗം ഹൗസ്ഹോൾഡ് പഠനവിഷയം ആയിരുന്നു.

## JY 59/24 സെൻട്രൽ പ്രയർ ഗ്രൂപ്പ്

എല്ലാ ബുധനാഴ്ചകളിലും പടമുഖം സ്നേഹമന്ദിരത്തിൽ വച്ച് വൈകുന്നേരം 6.30 മുതൽ സെൻട്രൽ പ്രയർ മീറ്റിംഗ് കൂടി വരുന്നു. തോപ്രാംകുടി, പാറത്തോട് സബ്സോൺ ഗ്രൂപ്പുകൾ മീറ്റിംഗിന് നേതൃത്വം നൽകുന്നു.

## JY 60/24 പ്രയർ ഗ്രൂപ്പുകൾ

കരിമ്പൻ സെന്റ് മേരീസ് ദേവാലയത്തിലും, രാജാക്കാട് ക്രിസ്തുരാജ് ദേവാലയത്തിലും പാറത്തോട് സെന്റ് ജോർജ് ദൈവാലയത്തിലും സബ്സോൺ പ്രയർ ഗ്രൂപ്പുകൾ നടന്നു വരുന്നു.

## JY 61/24 സബ്സോൺ കൂട്ടായ്മകൾ

രാജാക്കാട് സബ്സോൺ കൂട്ടായ്മ ജൂൺ 8-ാം തീയതി രാജാക്കാട് സാൻജോ കോളേജിൽ വച്ച് നടത്തപ്പെട്ടു.

## JY 62/24 ടീൻസ് കൂട്ടായ്മ

ജൂൺ 7-ാം തീയതി പടമുഖം സ്നേഹമന്ദിരത്തിൽ വച്ച് ടീൻസ് കൂട്ടായ്മനടത്തപ്പെട്ടു .

# മാതൃവേദി

## MV 22/24 Festum Verbi വചന മഹാസംഗമം

ആയിരമേക്കർ സെന്റ് തോമസ് ഹാളിൽ വച്ച് 2024 ജൂൺ 23-ാം തീയതി വചന മഹാസംഗമം നടത്തപ്പെട്ടു. ഇടുക്കി രൂപതാ ധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് ഉദ്ഘാ

ടനം ചെയ്തു. പെരി. ബഹു. വികാരി ജനറാൾ ജോസ് പ്ലാച്ചിക്കൽ അച്ചൻ ബൈബിൾ പ്രതിഷ്ഠ നടത്തി സന്ദേശം നൽകി. CMI സഭയുടെ മൂവാറ്റുപുഴ പ്രോവിൻസ് വികാർ പ്രൊവിൻഷ്യൽ ഫാ. റോയി കണ്ണഞ്ചിറ CMI അനുഗ്രഹ പ്രഭാഷണം നടത്തി. 2023-24 വർഷത്തെ ബൈബിൾ കൈയെഴുത്തിൽ പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. ഈ മഹാസംഗമത്തെ വിജയിപ്പിക്കുന്നതിന് വേണ്ടി പ്രയത്നിച്ച എല്ലാവരെയും അവരെ പറഞ്ഞയച്ച വികാരിയച്ചന്മാരെയും ആനിമേറ്റർ സിസ്റ്റേഴ്സിനെയും ഭാരവാഹികളെയും മറ്റ് മാതൃവേദി അംഗങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു.

## MV 23/24 ജൂലൈ മാസ പ്രവർത്തനങ്ങൾ

### 1. ദുക്റാനതിരുനാൾ

ദുക്റാനതിരുനാൾ അനുഗ്രഹപ്രദമായി ആചരിക്കുന്നതിന്റെ ഭാഗമായി രൂപതയിലെ എല്ലാ അമ്മമാരും സഭയിൽ നിന്നും മാറി നിൽക്കുന്നവരുടെ തിരിച്ചു വരവിനായി 3 വിശ്വാസപ്രമാണം ചൊല്ലി കാഴ്ച വയ്ക്കുകയും വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളുകയും ചെയ്യുക.

### 2. പ്രസംഗമത്സരം

നമ്മുടെ വിശ്വാസത്തിന്റെ പിതാവായ 'മാർ തോമാശ്ലീഹായുടെ പ്രേഷിതചൈതന്യവും വിശ്വാസതീക്ഷ്ണതയും' എന്ന വിഷയം ആസ്പദമാക്കിയുള്ള പ്രസംഗ മത്സരം ഇടവക തലത്തിൽ ജൂലൈ 21 ഞായറാഴ്ച നടത്തപ്പെടുന്നു.

### 3. അൽഫോൻസാമ്മയുടെ തിരുനാൾ

വി. അൽഫോൻസാമ്മയുടെ തിരുന്നാളിനോടനുബന്ധിച്ച് സാധിക്കുന്ന ശാഖകൾ അൽഫോൻസാ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കുക. രോഗികളെയും വൃദ്ധജനങ്ങളെയുംസന്ദർശിക്കുക.

## MV 24/24 ബൈബിൾ കൈയെഴുത്ത് മത്സരം 2024

ഇടുക്കി രൂപതാ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ രൂപതയിലുള്ള അമ്മമാർ, പിതാക്കന്മാർ, യുവാക്കൾ, കുട്ടികൾ, സമർപ്പിതർ എന്നീ വിഭാഗങ്ങളിൽ ഈ വർഷവും ബൈബിൾ കയ്യെഴുത്ത് മത്സരം സംഘടിപ്പിക്കുകയാണ്. ബൈബിൾ കയ്യെഴുത്തിലൂടെ ആത്മീയവളർച്ചക്കും നിരവധിയായ അനുഗ്രഹലബ്ദിക്കുമായി പ്രത്യേകം

നിയോഗത്തോടെ ഇതിൽ പങ്കെടുക്കാൻ എല്ലാവരെയും സ്നേഹ പൂർവ്വം ക്ഷണിക്കുന്നു.

**നിബന്ധനകൾ** : 2024-2025 ബൈബിൾ കൈയ്യെഴുത്ത് മത്സരത്തിന്റെ രജിസ്ട്രേഷൻ ജൂലൈ 28-ാം തീയതിക്ക് മുൻപ് നടത്തേണ്ടതാണ്. ഗൂഗിൾ ഫോം വഴിയോ അല്ലെങ്കിൽ Registration form വഴിയോ Registration നടത്താവുന്നതാണ്.

**വിഭാഗങ്ങൾ** :
* A 55 വയസ്സിനു മുകളിൽ
* B 35 വയസ്സിനു മുകളിൽ
* C 20 വയസ്സിനു മുകളിൽ
* D 10 വയസ്സിനു മുകളിൽ
* E മറ്റു സമുദായങ്ങൾ
* F സിസ്റ്റേഴ്സ്
* G 10 വയസ്സിന് താഴെ

**മത്സരഭാഗം** :
* A, B, C, D, E, F എസ്രാ, നെഹെമിയ, തോബിത്, യൂദിത്ത്, എസ്തേർ
* G (10 വയസ്സിൽ താഴെയുള്ള കുട്ടികൾ) : വി. മത്തായി 1-14 അദ്ധ്യായങ്ങൾ

**രജിസ്ട്രേഷൻ ഫീസ്** : മുതിർന്നവർക്ക് - 200 രൂപ
കുട്ടികൾക്ക് - 100 രൂപ

കൂടുതൽ ആളുകൾ പങ്കെടുക്കുന്ന കുടുംബങ്ങൾക്ക് ഫീസ് ഇളവ് ഉണ്ടായിരിക്കുന്നതാണ്.

**മറ്റു നിർദ്ദേശങ്ങൾ**

■ രൂപതയിൽ നിന്നും തരുന്ന രജിസ്റ്റർ നമ്പരും, സ്വന്തം പേരും കയ്യെഴുത്ത് പ്രതിയുടെ അവസാന പേജിൽ രേഖപ്പെടുത്തേണ്ടതാണ്.

■ പി.ഒ.സി ബൈബിൾ ആണ് പകർത്തി എഴുതാൻ ഉപയോഗിക്കേണ്ടത്. ഇംഗ്ലീഷ് ബൈബിൾ പകർത്തി എഴുതുന്നവർ NRSV (Catholic Edition) ബൈബിൾ ആണ് ഉപയോഗിക്കേണ്ടത്.

■ ബൈബിളിലെ പോലെ ഒരു പേപ്പർ രണ്ട് ഭാഗമായി തിരിച്ചെഴുതേണ്ടതില്ല.

■ ഫുട്നോട്ടുകൾ (foot notes) എഴുതേണ്ടതില്ല.

■വൃത്തി, കൃത്യത, തെറ്റില്ലായ്മ എന്നിവ വിധി നിർണയത്തിൽ ശ്രദ്ധിക്കുന്നതാണ്.

■അലങ്കാര വർക്കുകൾ വിധി നിർണയത്തിൽ ഒരു മാനദണ്ഡമല്ല.

■വൈറ്റ്നർ ഉപയോഗിച്ച് അക്ഷരത്തെറ്റ് മായ്ക്കാൻപാടില്ല.

## MV 27/24 ബൈബിൾ കയ്യെഴുത്ത് 2023 മത്സര ഫലങ്ങൾ

### ഗ്രൂപ്പ് എ (പുരുഷൻമാർ - ഇംഗ്ലീഷ്)

1. ഷൈജു മാനുവൽ, വാഴത്തോപ്പ്
2. സിജു സ്റ്റാൻലി, രാജപുരം
3. സണ്ണി തോമസ്, പാറത്തോട്
   ജിൻസ് ജോസഫ്, എഴുകുംവയൽ

### ഗ്രൂപ്പ് എ (പുരുഷന്മാർ മലയാളം)

1. ജിൻസ് ജോസഫ്, എഴുകുംവയൽ
2. ചാക്കോ മാത്യു, കല്ലുപാലം
3. സെബാസ്റ്റ്യൻ എ, ചെമ്മണ്ണാർ
   ജോർജ്ജ് ജോസഫ്, മണിയാറൻകുടി

### ഗ്രൂപ്പ് എ (സ്ത്രീകൾ- ഇംഗ്ലീഷ്)

1. ലില്ലി ജോസ്, മുളകുവള്ളി
2. ലിൻസി സിബി, ആയിരമേക്കർ
3. മിനി സിജി, മുക്കുടം
   ഷിജി ബെന്നി, കാൽവരിമൗണ്ട്
   കൊച്ചുറാണി ജോർജ്, മഞ്ഞപ്പെട്ടി

### ഗ്രൂപ്പ് എ (സ്ത്രീകൾ മലയാളം)

1. പൗളി ബെന്നി, രാജകുമാരി
2. ഷൈനി ജോസഫ്, ഈട്ടിത്തോപ്പ്
3. ജെയ്സമ്മ കുഴിപ്പിള്ളിൽ, നെടുങ്കണ്ടം
   റാണി ബാബു, മുരിക്കുംതൊട്ടി

### ഗ്രൂപ്പ് ബി (പുരുഷൻമാർ -ഇംഗ്ലീഷ്)

1. ചാക്കോ മാത്യു, പുഷ്പകണ്ടം
2. ജോയ്മോൻ ജോസഫ്, മുരിക്കാശ്ശേരി
3. ബിനു സിജു, എഴുകുംവയൽ

**ഗ്രൂപ്പ് ബി (പുരുഷൻമാർ – മലയാളം)**

1. സോണി ലിന്റോ, പൈനാവ്
2. ജോൺസൺ മാത്യു, രാജപുരം
3. ജോബിഷ് സക്കറിയ, ഈട്ടിത്തോപ്പ്

**ഗ്രൂപ്പ് ബി (സ്ത്രീകൾ– ഇംഗ്ലീഷ്)**

1. ജിസിമോൾ ഷിജു, ഭൂമിയാംകുളം
2. ജിസ് ജോർജ്, പാറത്തോട്
3. അൽഫോൺസ് പുളിക്കപ്പീടികയിൽ, തങ്കമണി

   ഹണി ടോമി, ബെഥേൽ

**ഗ്രൂപ്പ് ബി (സ്ത്രീകൾ– മലയാളം)**

1. ഡെസ്ന ബിജോ, പൊട്ടൻകാട്
2. ലിസമ്മ ജെയ്സൺ, മുളകുവള്ളി
3. ചിഞ്ചു സനൽ, നെല്ലിപ്പാറ

   രഞ്ചു ടോമി, നാരകക്കാനം

   എയ്മി സിബി, കൂമ്പൻപാറ

**ഗ്രൂപ്പ് സി (പുരുഷന്മാർ ഇംഗ്ലീഷ്)**

1. ആൽബി ബിനോയ്, മാവടി
2. മിലൻ റോയ്, രാജപുരം
3. അമൽ ബിജു, പൊട്ടൻകാട്

   ജോൺപോൾ സിബി, പന്നിയാർകുട്ടി

**ഗ്രൂപ്പ് സി (പുരുഷൻമാർ– മലയാളം)**

1. സിജോമോൻ ജോസഫ്, കല്ലുപാലം
2. ഡിയോൺ ബോബി, വാത്തിക്കുടി
3. എബിൻ ജോർജ്ജ്, വിമലഗിരി

**ഗ്രൂപ്പ് സി (സ്ത്രീകൾ– ഇംഗ്ലീഷ്)**

1. ആൻട്രീസ ജോയ്, മുളകുവള്ളി
2. അലൻറ് ജോസഫ്, കൂമ്പൻമല
3. അലീന കുര്യാക്കോസ്, കാൽവരിമൗണ്ട്

   റോബിന റോയ്, കുരിശുപാറ

**ഗ്രൂപ്പ് സി (മലയാളം)**

1. ഒലിവിയ കെ.ബിനോയ്, പൈനാവ്
2. ചിപ്പി ജോസ്, തോപ്രാംകുടി
3. ഡോണമോൾ ബാബു, പൊന്നാമല
   സോഫിയ രഞ്ജു, പൊൻമുടി

**ഗ്രൂപ്പ് ഡി (ആൺകുട്ടികൾ -ഇംഗ്ലീഷ്)**

1. ബിബിൻ റോബിൻ, പഴയരിക്കണ്ടം
2. ജേക്കബ് ഡോൺ സജി, മരിയാപുരം
3. ഡൊണൽ ജോമോൻ, ഈട്ടിത്തോപ്പ്

**ഗ്രൂപ്പ് ഡി (ആൺകുട്ടികൾ -മലയാളം)**

1. ബിനു ജോസ്, പാറത്തോട്
2. ക്രിസ്റ്റോ ബിജു, തോപ്രാംകുടി
3. ആൽബർട്ട് ജോസ്, കീരിത്തോട്
   സിൽജു, ബൈസൺ വാലി

**ഗ്രൂപ്പ് ഡി (പെൺകുട്ടികൾ -ഇംഗ്ലീഷ്)**

1. അലീൻ ജോബി, പൊട്ടൻകാട്
2. ആൻമരിയ വിൻസെന്റ്, ജോസ്ഗിരി
3. അന്ന തോമസ്, പൊന്മുടി
   ഐറിൻ ബിനോയ്, ഉദയഗിരി

**ഗ്രൂപ്പ് ഡി (പെൺകുട്ടികൾ - മലയാളം)**

1. മഞ്ജുഷ ജിജോ, പണിക്കൻകുടി
2. അനോമ അനീഷ്, വാഴവര
   ഐറിൻ മരിയ ബിനോയ്, ഉദയഗിരി
3. മരിയ തെരേസ്, കാമാക്ഷി
3. ഇവാഞ്ചൽ ജിജോ, കുത്തുപാറ
3. ഡാനിയ ഡിൻസൺ, തൊവരയാർ

**ഗ്രൂപ്പ് ഇ**

1. ഷാലി കുമാരി, പനംകുട്ടി
2. സന്ധ്യ സാബി, കല്ലുപാലം

**ഗ്രൂപ്പ് എസ് (സമർപ്പിതർ- ഇംഗ്ലീഷ്)**

1. സി. ജൂലിയറ്റ് SIC, പഴയരിക്കണ്ടം
2. സി. ലിറ്റി CMC, ഭൂമിയാംകുളം
3. സി. ആൻസ്മരിയ CSN, കീരിത്തോട്

**ഗ്രൂപ്പ് എസ് (സമർപ്പിതർ–മലയാളം)**

1. സി. ലിസ്ന SH, നെടുങ്കണ്ടം
2. സി. ടെസ്ന CMC, പൈനാവ്
3. സി. റോസിലി SH, മൈലാടുംപാറ

**ഗ്രൂപ്പ് എഫ് (പെൺകുട്ടികൾ - ഇംഗ്ലീഷ്)**

1. ഹന്ന തെരേസ് സാജു, പൊന്നമല
2. ഈവാ സൈമി, ജോസ്ഗിരി
3. എൽന എലിസബത്ത് ഷാജി, മാവടി
   അലീന ജോബി, പൊട്ടൻകാട്

**ഗ്രൂപ്പ് എഫ് (പെൺകുട്ടികൾ - മലയാളം)**

1. ഹന്ന തോമസ്, ഇടുക്കി
2. സേറ മറിയം ജോസ്, തോപ്രാംകുടി
3. ആൻസ് മരിയ റോയ്, കാൽവരിമൗണ്ട്
   എലിസബത്ത് മനോജ്, പൊട്ടൻകാട്

**ഗ്രൂപ്പ് എഫ് (ആൺകുട്ടികൾ)**

1. അഡോൺ സുരേഷ്, മാവടി
2. അലക്സ് പോൾസൺ, നാരകക്കാനം
3. ഏദൻ ബിബിൻ, തോപ്രാംകുടി

വിജയികൾക്ക് അഭിനന്ദനങ്ങൾ. പങ്കെടുത്ത എല്ലാവർക്കും പ്രാർത്ഥനാശംസകൾ. (സമ്മാനങ്ങൾ ഏറ്റുവാങ്ങാത്ത ശാഖകൾക്ക് ജൂലൈ 10,11,12 തീയതികളിൽ തടിയമ്പാട് എസ്.എച്ച്. കോൺവെന്റിൽ നിന്നും വാങ്ങി കൊണ്ടുപോകാവുന്നതാണ്.)

## PG 64/24 സേവനസമിതി പുന:സംഘടന ഒരുക്ക സേമിനാർ

ജൂൺ ഒന്നിന് പുന:സംഘടന ഒരുക്ക സെമിനാർ കരിമ്പൻ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. എഴുപതോളം പേർ പങ്കെടുത്തു.

## PG 65/24 ജൂബിലേവൂസ് 2026

കരിസ്മാറ്റിക് നവീകരണം ഇടുക്കി സോണിന്റെ നേതൃത്വത്തിൽ ജൂൺ 10ന് ജൂബിലേവൂസ് 2026 ന് ഒരുക്കമായുള്ള ആരാധനയും സെമിനാറും കരിമ്പൻ സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. വചനധ്യാനം, മധ്യസ്ഥ പ്രാർഥന എന്നിവയോട് കൂടിയ സെമിനാറിലെ ശുശ്രൂഷകൾ കരിസ്മാറ്റിക് നവീകരണം ഇടുക്കി സോൺ കോ-ഓർഡിനേറ്റർ ജോസ് സെബാസ്റ്റ്യൻ കൂട്ടുങ്കൽ നയിച്ചു.

## PG 66/24 സബ്സോൺ സെമിനാറും തിരഞ്ഞെടുപ്പും

വാഴത്തോപ്പ് സബ്സോണിൽ ജൂൺ 15 ന് സെമിനാർ നടത്തപ്പെട്ടു. അതോടൊപ്പം സേവന സമിതിയുടെ തിരഞ്ഞെടുപ്പും പൂർത്തിയാക്കി.

## PG 67/24 സബ്സോൺ പുന:സംഘടന

രാജാക്കാട്, അടിമാലി, തോപ്രാംകുടി, പാറത്തോട്, വാഴത്തോപ്പ് എന്നീ സബ്സോണുകളിൽ അടുത്ത 2 വർഷത്തേക്ക് കരിസ്മാറ്റിക്ക് നവീകരണ മുന്നേറ്റത്തെ ധീരതയോടെ നയിക്കാൻ പുതിയ 9 അംഗ സേവന സമിതികൾ നിലവിൽ വന്നു.

രാജാക്കാട് സബ്സോൺ കോ-ഓർഡിനേറ്റർ: ശ്രീ. ഐബി ഉറുകുഴി
അടിമാലി സബ്സോൺ കോ-ഓർഡിനേറ്റർ: ശ്രീ. അവരാച്ചൻ കോട്ടയ്ക്കകത്ത്
തോപ്രാംകുടി സബ്സോൺ കോ-ഓർഡിനേറ്റർ: ശ്രീ. തോമസ് തെക്കേൽ
പാറത്തോട് സബ്സോൺ കോ-ഓർഡിനേറ്റർ: ശ്രീ. ബേബി അഗസ്റ്റ്യൻ
വാഴത്തോപ്പ് സബ്സോൺ കോ-ഓർഡിനേറ്റർ: ശ്രീ. സന്തോഷ് മാറാമറ്റം
എന്നിവർ നിയോഗിക്കപ്പെട്ടു.

## PG 68/24 പെന്തക്കുസ്താ ദിനാചരണം

മെയ് 19 ഞായർ ഉച്ചകഴിഞ്ഞ് 4 മണി മുതൽ പാറത്തോട് സെന്റ് ജോർജ് ദൈവാലയത്തിൽ വച്ച് പെന്തക്കുസ്താ ദിനാചരണവും പുനരർപ്പണദിനവും ശുശ്രൂഷകളും നടത്തി. നന്ദി, സ്തുതി, ആരാധന, കൈവയ്പ്പ് ശുശ്രൂഷ, വചന സന്ദേശം, അഭിഷേക ആരാധന മുതലായ ശുശ്രൂഷകളിൽ സോണൽ, സബ്സോൺ മിനിസ്ട്രി സർവ്വീസ് ടീമുകളോടൊപ്പം 150 പേർ പങ്കെടുത്ത ദിനാചരണത്തിൽ പാറത്തോട് ഫൊറോന പള്ളി വികാരി വെരി. റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ ക്ലാസ്സുകൾ നയിച്ചു. സ്നേഹ വിരുന്നോടുകൂടി പെന്തക്കുസ്താ ദിനാചരണത്തിന്റെ ശുശ്രൂഷകൾ സമാപിച്ചു.

## PG 69/24 മധ്യസ്ഥ പ്രാർത്ഥനകൾ

എല്ലാ ദിവസവും രാത്രി 8.30 മുതൽ 9.00 മണി വരെ വിവിധ നിയോഗങ്ങൾ സമർപ്പിച്ച് മധ്യസ്ഥ പ്രാർത്ഥന നടന്നു വരുന്നു. ജൂബിലേവൂസ് 2026 ന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി എല്ലാ സബ് സോണുകളും ആഴ്ചയിൽ ഒരു ദിവസം മധ്യസ്ഥ പ്രാർത്ഥന നടത്തുന്നു. ഇടുക്കി സോണിന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചകഴിഞ്ഞ് 2 മണി മുതൽ 6 മണി വരെ മധ്യസ്ഥ പ്രാർത്ഥന നടത്തുന്നു.

എല്ലാ വ്യാഴാഴ്ചയും വൈകിട്ട് 7 മുതൽ 8 മണി വരെ, സാന്താ മരിയ മിഷൻ കേന്ദ്രത്തെയും, രൂപത വൈദികരെയും കുടുംബങ്ങളെയും സമർപ്പിച്ച് ഓൺലൈൻ മധ്യസ്ഥ പ്രാർത്ഥന നടത്തപ്പെടുന്നു.

# കത്തോലിക്കാ കോൺഗ്രസ്

## AKCC 25/24 പ്രതിനിധി സമ്മേളനവും തിരഞ്ഞെടുപ്പും

കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ പ്രതിനിധി സമ്മേളനവും 2024–2027 പ്രവർത്തന വർഷത്തെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ പാരിഷ് ഹാളിൽ നടത്തപ്പെട്ടു. പ്രതിനിധി സമ്മേളനം രൂപതാ ഡയറക്ടർ റവ.

ഫാ. ജോസഫ് പാലക്കുടി ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ജോർജ് കോയിക്കൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ജനറൽ സെക്രട്ടറി സിജോ ഇലന്തൂർ 2021 - 2024 പ്രവർത്തന വർഷത്തെ സംഘടനാ റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ബേബി കൊടക്കല്ലിൽ കഴിഞ്ഞ പ്രവർത്തന വർഷത്തെ വരവ് ചിലവ് കണക്കുകളും അവതരിപ്പിച്ചു. 2021 - 2023 പ്രവർത്തന വർഷത്തിൽ സമുദായ സംഘടനയ്ക്ക് നേതൃത്വം നൽകിയ രൂപത ഭാരവാഹികൾക്ക് കൃതജ്ഞതയർപ്പിച്ചു കൊണ്ട് പ്രതിനിധി സമ്മേളനം സമാപിച്ചു.

## AKCC 26/24 ഭാരവാഹികൾ

കത്തോലിക്ക കോൺഗ്രസ് ഇടുക്കി രൂപത മുൻ ഡയറക്ടർ ഫാദർ ഫ്രാൻസിസ് ഇടവകണ്ടത്തിന്റെയും, ശ്രീ. ചുമ്മാർ മാത്യുവിന്റേയും നേതൃത്വത്തിൽ 2024 2027 പ്രവർത്തന വർഷത്തെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തപ്പെട്ടു. തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ പേരും ഇടവകയും ചുവടെ ചേർക്കുന്നു.

പ്രസിഡന്റ് : KC ജോർജ് കോയിക്കൽ, ഇരട്ടയാർ
ജനറൽ സെക്രട്ടറി : സിജോ ഇലന്തൂർ, ഇരട്ടയാർ
ട്രഷറർ : ജോസഫ് ചാണ്ടി തേവർപറമ്പിൽ, വെള്ളത്തൂവൽ
വൈസ് പ്രസിഡന്റുമാർ :

ജോസ് തോമസ് ഒഴുകയിൽ, വെള്ളയാംകുടി
സാബു കുന്നുംപുറത്ത്, മേരിലാന്റ്
ആഗ്നസ് ബേബി, വാഴത്തോപ്പ്
ജോളി ജോൺ, മരിയാപുരം

ഗ്ലോബൽ സമിതി പ്രതിനിധി: മാത്തുക്കുട്ടി കുത്തനാപ്പള്ളി വാഴത്തോപ്പ്
എക്സിക്യൂട്ടിവ് കമ്മിറ്റി :

ബേബി കൊടക്കല്ലിൽ, കരിമ്പൻ
അഗസ്റ്റിൻ പരത്തിനാൽ, വാഴത്തോപ്പ്
റ്റോമി ഇളംതുരുത്തിയിൽ, ഇടുക്കി
ഷാജി പുരയിടം, വാഴവര
റ്റോമി ജോസഫ് നെടുംകൊമ്പിൽ, കിളിയാർകണ്ടം
ജോയി വള്ളിയാംതടം, മരിയാപുരം
ഷാജി കുന്നുംപുറം, തങ്കമണി
ബെന്നി മൂക്കിലിക്കാട്ട്, ഉദയഗിരി

ജോസുകുട്ടി മണ്ണൂക്കുളം, കാൽവരിമൗണ്ട്
റ്റോമി കല്ലുവെട്ടത്ത്, നാരകക്കാനം
ബിനോയി കളത്തൂക്കുന്നേൽ, ഈട്ടിത്തോപ്പ്

വനിതാ കൗൺസിൽ :

റിൻസി സിബി, കരോട്ടുകുന്നേൽ വാഴത്തോപ്പ്
മിനി ഷാജി ആലപ്പാട്ട്, കാൽവരിമൗണ്ട്
ജോയിസ് ചുമ്മാർ തുണ്ടത്തിൽ നാരകക്കാനം

യൂത്ത് കൗൺസിൽ

ആദർശ് മാത്യു. ഈട്ടിത്തോപ്പ്
റ്റിറ്റോ കൂനംമാക്കൽ, വാഴത്തോപ്പ്
സെസ്സിൽ ജോസ്, ഈട്ടിത്തോപ്പ്
ജെയിസൺ ജോസ്, തോക്കുപാറ

## AKCC 27/24 യാത്രയയപ്പ് നൽകി

കഴിഞ്ഞ നാലു വർഷക്കാലം കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപത സമിതിക്ക് കരുത്തുറ്റ നേതൃത്വം നൽകി രൂപതാ ഡയറക്ടർ സ്ഥാനത്തു നിന്നും മാറിയ ബഹുമാനപ്പെട്ട ഫാ. ഫ്രാൻസിസ് ഇടവക്കണ്ടത്തിന് കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ പ്രതിനിധിസഭ സ്നേഹോഷ്മളമായ യാത്രയയപ്പ് നൽകി.

## AKCC 28/24 നേതൃത്വ ക്യാമ്പ്

കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ ഭാരവാഹികളുടെ നേതൃത്വ ക്യാമ്പ് ജൂൺ 25 ന് രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ കാൽവരിമൗണ്ടിൽ നടത്തപ്പെട്ടു.

## AKCC 29/24 വാർഷിക സമ്മേളനം

കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതയുടെ ഇരുപത്തിയൊന്നാമത് വാർഷിക സമ്മേളനം ജൂലൈ 13 ശനിയാഴ്ച ഉച്ച കഴിഞ്ഞ് 02:30ന് വാഴത്തോപ്പിൽ വച്ച് നടത്തപ്പെടും. ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യും. സാമുദായിക സാമൂഹിക മേഖലകളിലെ പ്രമുഖർ വിശിഷ്ടാതിഥികളായി സമ്മേളനത്തിൽ പങ്കെടുക്കും. എല്ലാ ഇടവകകളിൽ നിന്നും പ്രതിനിധികൾ ഈ വാർഷിക സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## AKCC 30/24 അമ്മയോടൊപ്പം എൻഡോവ്മെന്റ്

കത്തോലിക്കാ കോൺഗ്രസ് എല്ലാ വർഷവും വാർഷിക ആഘോഷദിനത്തിൽ നല്കുന്ന ശ്രീമതി ലീലാമ്മ തോമസ് ചേല

നിൽക്കുംതടത്തിൽ മെമ്മോറിയൽ അമ്മയോടൊപ്പം എൻഡോവ്മെന്റിന് അപേക്ഷ ക്ഷണിച്ചു. സാമൂഹിക സാമ്പത്തിക മേഖലയിൽ പിന്നോക്കം നിൽക്കുന്ന വിശ്വാസ തീക്ഷ്ണതയിൽ കുടുംബത്തെ മുന്നോട്ട് നയിക്കുന്ന വിധവയായ ഒരു അമ്മയ്ക്ക് നല്കുന്ന സമുദായത്തിന്റെ സ്നേഹവും കരുതലുമാണ് 'കത്തോലിക്കാ കോൺഗ്രസ് അമ്മയോടൊപ്പം എൻഡോമെന്റ്'(25000 രൂപയും പ്രശസ്തിപത്രവും) കൂടുതൽ വിവരങ്ങൾക്ക് കത്തോലിക്കാ കോൺഗ്രസ് രൂപതാ ഭാരവാഹികളുമായി ബന്ധപ്പെടുക

## AKCC 31/24 പ്രതിഭകളെ ആദരിക്കുന്നു.

സാമൂഹിക, സാമുദായിക, കലാസാംസ്കാരിക മേഖലകളിൽ മികച്ച നേട്ടങ്ങൾ കൈവരിച്ച ഇടുക്കി രൂപതാ അംഗങ്ങളെ 21-ാം വാർഷിക സമ്മേളനത്തിന്റെ ഭാഗമായിആദര ിക്കും.

# ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ്

## GSP 09/24

ജൂൺ 7 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് കാൽവരി മൗണ്ട് ഇടവകയിൽ പെയിൻ ആൻഡ് പാലിയേറ്റീവ് പരിശീലന യോഗം കൂടി. 40 ലധികം ആളുകൾ പങ്കെടുത്തു. സാന്ത്വന പരിചരണ ശുശ്രൂഷയുടെ പ്രസക്തി, നടത്തേണ്ട രീതി, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ വിവരിച്ചു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, ആനിമേറ്റർ സി. റോസിൻ ജോസ് എഫ്.സി.സി, ടോമി വെളിഞ്ഞാലിൽ, ജോസ് പൂതക്കുഴി എന്നിവർ നേതൃത്വം നൽകി. യൂണിറ്റ് ഭാരവാഹികളായി ഫാ. മനോജ് മണ്ണകത്ത്, സി. മേരിലിറ്റ് സി.എം.സി, ജോളി ജോർജ്, ലിജി മാത്യു തുടങ്ങിയവരെ തിരഞ്ഞെടുത്തു.

## GSP 10/24 രൂപതാ കമ്മിറ്റി

ജൂൺ 12 ന് മുരിക്കാശ്ശേരി എഫ്.സി.സി പ്രൊവിൻഷ്യൽ ഹൗസിൽ കൂടിയ രൂപതാ കമ്മിറ്റി അടുത്ത മൂന്ന് മാസത്തിനുള്ളിൽ പാറത്തോട്, മുരിക്കാശ്ശേരി, വാഴത്തോപ്പ്, തങ്കമണി തുടങ്ങിയ ഫൊറോനകൾ കേന്ദ്രീകരിച്ച് കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് രൂപരേഖതയ്യാറാക്കി.

# ആത്മജ്യോതി

## AJ. 10/24 വിവാഹ ഒരുക്ക കോഴ്സ്

2024 ഓഗസ്റ്റ് മാസത്തിലെ മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് 02, 03, 04 ( വെള്ളി, ശനി, ഞായർ) തീയതികളിലായി നടത്തപ്പെടുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്. ജൂലൈ മാസത്തിൽ വിവാഹ ഒരുക്ക സെമിനാർ ഉണ്ടായിരിക്കുന്നതല്ല.

www.atmajyothi.site

6235931254, 8078755919,

# കരുണ ഡിവൈൻ മേഴ്സി അനിമേഷൻ റിട്രീറ്റ് സെന്റർ, നെടുംകണ്ടം

## KAC. 30/24 ജൂലൈ മാസത്തെ പരിപാടികൾ

1. ജൂലൈ 12 വെള്ളി 6.30 pm മുതൽ 01.30 am വരെ യുവജ നങ്ങളുടെ നൈറ്റ് വിജിൽ.
2. ജൂലൈ 13 ശനി രാവിലെ 6 മുതൽ 5 വൈകുന്നേരം 6 വരെ അഖണ്ഡ ജപമാല.
3. ജൂലൈ 25 വ്യാഴം 5.pm മുതൽ 28 ഞായർ 3.00 pm വരെ ദൈവ കരുണയുടെ ധ്യാനം.
4. ജൂലൈ 26 വെള്ളി 6.30 pm മുതൽ 01.30 am വരെ സിസ്റ്റേഴ്സിന്റെ നൈറ്റ് വിജിൽ.

## KAC. 31/24 കാരുണ്യ സ്പർശം

എല്ലാ ശനിയാഴ്ചകളിലും 04.30 pm മുതൽ 08.30 pm വരെ വിശുദ്ധ കുർബാന, ജപമാല, വചന പ്രഘോഷണം, ആരാധന, നൊവേന, ദിവ്യകാരുണ്യ പ്രദക്ഷിണം, കൈവയ്പ് ശുശ്രൂഷ.

## KAC. 32/24 കുട്ടികൾക്കുള്ള കൺവൻഷൻ

എല്ലാ രണ്ടാം ശനിയാഴ്ചയും 09.30 am മുതൽ 01.30 pm വരെ. കൗൺസിലിംഗിനും കുമ്പസാരിക്കാനും സൗകര്യം ഉണ്ടായിരിക്കും.

# പ്രവാസി അപ്പോസ്റ്റലേറ്റ്

## PA. 04/24

ഇടുക്കി രൂപതാ പ്രവാസി അപ്പോസ്തലേറ്റ് ജർമ്മൻ ചാപ്റ്ററിന്റെയും രൂപതാ മീഡിയ കമ്മീഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 'ജർമ്മനി: തൊഴിൽ വിദ്യാഭ്യാസ സാധ്യതകൾ' എന്ന വിഷയത്തിൽ ജൂലൈ 6 ശനിയാഴ്ച വൈകുന്നേരം 6 മണി മുതൽ 7 മണി വരെ ഒരു വെബിനാർ സംഘടിപ്പിക്കുന്നു. 32 വർഷമായി ജർമ്മനിയിൽ മാധ്യമ പ്രവർത്തകനായി സേവനം അനുഷ്ഠിച്ചുവരുന്ന ശ്രീ. ജോസ് കുമ്പിളുവേലിൽ നേതൃത്വം നൽകും. താല്പര്യം ഉള്ളവർ 9633166984 എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് സന്ദേശം അയയ്ക്കുമല്ലോ.

## PA. 05/24

പ്രവാസി അപ്പോസ്തലേറ്റ് കമ്മ്യൂണിറ്റിയിൽ 40 രാജ്യങ്ങളിലായി ആയിരത്തിലേറെ അംഗങ്ങൾ ആയിരിക്കുന്നു.

ഡയറക്ടർ

## 1. ഡമാസ്കസിലെ രക്തസാക്ഷികൾ വിശുദ്ധ പദവിയിലേക്ക്

മതപീഡനത്തെ തുടർന്ന് രക്തസാക്ഷികളായ 11 പേരെ വിശുദ്ധ പദവിയിലേക്ക് ഉയർത്താൻ മാർപാപ്പ അനുവാദം നൽകി. ഡമാസ്കസ് നിവാസികളായ 8 ഫ്രാൻസിസ്കൻ സന്യാസികളും മാറോനീത്താ സഭാംഗങ്ങളായ 3 അത്മായരും മതപീഡനത്തെ തുടർന്ന് കൊല്ലപ്പെട്ടത് 1860 ൽ ആയിരുന്നു. 1860 ജൂലൈ 9 ന് രാത്രി അവരുടെ താമസ സ്ഥലത്ത് എത്തിയ അക്രമി അവരോട് തങ്ങളുടെ വിശ്വാസം ഉപേക്ഷിക്കാൻ ആവശ്യപ്പെട്ടു. അതിന് അവർ വിസമ്മതിച്ചപ്പോൾ 11 പേരേയും നിഷ്കരുണം വധിക്കുകയാണ് ഉണ്ടായത്. 1926 ഒക്ടോബർ 10 ന് വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കപ്പെട്ട 11 രക്തസാക്ഷികളാണ് ഏകദേശം നൂറു വർഷങ്ങൾക്ക് ശേഷം ഇപ്പോൾ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്നത്.

## 2. ഫ്രാൻസിൽ ദൈവവിളിക്ക് വസന്തകാലം: ഈ വർഷം തിരുപ്പട്ടം സ്വീകരിക്കാൻ തയാറെടുക്കുന്നത് 105 പേർ

യൂറോപ്യൻ രാജ്യമായ ഫ്രാൻസിൽ ദൈവവിളിക്ക് വസന്തകാലം. ഈ വർഷം തിരുപ്പട്ടം സ്വീകരിക്കാൻ 105 പേർ തയാറെടുക്കുന്നതായി ഫ്രഞ്ച് ബിഷപ്സ് കോൺഫറൻസ് അറിയിച്ചു. 2023-ൽ 88 നവവൈദികരാണ് അഭിഷിക്തരായത്. ഇതിനെ അപേക്ഷിച്ച് ഇരുപതോളം വൈദികരാണ് ഇത്തവണ അധികമായി തിരുപ്പട്ടം സ്വീകരിക്കുന്നത്. ബഹുഭൂരിപക്ഷം തിരുപ്പട്ട സ്വീകരണവും ഈ ജൂൺ മാസത്തിലാണ് നടക്കുക. ആഗോള കത്തോലിക്കാ സഭ വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളായി കൊണ്ടാടുന്ന ജൂൺ 29 ന് ഏറ്റവും അധികം തിരുപ്പട്ട സ്വീകരണം നടക്കുമെന്ന് ഫ്രഞ്ച് ബിഷപ്സ് കോൺഫറൻസ് വെളിപ്പെടുത്തി. അഭിഷിക്തരാകാനിരിക്കുന്ന 105 നവവൈദികരിൽ 73 പേർ രൂപതാ വൈദികരാണ്. വർദ്ധിച്ചു വരുന്ന മതേതരത്വ സമീപനമുള്ള ഫ്രഞ്ച് സമൂഹ

ത്തിനുള്ളിൽ സഭയിലെ വൈദികർക്ക് പ്രധാന ദൗത്യമാണുള്ള തെന്ന് ഓച്ചിലെ ആർച്ച് ബിഷപ്പും നിയുക്ത വൈദികർക്കും സഭാ ദൗത്യത്തിലെ സാധാരണക്കാർക്കുമുള്ള കൗൺസിൽ അംഗവുമായ ബെർട്രാൻഡ് ലാകോംബ് പറഞ്ഞു. നമ്മുടെ കാലത്തെ ആത്മീയ പ്രതീക്ഷകളോട് പ്രതികരിക്കുന്ന വൈദികർക്ക് ശുശ്രൂഷ നിർവ്വ ഹണത്തിന് ആശംസകൾ അറിയിക്കുകയാണെന്നും ആർച്ച് ബിഷപ്പ് കൂട്ടിച്ചേർത്തു.

## 3. പാപ്പായുടെ ജീവകാരുണ്യദൗത്യ ദിനം ജൂൺ മുപ്പതിന്

ഫ്രാൻസിസ് പാപ്പായുടെ ജീവകാരുണ്യ ദൗത്യങ്ങൾക്ക് സഹായസഹകരണങ്ങൾ നൽകുവാനുള്ള ആഹ്വാനവുമായി, ജൂൺ മാസം മുപ്പതാം തീയതി ജീവകാരുണ്യദിനമായി ആചരിക്കുന്നു. ചെറുതും വലുതുമായ എല്ലാ സംഭാവനകളും, ദുരിതമനുഭവിക്കുന്ന വരോട് അടുത്തിരിക്കാൻ ആഗ്രഹിക്കുന്ന പത്രോസിന്റെ പിൻ ഗാമിയുടെ പ്രവർത്തനത്തിന് ഒരു പ്രധാന പിന്തുണയാണ്. യുദ്ധ ങ്ങൾ, അനീതികൾ, ദാരിദ്ര്യം എന്നിവയ്ക്ക് ഇരയായവർക്ക് എപ്പോഴും കൈത്താങ്ങായി നിൽക്കുന്ന ഫ്രാൻസിസ് പാപ്പായുടെ ജീവിതം പലപ്പോഴും ലോകമാധ്യമങ്ങൾ വരെ റിപ്പോർട്ട് ചെയ്തി ട്ടുണ്ട്. മനുഷ്യജീവിതത്തിന്റെ പവിത്രതയ്ക്കും വ്യക്തിയുടെ അന്ത സ്സിനും നേരെയുള്ള ആക്രമണങ്ങളാൽ ഏറെ നാശം സംഭവിച്ച ഒരു ലോകത്തിൽ, സാർവത്രികമായ ഒരു സാഹോദര്യം കെട്ടിപ്പടുക്കു വാനുള്ള ഫ്രാൻസിസ് പാപ്പായുടെ ദൗത്യത്തിന്റെ ഭാഗമാണ് ഈ ജീവകാരുണ്യപ്രവർത്തനങ്ങൾ. നിരവധി പ്രയാസകരമായ സാഹ ചര്യങ്ങളിൽ പോലും തന്നെ സഹായിക്കുവാൻ മുന്നിട്ടിറങ്ങിയ എല്ലാവരോടും ഫ്രാൻസിസ് പാപ്പാ തന്റെ ഹൃദയംഗമമായ നന്ദിയർ പ്പിച്ചു. കഷ്ടതകൾ അനുഭവിക്കുന്ന ആളുകളെ സഹായിക്കുന്നത് സുവിശേഷമൂല്യമാണെന്നിരിക്കെ, അവയിൽ എല്ലാവരുടെയും സഹകരണവും പാപ്പാ അഭ്യർത്ഥിക്കുന്നു.

## 4. മുഴുവൻ വൈദ്യുതിയും സൗരോർജ്ജത്തിൽ നിന്ന്: സമ്പൂർണ്ണ പരിസ്ഥിതി സൗഹൃദ രാജ്യമാകാൻ വത്തിക്കാൻ

വത്തിക്കാന്റെ ആവശ്യങ്ങൾക്ക് വേണ്ടിയുള്ള മുഴുവൻ വൈദ്യുതിയും സൗരോർജ്ജത്തിൽനിന്ന് ഉത്പാദിപ്പിക്കാൻ നിർദ്ദേശം നൽകിക്കൊണ്ട് ഫ്രാൻസിസ് പാപ്പ. ജൂൺ 21-ന് "ഫ്രത്തെല്ലോ സോളെ" അഥവാ 'സൂര്യസഹോദരൻ' എന്ന പേരിൽ എഴുതിയ അപ്പസ്തോലിക ലേഖനത്തിലാണ് ഇക്കാര്യം സൂചിപ്പിച്ചിരിക്കുന്നത്. റോമിന്റെ പ്രാന്തപ്രദേശത്തുള്ള സാന്താ മരിയ ദി ഗലേറിയയിൽ സോളാർ പാനലുകൾ സ്ഥാപിച്ചുകൊണ്ടാണ് പരിശുദ്ധ സിംഹാസനത്തിന് ആവശ്യമായ മുഴുവൻ വൈദ്യുതിയും സൗരോർജ്ജത്തിൽ നിന്ന് ലഭ്യമാക്കുക.

ഇതിനായി പ്രത്യേക ഉന്നതോദ്യോഗസ്ഥരെയും പാപ്പാ നിയമിച്ചു. അവിടെയുള്ള റേഡിയോ സ്റ്റേഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ട വൈദ്യുതി ഉൾപ്പെടെ ഇതിൽനിന്ന് ലഭ്യമാക്കുമെന്ന് വത്തിക്കാൻ ന്യൂസ് റിപ്പോർട്ട് ചെയ്യുന്നു. പരിസ്ഥിതിക്ക് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാക്കിക്കൊണ്ടിരിക്കുന്ന ആഗോളതാപനം പോലെയുള്ള പ്രതിഭാസങ്ങൾക്ക് കടിഞ്ഞാണിടുന്നതിന്റെയും ആവശ്യകത ചൂണ്ടിക്കാട്ടി 2015 മെയ് 24-ന്, 'ലൗദാത്തോ സി' എന്ന ചാക്രികലേഖനം പാപ്പ പുറത്തിറക്കിയിരുന്നു.

പരിസ്ഥിതിക്ക് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാക്കിക്കൊണ്ടിരിക്കുന്ന ആഗോളതാപനം പോലെയുള്ള പ്രതിഭാസങ്ങൾക്ക് കടിഞ്ഞാണിടുന്നതിന്റെ ഭാഗമായി, പെട്രോൾ പോലെയുള്ള ഫോസിൽ ഇന്ധനങ്ങളുടെ ഉൽപാദനത്തിലും ഉപയോഗത്തിലും നിയന്ത്രണം കൊണ്ടുവരേണ്ടതിന്റെയും, ജീവിതശൈലിയിൽ മാറ്റങ്ങൾ വരുത്തേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ച് ഇതിൽ പരാമർശമുണ്ടായിരുന്നു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ഐക്യരാഷ്ട്രസഭ ഒരുക്കിയ ഉടമ്പടി പരിശുദ്ധ സിംഹാസനവും അംഗീകരിച്ചത് 2022 ജൂലായ് 6-നായിരുന്നുവെന്ന് പാപ്പ അനുസ്മരിച്ചു.

ഇത്തരമൊരു നീക്കം വഴി, മറ്റു രാജ്യങ്ങളെപ്പോലെ, നമ്മുടെ പൊതുഭവനമായ ഭൂമിയ്ക്കും മാനവികതയ്ക്കും നേരെ കാലാവസ്ഥ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികൾക്ക് ഉത്തരവാദിത്വ പരമായും, തങ്ങളുടേതായ കഴിവനുസരിച്ചും ഉത്തരം നൽകാനുള്ള ശ്രമമാണ് താൻ നടത്തിയതെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. ഹരിതഗൃഹ വാതകഉത്പാദനം കുറയ്ക്കുന്നത് ലക്ഷ്യമാക്കിയുള്ള വികസന മാതൃകയിലേക്ക് നാമെല്ലാവരും മാറേണ്ടതുണ്ടെന്ന് പാപ്പാ തന്റെ അപ്പസ്തോലിക ലേഖനത്തിൽ എഴുതി.

ഭൂമി ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന പാരിസ്ഥിതിക പരിവർ ത്തനങ്ങളെയും, ധാർമ്മിക, സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ രംഗ ങ്ങളിൽ അത് സൃഷ്ടിക്കാൻ സാധ്യതയുള്ള ഗുരുരമായ പ്രത്യാഘാത ങ്ങളെയും നേരിടാൻ ആവശ്യമായ സാങ്കേതിക മാർഗ്ഗങ്ങൾ മാനവ സമൂഹത്തിനു മുന്നിൽ ഉണ്ടെന്നും അത്തരം സാങ്കേതിക മാർഗ്ഗ ങ്ങളിൽ അടിസ്ഥാനപരമായ ഒന്ന് സൗരോർജ്ജമാണെന്നും പാപ്പാ കുറിച്ചു. ഈ ചിന്തകളുടെ അടിസ്ഥാനത്തിലാണ് വത്തിക്കാൻ രാജ്യ ത്തിന്റെ ഗവർണറേറ്റിന്റെ പ്രസിഡന്റ് എന്ന നിലയിലും, പരിശുദ്ധ സിംഹാസനത്തിന്റെ മുഴുവൻ പൈതൃക സ്വത്തും കൈകാര്യം ചെയ്യാൻ ഉത്തരവാദിത്വമുള്ള പ്രസിഡന്റ് എന്ന നിലയിലും, വത്തി ക്കാൻ രാജ്യത്തിന്റെ സമ്പൂർണ്ണ ഊർജ്ജോത്പാദനത്തിനായുമുള്ള പദ്ധതി നടപ്പിലാക്കാൻ പാപ്പാ നിർദ്ദേശം നൽകിയിരിക്കുന്നത്.

# വൈദികരുടെ വാർഷിക ധ്യാനത്തിന്റെ വിജയത്തിനായുള്ള പ്രാർത്ഥന

*"നീതി ജലം പോലെ ഒഴുകട്ടെ; സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലുപോലെയും" (ആമോസ് 5:24).*

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു, സ്തുതിക്കുന്നു, അങ്ങേയ്ക്ക് നന്ദി പറയുന്നു. അങ്ങ് ഞങ്ങൾക്കായി ഒരുക്കുന്ന എല്ലാ അനുഗ്രഹങ്ങളെയും നന്ദിയോടെ ഓർക്കുന്നു. ഇടുക്കി രൂപതയിലെ എല്ലാ വൈദികരേയും അങ്ങയുടെ തൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് ജൂലൈ മാസത്തിൽ നടക്കുന്ന വൈദികർക്കായുള്ള വാർഷികധ്യാനത്തിന്റെ വിജയത്തിനുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ധ്യാനം നയിക്കുന്ന അഭിവന്ദ്യ പ്രിൻസ് പാണേങ്ങാടൻ പിതാവിനെയും, ധ്യാനത്തിൽ പങ്കെടുക്കുന്ന എല്ലാ വൈദികരേയും പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ നിറയ്ക്കേണമേ. ധ്യാന ശുശ്രൂഷകളേയും അതിനായുള്ള എല്ലാ ക്രമീകരണങ്ങളേയും ആശീർവ്വദിക്കണമേ. ഒരു പുതിയ പന്തക്കുസ്ത അനുഭവം ഞങ്ങളുടെ അജപാലകരിൽ നിറച്ച് അതുവഴി ഞങ്ങളുടെ ഇടവകയെയും, രൂപതയെയും അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും ആമ്മേൻ.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.



ഇടുക്കി രൂപതാ കെ സി വൈ എം 2024-2025 പ്രവർത്തന വർഷ
ഉദ്ഘാടനം മോൺ ജോസ് പ്ലാച്ചിക്കൽ നിർവഹിക്കുന്നു



ഇടുക്കി രൂപതാ വിശ്വാസപരിശീലനം, മിഷൻലീഗ്
തിരുബാലസഖ്യം 2024-2025 പ്രവർത്തന വർഷ ഉദ്ഘാടനം
മോൺ. ജോസ് പ്ലാച്ചിക്കൽ നിർവഹിക്കുന്നു



ഇടുക്കി രൂപതാ കത്തോലിക്കാ കോൺഗ്രസിന്റെ പുതിയ ഭാരവാഹികൾ

Sahyanadham
Annual Subscription Rs. 350.00
Date of Publication: 01/07/2024

Reg. No. KL / IDK / 08 / 2022-2024
RNI Reg No. KERMAL / 2004 / 12498




"വാർധക്യത്തിൽ എന്നെ തള്ളിക്കളയരുതേ!
ബലം ക്ഷയിക്കുമ്പോൾ എന്നെ ഉപേക്ഷിക്കരുതേ!"
(സങ്കീ. 71 : 9)



ഇടുക്കി രൂപതാ മാതൃവേദി നടത്തിയ
ബൈബിൾ കയ്യെഴുത്തു മത്സരത്തിൽ പങ്കെടുത്തവർ
അഭി. പിതാവിനോടൊപ്പം

## പ്രാർത്ഥനാ നിയോഗം ജൂലൈ 2024



രോഗീലേപന കൂദാശ സ്വീകരിക്കുന്നവർക്കും അവരുടെ പ്രിയപ്പെട്ടവർക്കും കർത്താവിന്റെ ശക്തി ലഭിക്കുന്നതിനായും അതുവഴി അവർ കരുണയുടെയും പ്രത്യാശയുടെയും ദൃശ്യമായ അടയാളമായി മാറുന്നതിനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

Printed at St. Martha's Offset Printers, Murickassery- 685 604
Editor, Printer, Publisher, Rev. Fr. James Bishop's House, Idukki- 685 602